
# അഞ്ചൽ വല്യച്ചൻ

അഥവാ

# ഫാദർ സി. കെ. മത്തായി





www.malankaralibrary.com

# അഞ്ചൽ വല്യച്ചൻ

അഥവാ

## റവ. ഫാ. സി. കെ. മത്തായി

www.malankaralibrary.com

Malayalam

**ANCHAL VALIACHAN**
or
**REV. FR. C. K. MATHAI**

**By Fr. C. M. George**

©Rights Reserved
First Published
August 1996

Cover Design:
**Sajan**

Typesetting:
**IMPRINT, KOLLAM-8**

Printed at
**ASSISI PRESS, QUILON**

Published by the Author

Price: Rs. 30/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അഞ്ചൽ വല്യച്ചൻ
## അഥവാ
# റവ. ഫാ. സി. കെ. മത്തായി

ഫാ. സി. എം. ജോർജ്
അഞ്ചൽ

www.malankaralibrary.com

മതസേവനം ചെയ്തിരുന്ന ഒരു നല്ല മനുഷ്യനുണ്ടായിരുന്നു; നഗരത്തിലെ പാവപ്പെട്ട ഒരു വികാരി. പക്ഷേ പരിശുദ്ധമായ ചിന്തകളെയും പ്രവൃത്തികളെയും സംബന്ധിച്ചിടത്തോളം അദ്ദേഹം ധനികനായിരുന്നു. അദ്ദേഹം ഒരു പണ്ഡിതൻ കൂടിയായിരുന്നു, വിശ്വസ്തതയോടെ ക്രിസ്തുവിന്റെ വചനം പ്രസംഗിക്കുന്ന ഒരു വൈദികൻ. തന്റെ ഇടവകക്കാരെ വിശ്വാസതീക്ഷ്ണതയോടെ അദ്ദേഹം പഠിപ്പിച്ചിരുന്നു. അദ്ദേഹം ദയാലുവായിരുന്നു. അദ്ഭുതകരമായ ചുറുചുറുക്കുള്ളവൻ. ആപത്തിൽ വലിയ ക്ഷമയുള്ളവൻ. മിക്കപ്പോഴും അദ്ദേഹം അങ്ങനെയായിരുന്നു. ദശാംശം നൽകാത്ത കാരണത്താൽ ഒരു വിശ്വാസിയെ സഭയ്ക്ക് പുറത്താക്കുന്നത് അദ്ദേഹത്തിനു പ്രാണസങ്കടമായിരുന്നു. സഭയുടെ സഹായനിധിയിൽ നിന്നോ തന്റെ തന്നെ അല്പധനത്തിൽ നിന്നോ പാവപ്പെട്ട ഒരു ഇടവകക്കാരനെ സഹായിക്കാൻ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടു. ഇല്ലായ്മയിൽ അദ്ദേഹം തൃപ്തി കണ്ടെത്തി അദ്ദേഹത്തിന്റെ ഇടവക വിസ്തൃതമായിരുന്നു. വിശ്വാസികളുടെ വീടുകൾ അവിടവിടെയായി ചിതറിക്കിടന്നു. ഇടിവെട്ടോ പെരുമഴയോ വകവയ്ക്കാതെ എത്ര അകലെക്കിടക്കുന്ന ഒരു വീടായാലും-അതു ധനികന്റെയായാലും പാവപ്പെട്ടവന്റെയായാലും-അവർ രോഗിയായിരിക്കുകയോ ദൗർഭാഗ്യത്തിൽപ്പെട്ടിരിക്കുകയോ ചെയ്യുമ്പോൾ കയ്യിൽ ഊന്നുവടിയുമെടുത്ത് കാൽനടയായി ചെന്നു സന്ദർശിക്കാൻ മറന്നിരുന്നില്ല. പഠിപ്പിക്കുന്നതിനുമുമ്പ് സ്വയം ആചരിച്ചുകാട്ടുന്ന ഉദാത്തമായ മാതൃകയായിരുന്നു അദ്ദേഹം തന്റെ അജഗണങ്ങൾക്ക് നൽകിയത്. സ്വർണ്ണത്തിനു തുരുമ്പെടുക്കുമെങ്കിൽ ഇരുമ്പിന്റെ കാര്യം പറയണോ എന്ന ഉപമ വേദപുസ്തകഭാഗത്തോടു ചേർത്ത് അദ്ദേഹം പഠിപ്പിച്ചിരുന്നു. എന്തെന്നാൽ നാം വിശ്വാസമർപ്പിച്ചിരിക്കുന്ന ഒരു പുരോഹിതൻ തെറ്റിപ്പോകുമെങ്കിൽ ഒരു അല്മായൻ കുറ്റം ചെയ്യുന്നത് അദ്ഭുതമല്ല.

ചോസർ: കാന്റർബറി ടെയിൽസ് (14-ാം നൂറ്റാണ്ട്)
വിവർത്തനം: ഡോ. പി. എം. ജോസഫ്

www.malankaralibrary.com

# അവതാരിക

സർവ്വജനവിഭാഗങ്ങളെയും ദൈവത്തിനു സാക്ഷികളാക്കുക എന്ന അഭൗമികയാഗമാണ് സഭാസംസ്ഥാപനത്തിലൂടെ ക്രിസ്തു സമർപ്പിച്ചത്. ക്രിസ്തു സഭയെ ഭരമേല്പിച്ച ആ പ്രേഷിത ദൗത്യം ഇനിയും പൂർത്തിയായിട്ടില്ലെന്നു സഭ ഉത്കണ്ഠയോടെ മനസ്സിലാക്കുന്നു. ക്രിസ്തുവിന്റെ സന്ദേശം എന്തെന്നു കേട്ടിട്ടില്ലാത്ത ജനകോടികളുണ്ട്. അനേകമനേകം സംസ്ക്കാരങ്ങളിലേക്കു ആ സന്ദേശം കടന്നുചെന്നിട്ടില്ല. അതിനാൽ ക്രിസ്തുവിന്റെ സന്ദേശ പ്രചരണമാണ് സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം.

"സുവിശേഷ പ്രഘോഷണം സഭയെ സംബന്ധിച്ചിടത്തോളം ഐച്ഛികമായ ഒരു സംരംഭമല്ല. ജനങ്ങൾ വിശ്വസിച്ച് രക്ഷനേടുന്നതിനുവേണ്ടി ദിവ്യനാഥന്റെ കല്പനവഴി സഭയെ ഭരമേല്പിച്ചിട്ടുള്ള ഒരു കർത്തവ്യമാണ്. ഈ കർത്തവ്യ നിർവ്വഹണം സഭയ്ക്ക് അനിവാര്യമത്രെ. അതിനു പകരം മറ്റൊന്നില്ല. ഈ നിർവ്വഹണത്തിൽ നിസ്സംഗതയോ, ഒത്തു തീർപ്പുമനോഭാവമോ അനുനയമോ അവലംബിക്കുക സാധ്യമല്ല. മനുഷ്യന്റെ നിത്യരക്ഷയും ദൈവാവിഷ്ക്കാരത്തിന്റെ മനോഹാരിതയും ഇതു പ്രകടമാക്കുന്നു................ പ്രേഷിതന്റെ മുഴുവൻ കഴിവും സമയവും അതിനുവേണ്ടി പ്രതിഷ്ഠിക്കുവാനും വേണ്ടി വന്നാൽ ജീവൻ ബലിയർപ്പിക്കുവാനും ഇത് അവനു ശക്തി നല്കുന്നുണ്ട്." (പോൾ ആറാമൻ: സുവിശേഷ പ്രഘോഷണം-5)

ഒരു വശത്ത് ക്രിസ്തുവിനെ സ്വീകരിക്കാത്തവരോടു സുവിശേഷം നിരന്തരം പ്രസംഗിക്കുക, മറുവശത്ത് ക്രിസ്ത്യാനികളെ ക്രിസ്തീയതയുടെ അടിത്തറയിൽ പൂർണ്ണമായും വളർത്തുക-മറ്റു വാക്കുകളിൽ ലോകത്തെ സുവിശേഷവത്ക്കരിക്കുക, അതേ സമയം ക്രിസ്ത്യാനികളെ വീണ്ടും സുവിശേഷവത്ക്കരിക്കുക: ഈ സുവിശേഷവത്ക്കരണപ്രക്രിയ സഭയുടെ വിശുദ്ധവും

www.malankaralibrary.com

സുപ്രധാനവുമായ ജോലിയാണ്.

യേശു ജീവിച്ചതും പ്രവർത്തിച്ചതും ഈ ലക്ഷ്യത്തിനുവേണ്ടിയായിരുന്നു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്നു പ്രസംഗിച്ചു കൊണ്ടാണ് യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത്. (മാർക്കോ 1:15)

അവിടന്ന് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റി നടന്ന് സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും കാരുണ്യവും പ്രഘോഷിച്ചു. സിനഗോഗുകളിൽ പഠിപ്പിച്ചും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ വിധ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ യേശു ചുറ്റി സഞ്ചരിച്ചു. (മത്തായി 4: 23-25)

"ദൈവരാജ്യത്തിന്റെ സുവിശേഷം ഞാൻ പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണു ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (ലൂക്കാ 4:43)

"ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്; ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേയ്ക്കു വന്നതും - സത്യത്തിനു സാക്ഷ്യം നൽകാൻ" (യോഹ 18:37)

യേശു ആ ദൗത്യം അപ്പോസ്തലൻമാരെ ഭരമേല്പിക്കുന്നു.

"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി: 28:18-20)

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മാർ: 16:15)

സുവിശേഷപ്രഘോഷണദൗത്യം സഭ അപ്പസ്തോലന്മാരിൽ നിന്നു സ്വീകരിക്കുന്നു.

"പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ചു എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (ലൂക്കാ :24:47). മക്കെദോനിയക്കാരെ സുവിശേഷമറിയിക്കാൻ ദൈവം പൗലോസിനെയും സഹപ്രവർത്തകരെയും വിളിച്ചിരിക്കുന്നതായി പൗലോസിനു ദർശ

www.malankaralibrary.com

നമുണ്ടാകുന്നു. (അപ്പോ. പ്രവർത്തി 16: 9-10)

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കോറി 9:16) എന്ന വിശുദ്ധ പൗലോസിന്റെ പ്രമാണസൂക്തം സഭയുടെ വിളിയുടെ സ്വഭാവം വ്യക്തമാക്കുന്നു.

ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുന്നതിനും ശിരസ്സായ ക്രിസ്തുവിലേയ്ക്ക് എല്ലാ വിധത്തിലും നാം വളരേണ്ടതിനുമായി ഒരോരുത്തർക്കും വരം നൽകപ്പെട്ടിരിക്കുന്നു. (എഫേ 4: 11-16)

എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യം അറിയണമെന്നും ഇച്ഛിക്കുന്ന ദൈവത്തിന്റെ ഇഷ്ടം മാത്രമാണു സുവിശേഷ വൽക്കരണത്തിന്റെ അടിസ്ഥാനവും ആവശ്യവുമെന്നു വത്തിക്കാൻ കൗൺസിൽ സമർത്ഥിക്കുന്നു. (പ്രേഷിതപ്രവർത്തനം 7)

ക്രിസ്തീയ ജീവിതത്തിലേയ്ക്കുള്ള വിളി സുവിശേഷപ്രഘോഷണത്തിനുള്ള വിളിയാണ്.

"സഭ സ്വഭാവത്താലെ തന്നെ പ്രേഷിതയാണ്" (പ്രേഷിത പ്രവർത്തനം 2) കാരണം, പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാരൂപിയുടെയും പ്രേഷിത പ്രവർത്തനത്തിൽ നിന്നാണു അവളുടെ ഉത്ഭവം.

പുത്രനെ പിതാവ് അയച്ചതുപോലെ പുത്രൻ അപ്പോസ്തലന്മാരെ അയച്ചു (യോഹ 20:21). യേശു ശിഷ്യരെ വിളിച്ചതും പരിശീലിപ്പിച്ചതുമെല്ലാം പ്രേഷിതദൗത്യവുമായി അയയ്ക്കപ്പെടുന്നതിനാണ്. (മാർക്കോ 3:13-19; 6:7-13; ലൂക്കാ 6:6-11; 9:1-6; മത്തായി 10:1-15)

പൗലോസ് തന്റെ മാനസാന്തരകഥ പറയുന്നതിലൂടെ തന്റെ വിളിയുടെ സ്വഭാവം വ്യക്തമാക്കുന്നു (നടപടി 22:6-15). വ്യക്തമായി തന്റെ തെരഞ്ഞെടുപ്പിനെയും വിളിയെയും പറ്റി സംസാരിക്കുന്നു. (ഗലാ 1:15-16) "അത് അയയ്ക്കപ്പെടാൻ വേണ്ടിയായിരുന്നു; വിജാതീയരുടെ ഇടയിൽ അവന്റെ പുത്രനെപ്പറ്റി പ്രസംഗിക്കുവാൻ". ഈ സാഹചര്യത്തിലാണ് "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കോറി 9:16-17) എന്നു പൗലോസ് പ്രഘോഷിക്കുന്നത്.

മനുഷ്യരാശി പുതിയൊരു വ്യവസ്ഥിതിയിലേയ്ക്ക് – ശാസ്ത്രവും സാങ്കേതിക വിദ്യകളും യുക്തിവാദവും ആധുനിക മനഃശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളും ജന്മം നൽകുന്ന പുത്തൻചിന്താഗതിയും പുതിയ ജീവിതദർശനങ്ങളും

www.malankaralibrary.com

സൃഷ്ടിച്ച വ്യവസ്ഥിതിയിലേയ്ക്ക് - പ്രവേശിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായ സഭ, യേശുവിൽ എല്ലാം സമാഹരിക്കുന്നതിനു വേണ്ടി അടിയന്തിരമായി ക്ഷണിക്കപ്പെടുന്നു.

"സകലജനങ്ങളോടും സുവിശേഷം പ്രസംഗിക്കുക എന്ന കർത്തവ്യം സഭയുടെ അടിസ്ഥാന ദൗത്യമാണെന്ന വസ്തുത ഒരിക്കൽകൂടി ഉറപ്പിച്ചു പ്രഖ്യാപിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു". എന്ന് 1974-ലെ മെത്രാന്മാരുടെ സിനഡിന്റെ സമാപനസന്ദേശത്തിൽ വെളിവാക്കുന്നു. സഭയുടെ അസ്തിത്വം തന്നെ സുവിശേഷവൽക്കരണത്തിനു വേണ്ടിയാണ്. (മതബോധനം ഇന്ന് No. 14).

ചുരുക്കത്തിൽ, ദൈവജനത്തിന്റെ മൗലികദൗത്യം സുവിശേഷ പ്രചാരണമാണെന്നു "പ്രേഷിതപ്രവർത്തനം" എന്ന വത്തിക്കാൻ കൗൺസിൽ രേഖ സമർത്ഥിക്കുന്നു. സുവിശേഷ പ്രചാരണത്തിന്റെ അനിവാര്യത പുതിയ വേദോപദേശം സംശയാതീതമായി ഉദ്ബോധിപ്പിക്കുന്നു. (Catechism of the Catholic Church 4: 849-856)

കേരളസഭയ്ക്കു മിഷൻ പ്രവർത്തനത്തിന്റെ വ്യാപകവും ദീർഘവുമായ ചരിത്രമില്ല. വൈദികരും സന്യാസസഭാംഗങ്ങളും പ്രേഷിതപ്രവർത്തനത്തിനുവേണ്ടി പുറത്തേക്ക് പോകാൻ തുടങ്ങിയത് അടുത്തകാലത്താണ്. അല്മായരുടെ കാര്യം പറഞ്ഞാൽ പ്രേഷിതദൗത്യവുമായി ആരെങ്കിലും ഇരുപതാം നൂറ്റാണ്ടിനുമുമ്പ് പുറത്തേയ്ക്കു പോയതായി കേരളസഭാചരിത്രത്തിൽ കാണുമോ? അല്മായരെ എന്തിന് കുറ്റം പറയണം? കേരളത്തിലെ സഭാനേതൃത്വവും പുരോഹിതസമൂഹം തന്നെയും - കേരളത്തിൽ നിലനിന്നിരുന്ന ജാതി സാമുദായികാടിസ്ഥാനത്തിലുള്ള സാമൂഹിക ചുറ്റുപാടിൽ - കേരളത്തിനു പുറത്തേക്കു മിഷനറിമാരെ അയക്കാൻ വേണ്ടത്ര താല്പര്യം കാണിച്ചിരുന്നില്ല. കേരളത്തിൽതന്നെയും മിഷൻ പ്രവർത്തനം ജാതിസാമുദായിക ബന്ധനങ്ങളിൽ നിന്നും പൂർണ്ണമായും മോചിതമല്ലായിരുന്നു. അല്മായരുടെ പ്രേഷിതപ്രവർത്തനത്തിനു വേണ്ട ഉത്തേജനം നൽകാൻ ഹയരാർക്കി സംഘടിത സംവിധാനങ്ങൾക്ക് രൂപം നൽകിയതും അടുത്ത കാലത്താണ്. നമുക്കു കിട്ടിയ വിശ്വാസദീപം ഒരർത്ഥത്തിൽ പറയുടെ കീഴിൽ വച്ചിരുന്നു. ഭാഗ്യത്തിനു ദീപം പൊലിഞ്ഞില്ലെന്നു മാത്രം.

www.malankaralibrary.com

ഈ പശ്ചാത്തലത്തിലാണ് കേരളത്തിനകത്തെങ്കിലും തീവ്രമായ മിഷൻ പ്രവർത്തനം നടത്തിയ പുരോഹിത ശ്രേഷ്ഠന്മാരെ നന്ദിയോടെ ഓർക്കുക. പുരോഹിതൻ, പണ്ഡിതനായാലും സാമൂഹിക സാംസ്ക്കാരിക നേതാവായാലും മറ്റനവധി ശ്രേഷ്ഠവരങ്ങളാൽ അനുഗ്രഹീതനായാലും, സുവിശേഷത്തിന്റെ ദീപശിഖ ശോഭയോടെ കത്തിജ്വലിക്കാൻ തീവ്രമായി പരിശ്രമിക്കുന്ന മിഷനറിയാകുമ്പോഴാണ് പൗരോഹിത്വത്തിന്റെ ആകർഷകമായ ദിവ്യമസൃണത വ്യക്തമാക്കുക. കൃപാവരങ്ങളുടെ വൈവിധ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും തൊട്ടുപിന്നാലെയാണ് സുവിശേഷ പ്രഘോഷകരെ ഉൾപ്പെടുത്തിയിരിക്കുന്നത് (എഫേ 4:11). പീലിപ്പോസിനെയും (അപ്പോ. പ്രവർ 21:8) തിമോത്തിയോസിനെയും (2 തിമോ 4:5) സുവിശേഷ പ്രസംഗകരെന്നാണ് വിശേഷിപ്പിക്കുന്നത്. സുവിശേഷ പ്രഘോഷണത്തിലൂടെ മിഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ യേശുവിന് സാക്ഷ്യം വഹിക്കുമ്പോഴാണ് ശിഷ്യൻ ഗുരുവിനു പ്രിയങ്കരനാകുന്നത് (1 യോഹ: 1:14; സുവിശേഷ പ്രഘോഷണം -5)

അഞ്ചൽ കേന്ദ്രമാക്കി പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അഞ്ചൽ വല്യച്ചൻ അഥവാ ഫാദർ സി. കെ. മത്തായി ഈ നൂറ്റാണ്ടിലെ പ്രമുഖരായ കേരള ക്രൈസ്തവ മിഷനറിമാരുടെ മുൻനിരയിലാണ്. ആ കഥയുടെ, അപൂർണ്ണമെങ്കിലും, തിളക്കമാർന്ന ചിത്രമാണ് മത്തായിയച്ചന്റെ മകൻ ഫാദർ സി. എം. ജോർജ് ഈ ഗ്രന്ഥത്തിലൂടെ വരച്ചിരിക്കുന്നത്. "അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളും" പൗലോസിന്റെ ലേഖനങ്ങളും വായിക്കുമ്പോൾ, യേശുവിനു പൂർണ്ണമായും സമർപ്പിച്ചുകൊണ്ട് വിശ്രമമില്ലാതെ അഹോരാത്രം സുവിശേഷ പ്രഘോഷണം എന്ന ഏക ദൗത്യവുമായി ഓടിനടന്നിരുന്ന മിഷനറിയായ പൗലോസിന്റെ ചിത്രമാണ് നമ്മൾ കാണുക. പൗലോസിന്റെ മാതൃക തന്നെയാണ് എല്ലാ മിഷനറിമാരും അനുകരിക്കാൻ ആഗ്രഹിക്കുക. സുവിശേഷ പ്രസംഗത്തിലൂടെയും മിഷൻ പ്രവർത്തനങ്ങളിലൂടെയുമല്ലാതെ യേശുവിനു ശിഷ്യത്വത്തിന്റെ അർഹമായ വില നൽകാൻ ഒരു ശിഷ്യനും ആവില്ല. (Catechism of the Universal Church : 858)

മത്തായിയച്ചന്റെ ഡയറിയിൽ നിന്നു അദ്ദേഹത്തിന്റെ ചില ദിവസങ്ങളിലെ മിഷൻപ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ഈ ഗ്രന്ഥത്തിൽ

www.malankaralibrary.com

ചേർത്തിട്ടുണ്ട്. (P37കാണുക). അതു വായിക്കുമ്പോൾ സുവിശേഷ സന്ദേശവുമായി ഓടിനടന്ന പൗലോസ് അപ്പോസ്തലനെ ഓർത്തു പോകും. ദിവസം മുഴുവൻ സുവിശേഷ പ്രഘോഷണത്തിനു വേണ്ടി മാറ്റി വച്ച ഒരു മിഷനറിയുടെ കഥയാണ് മത്തായിയച്ചന്റെ ജീവിതം. വിവാഹിതനും പതിനൊന്ന് മക്കളുള്ള വലിയൊരു കുടുംബത്തിന്റെ പിതാവുമായിരുന്ന മത്തായിയച്ചൻ കുടുംബത്തോടുള്ള കടപ്പാട് നിറവേറ്റികൊണ്ട്, ഇത്ര തീവ്രമായി മിഷൻ പ്രവർത്തനങ്ങൾ നടത്താൻ എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഓർത്തഡോക്സ് സഭയിൽ ജനിച്ച് വളർന്ന് പൗരോഹിത്യം സ്വീകരിച്ച മത്തായിയച്ചൻ ഒടുവിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു കൂടുതൽ തീവ്രതയോടെ മിഷൻ പ്രവർത്തനങ്ങൾ തുടർന്നപ്പോൾ സ്വാഭാവികമായും നേരിടേണ്ടി വന്ന എതിർപ്പുകൾ നിസ്സാരമായിരുന്നിരിക്കില്ല. അന്നത്തെ സാമൂഹിക ചുറ്റുപാടുകളിൽ അനുഭവിച്ച മാനസിക പിരിമുറുക്കവും വലുതായിരുന്നിരിക്കണം. എല്ലാം സഹിച്ച്, മനസ്സാന്നിധ്യത്തോടെ, മുന്നോട്ടു നീങ്ങിയ മിഷനറിയായിരുന്നു മത്തായിയച്ചൻ. ക്രിസ്തുനാഥനെപ്പോലെ "ദാരിദ്ര്യത്തിന്റെയും സഹനത്തിന്റെയും മാർഗ്ഗത്തിലൂടെ മുമ്പോട്ടു നീങ്ങുമ്പോഴാണ്", "അകമേയും പുറമേയും നിന്ന് തന്നെ ഞെരുക്കുന്ന മർദ്ദനങ്ങളെയും വിഷമതകളെയും ശാന്തതയോടും സ്നേഹത്തോടും കൂടി അതിജീവിക്കാൻ ഉത്ഥാനം ചെയ്ത നാഥന്റെ ശക്തി വിശേഷത്തിൽ ശക്തി ആർജ്ജിക്കുമ്പോഴാണ്" (തിരുസഭ : 8) രക്ഷാകർമ്മത്തിന്റെ ഫലം മനുഷ്യരാശിക്കു പകരുന്ന ദൗത്യത്തിൽ സഭ - മിഷനറി - വിജയം കൈവരിക്കുക. ഈ സത്യം സ്വാംശീ കരിച്ചവരാണ് യഥാർത്ഥ മിഷനറിമാർ. മത്തായിയച്ചന്റെ പ്രവർത്തനങ്ങൾക്കും ഊർജ്ജം പകർന്നതും ഈ സത്യാവബോധം തന്നെ.

മാർ ഇവാനിയോസ് തിരുമേനി 1930 സെപ്റ്റംബർ 30-ാം തീയതി കൊല്ലം മെത്രാസനമന്ദിരത്തിൽ വച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു ഏതാനും മാസങ്ങൾക്കു മുമ്പ് തന്നെ മത്തായിയച്ചൻ കത്തോലിക്കാ സഭാംഗമായിതീർന്നു എന്നു ഓർക്കുമ്പോൾ, പ്രേഷിത പ്രവർത്തന വ്യഗ്രതകൾക്കിടയിലും, വലിയൊരു കുടുംബത്തിന്റെ ബാദ്ധ്യത നിറവേറ്റുന്ന ബുദ്ധിമുട്ടുകളുടെ മധ്യത്തിലും "നിങ്ങൾ ഒരേ പ്രതീക്ഷയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നതു പോലെ ഒരു ശരീരവും ഒരേ ആത്മാവും മാത്രമേയുള്ളു;

www.malankaralibrary.com

ഒരു കർത്താവും ഒരു വിശ്വാസവും (എഫേ 4: 4-5) എന്തു കൊണ്ടെന്നാൽ ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. കാരണം നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു (ഗലാ 3: 27-28) എന്ന പഠനം പത്രോസിന്റെ പിൻഗാമികളുടെ ആദ്ധ്യക്ഷത്തിലുള്ള സഭാ നേതൃത്വത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് മനസ്സിലാക്കാൻ സദാ ശ്രമിച്ചുകൊണ്ടിരുന്ന സത്യാന്വേഷകനായിരുന്നു അദ്ദേഹം എന്നാണല്ലോ നമ്മൾ മനസ്സിലാക്കുക.

1930 മുതൽ 1952 വരെ കൊല്ലം രൂപതയിലെ അംഗമായിരുന്നു കൊണ്ടാണ് അച്ചൻ മിഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. അതിനുമുമ്പ് ഓർത്തഡോക്സ് സഭയിൽ മിഷനറിയായിരുന്നു അച്ചൻ. അദ്ദേഹത്തിന്റെ മിഷൻ ചൈതന്യത്തെയും തത്ഫലമായി സഭയ്ക്കുണ്ടായ നേട്ടങ്ങളെയും കൊല്ലം രൂപതാധ്യക്ഷന്മാരായ അഭിവന്ദ്യ ബെൻസിഗർ പിതാവും ജെറോം തിരുമേനിയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. അഞ്ചൽ-പുനലൂർ പ്രദേശങ്ങളിലെ മിഷൻ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്ന കൊല്ലം രൂപതയിലെ ഒട്ടനവധി വൈദികർ മത്തായിയച്ചന്റെ വിജയകരമായ മിഷൻ പ്രവർത്തനങ്ങൾക്കു സാക്ഷികളായിട്ടുണ്ട്.

മത്തായിയച്ചൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കാൻ ഈ ഗ്രന്ഥം വളരെ പ്രയോജനപ്പെടും. അന്നത്തെ ഓർത്തഡോക്സ് സഭയുടെ ചരിത്രം പഠിക്കാനും മത്തായിയച്ചന്റെ ജീവിതവും ഡയറിക്കുറിപ്പുകളും സഹായകമാകും. പുനരൈക്യത്തിനു മുമ്പും പിമ്പുമുള്ള പല സംഭവങ്ങളും വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ ഇതിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും പര്യാപ്തമാണ്. പുനരൈക്യത്തിനു ശേഷമുള്ള തിരുവനന്തപുരം അതിരൂപതാ മിഷൻപ്രവർത്തനങ്ങളും കുറച്ചൊക്കെ ഈ ഗ്രന്ഥത്തിൽ നിന്നു മനസ്സിലാക്കാം. അഞ്ചൽ-പുനലൂർ പരിസര പ്രദേശങ്ങളിലുള്ള സുറിയാനി കത്തോലിക്കരുടെ കുടിയേറ്റത്തിന്റെയും തുടർന്നുള്ള സഭയുടെ വളർച്ചയുടെയും വിവരങ്ങൾ അറിയാനും ഈ ഗ്രന്ഥം ഉപകരിക്കും. ഇരുപത് യാക്കോബായ കത്തോലിക്കാ പള്ളികളുടെ ആരംഭചരിത്രം രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്നത് വിലപ്പെട്ട ചരിത്ര രേഖയാണ്. ദളിതരുടെ സാമൂഹിക ദുരവസ്ഥയും അവരുടെ മത പരിവർത്തനവുമെല്ലാം ഈ ഗ്രന്ഥത്തിൽ പ്രതിപാദ്യവിഷയമാണ്. ആദ്യകാലങ്ങളിൽ സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്തെല്ലാം

www.malankaralibrary.com

ബുദ്ധിമുട്ടുകളിലൂടെയാണ് സഭ ആരംഭിച്ചതെന്ന് മനസിലാക്കാനും മത്തായിച്ചന്റെ ഡയറിക്കുറിപ്പുകളും പ്രവർത്തന ചരിത്രവും നമ്മെ സഹായിക്കുന്നു.

ക്രിസ്തുവിന്റെ ചൈതന്യത്തിന് യോജിച്ച വിധത്തിൽ അദ്ധ്യേതാക്കളെ രൂപപ്പെടുത്തുന്ന കൃത്യത്തിലും അധ്യാപനകലയിലും വിജ്ഞാനസമ്പാദനത്തിലും മുൻപന്തിയിൽ നിലയുറപ്പിച്ച അധ്യാപകശ്രേഷ്ഠനാണ് ഫാദർ സി. എം. ജോർജ്ജ്. അധ്യാപകനും പ്രിൻസിപ്പലും എന്ന നിലയിൽ കേരളസംസ്ഥാനം മുഴുവനും നിറഞ്ഞുനിന്നപ്പോഴും, തന്റെ അനുഗ്രഹീതനായ പിതാവിന്റെ കാല്പാടുകളെ വിശ്വസ്തതയോടെ പിൻതുടർന്നു പ്രേഷിതപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയ പുരോഹിതനായിരുന്നു അദ്ദേഹം. അധ്യാപകവൃത്തി ഒരു തൊഴിൽ മാത്രമല്ല, ആധുനിക കാലഘട്ടത്തിനു ഏറ്റവും യോജിച്ചതും ആവശ്യവുമായ പ്രേഷിത ജോലികൂടിയാണെന്നും സഹപ്രവർത്തകരെ സദാ ഉദ്ബോധിപ്പിച്ചിരുന്ന സഭാസ്നേഹിയുമായിരുന്നു അച്ചൻ. എല്ലാ വിഭാഗീയ ചിന്തകൾക്കും അതീതമായി പൗരോഹിത്യകൂട്ടായ്മ കാത്തുസൂക്ഷിക്കുന്ന സർവ്വാദരണീയനായ മാതൃകാപുരോഹിതനാണ് ഫാദർ സി. എം. ജോർജ്ജ്. പ്രസംഗിച്ചും എഴുതിയും പഠിപ്പിച്ചും ഇന്നും പ്രേഷിത വൃത്തിയിൽ സദാവ്യാപൃതനാണ് അദ്ദേഹം.

ഫാദർ സി. എം. ജോർജ്ജ് കേരളസഭയ്ക്കും സമൂദായത്തിനും വിലപ്പെട്ട സംഭാവനയാണ് ഈ ഗ്രന്ഥരചനയിലൂടെ നൽകിയിരിക്കുന്നത്. കടന്നുപോയ നമ്മൂടെ പൂർവ്വികൻമാരുടെ ചരിത്രം - യേശുവിനും സുവിശേഷത്തിനും നൽകിയ വില - നമ്മുടെ വിശ്വാസ പൈതൃകത്തിൽ അഭിമാനം കൊണ്ട് യേശുവിനു സാക്ഷ്യം നൽകാൻ നമുക്കു എന്നു പ്രേരകമാകും. ഈ ഗ്രന്ഥം വഴി ഒരു ചെറിയ തോതിലെങ്കിലും അങ്ങനെയൊരു സാക്ഷ്യത്തിനു അനുവാചകന് ഇടവരുമെങ്കിൽ ഫാദർ സി. എം. ജോർജ്ജിന്റെ ഈ സംഭാവന അമൂല്യമാണ്. ക്രൈസ്തവ വിശ്വാസികളും വൈദികരും വിശിഷ്യ ചരിത്ര സാമൂഹ്യ പഠിതാക്കളും സഹർഷം ഈ ഗ്രന്ഥം സ്വാഗതം ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

അഭിമാനപുരസ്സരം ഈ ഗ്രന്ഥം ഞാൻ അവതരിപ്പിക്കുന്നു.

കൊല്ലം, തങ്കശ്ശേരി **മൊൺ(ഡോ) ഫെർഡിനാൻഡ് കായാവിൽ**
30-05-'96

www.malankaralibrary.com

# ആമുഖം

നീണ്ട വെള്ളളോഹ ധരിച്ച്, പള്ളികളിൽ നിന്നും പള്ളികളിലേക്ക് സൈക്കിളിൽ `പറന്ന്' സഞ്ചരിച്ചുകൊണ്ടിരുന്ന താടിക്കാരനായ ഒരു ക്രിസ്തീയ വൈദികന്റെ രൂപം ഈ നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ അഞ്ചൽ നിവാസികൾക്ക് സുപരിചിതമായിരുന്നു. അഞ്ചലിൽ ജനിച്ച്, ആയുഷ്ക്കാലം മുഴുവൻ അഞ്ചലിൽ വൈദിക വൃത്തി അനുഷ്ഠിച്ച്, അഞ്ചലിന്റെ മണ്ണിൽ ഭൗതികാവശിഷ്ടം ലയിച്ചുചേർന്ന റവ. ഫാദർ സി. കെ. മത്തായി `അഞ്ചൽ അച്ചൻ' എന്ന പേരിനു തികച്ചും അർഹനാണ്. അദ്ദേഹത്തിന്റെ പിൻതലമുറക്കാരായ മററു വൈദികരുമുള്ളതുകൊണ്ട് `അഞ്ചൽ വല്യച്ചൻ' എന്നത്രെ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. കൊല്ലം ജില്ലയിൽപ്പെട്ട പത്തനാപുരം താലൂക്കിലെ അഞ്ചലിന്റെ ഒരു അനർഘരത്നമായിരുന്നു അദ്ദേഹം.

`അഞ്ചലിലെ ഒന്നാംസാർ' എന്നറിയപ്പെട്ടിരുന്ന ചങ്ങരം പള്ളിൽ കോരുതു വാദ്ധ്യാരുടെ നാലാമത്തെ പുത്രനായി കൊല്ല വർഷം 1071 കർക്കടകം 20-ാം തീയതി സ്മര്യ പുരുഷൻ ഭൂജാതനായി. എ. ഡി. 1952 ആഗസ്ററ് 23 നു (1128 ചിങ്ങം 8) ഇഹലോകവാസം വെടിയുകയും ചെയ്തു. അദ്ദേഹവുമായി അടുത്ത ബന്ധമുണ്ടായിരുന്ന രണ്ടു മാന്യവ്യക്തികളുടെ അനുസ്മരണങ്ങൾ ലഘുപത്രികയായി 1977 ൽ പ്രസിദ്ധം ചെയ്തിരുന്നു. എന്റെ സഹോദരൻ ശ്രീ. സി. കുര്യാക്കോസും

www.malankaralibrary.com

വന്ദ്യഗുരുഭൂതൻ ശ്രീ. പി. ജി. എം. ദാസും അന്നു എഴുതിത്തന്ന ഓർമ്മക്കുറിപ്പുകളെ ആസ്പദമാക്കിയാണ് എന്റെ വന്ദ്യപിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഇപ്പോൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം രചിക്കുന്നത്. അവയാകട്ടെ അപ്പച്ചന്റെ ഡയറിക്കുറിപ്പുകളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ളവയുമാണ്. രണ്ടാം ഭാഗത്തിൽ പ്രസ്തുത ഡയറിക്കുറിപ്പുകൾ നേരിട്ടു ഉദ്ധരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. (അവസാനത്തെ പത്തുവർഷത്തെ ഡയറികൾ (1942-52) എങ്ങനെയോ നഷ്ടമായിപ്പോയതുകൊണ്ട് അക്കാലഘട്ടത്തെപ്പററി പൊതുവെ പരാമർശിക്കുന്നതിനേ സാധിച്ചിട്ടുള്ളു.)

യാക്കോബായ (ഓർത്തഡോക്സ്) സഭയിലെ പട്ടക്കാരനെന്നനിലയിൽ അഞ്ചലിലും പരിസരപ്രദേശങ്ങളിലുമുള്ള പന്ത്രണ്ടു പള്ളികളുടെ വികാരിയായിട്ടാണ് കഥാപുരുഷൻ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നതു. 1930-ൽ കത്തോലിക്കാസഭയിലെ വൈദികനായി ത്തീർന്നതിനുശേഷം ലാററിൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ മൂന്നു വിഭാഗങ്ങളിലെയും വൈദികരും വിശ്വാസികളുമായി അദ്ദേഹം ഉററബന്ധം പുലർത്തിയിരുന്നു. വാസ്തവത്തിൽ, അഞ്ചലിലെ ക്രൈസ്തവസഭാ ചരിത്രത്തിലെ പല സുപ്രധാന സംഭവങ്ങൾക്കും അദ്ദേഹം സാക്ഷിയായിരുന്നു. അവയൊക്കെ ദിവസേന കുറിച്ചിട്ടിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ ഇവിടത്തെ ക്രൈസ്തവചരിത്രത്തിലെ സുപ്രധാന രേഖകൾ ഉൾക്കൊള്ളുന്ന ഒരു അമൂല്യഖനിയാണ്. അതിൽനിന്നു ഖനനം ചെയ്തെടുത്ത അയിരുകൾ അധികം സംസ്ക്കരികാതെതന്നെ പൊതുജനസമക്ഷം അവതരിപ്പിക്കുകയാണ്.

കൊല്ലം രൂപതയെ ഭരിച്ചിരുന്ന മെത്രാന്മാർ തുടർച്ചയായി കഥാപുരുഷനെക്കുറിച്ചു നടത്തിയിട്ടുള്ള പരാമർശങ്ങൾ ഇവിടെ പകർത്തുന്നതു സംഗതമായിരിക്കുമെന്ന് കരുതുന്നു. രൂപതാദ്ധ്യക്ഷനായ ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയബെൻസിഗർ തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ വികാരിജനറൽ മൊൺസിഞ്ഞോർ ബെർണ്ണർഡിൻ ഓ. സി. ഡി ആയിരുന്നു സി. കെ. മത്തായി അച്ചനെ 1930-ൽ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചതു്. എന്നാൽ പ്രസ്തുത സംഭവത്തിനു ശേഷം ബെൻസിഗർ തിരുമേനി എഴുതിയ ഒരു കത്തിൽ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്: (വിവർത്തനം എന്റേതു) "എന്റെ അസാന്നിദ്ധ്യത്തിൽ രണ്ടു യാക്കോബായ വൈദികർ നമ്മുടെ തിരുസഭയിലേക്കു

www.malankaralibrary.com

സ്വീകരിക്കപ്പെട്ടു. ഭക്തരെന്നു കരുതപ്പെടുന്ന അവർ അല്പം പഠനത്തിനും ഒരുക്കത്തിനും ശേഷം സഭയ്ക്കു പ്രയോജനപ്പെടുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അവരിലൊരാൾ താൻ വസിക്കുന്ന അഞ്ചലിനു ചുററും ഏകദേശം 500 പേരെ ഇതിനകം മാനസാന്തരപ്പെടുത്തുന്നതിനു വളരെ സഹായിച്ചിട്ടുണ്ട്." (മരിയേല്ലി ബെൻസിഗർ, "ആർച്ച് ബിഷപ്പ് ബെൻസിഗർ" അമേരിക്ക 1977, പേജ് 460)

കാലം ചെയ്ത നി. വ. ദിവ്യശ്രീ ജെറോം ഫെർണാണ്ടസ് തിരുമേനി ഇടവക സന്ദർശന വേളയിൽ ഇപ്രകാരം എഴുതി: "വികാരി പ്രേഷിത തീക്ഷ്ണതയിൽ പ്രശംസാർഹനാണ്." (ഇടവക മെമ്മോറാണ്ടം N0. 2907/45 കൊല്ലം 26-4-1945)

മറ്റൊരവസരത്തിലയച്ച കത്തിൽ ഇങ്ങനെയെഴുതിയിട്ടുണ്ട്: "അങ്ങയുടെ മോശമായ ആരോഗ്യസ്ഥിതിയും പ്രായാധിക്യവും വകവയ്ക്കാതെ ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നതു ഞാൻ യഥാർത്ഥത്തിൽ വിലമതിക്കുന്നു." (കത്തു N0. 40 65/46 കൊല്ലം 14 നവംബർ 1946)

കൊല്ലം ബിഷപ്പായിരുന്നതിനുശേഷം തിരുവനന്തപുരം ലാററിൻ രൂപതയുടെ പ്രഥമമെത്രാനായിരുന്നു അന്തരിച്ച നി. വ. ദിവ്യശ്രീ വിൻസെന്റ് ദെരേരെ തിരുമേനിയുടെ ഒരു കത്തിൽനിന്ന്: "അങ്ങയെക്കണ്ടിട്ടു വളരെ നാളായെങ്കിലും അഞ്ചലിൽ, കുന്നിൽ ചുവട്ടിൽ താമസിച്ചുകൊണ്ട്, വിശാലമായ അഞ്ചൽ ഡിസ്ട്രിക്റ്റിൽ പ്രവർത്തിക്കുന്ന അങ്ങയുടെ രൂപം എന്റെ മനസ്സിലുണ്ട്." (12 മാർച്ച് 1949)

എനിക്കയച്ചുതന്ന അനുശോചന സന്ദേശത്തിൽ നിന്ന്:

"അങ്ങയുടെ പ്രിയ പിതാവ് റവ. ഫാ. സി. കെ. മത്തായി യെക്കുറിച്ച് എനിക്ക് വളരെയധികം മതിപ്പുണ്ടായിരുന്നു"(24 ആഗസ്റ്റ് 1952)

മററു അനുശോചനസന്ദേശങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. 1952 സെപ്ററംബർ 6-ന് ദീപിക ദിനപ്പത്രം വലിയ പ്രാധാന്യം കൊടുത്തു ശവസംസ്ക്കാരത്തിന്റെ ഫോട്ടോസഹിതം പ്രസിദ്ധപ്പെടുത്തിയ ലേഖനവും അന്യത്ര ചേർക്കുന്നു.

17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന സാമുവൽ പെപ്പിസും ജോൺ ഇവ്ലിനും 18-ാം നൂറ്റാണ്ടിൽ ജോൺ വെസ്ലിയും അവരുടെ ഡയറികൾ വിശ്വസാഹിത്യത്തിന്റെ ഭാഗമാക്കിത്തീർത്തിട്ടുണ്ട്. മലയാളസാഹിത്യ ചരിത്രത്തിൽ ഡയറിയെഴുത്ത് കാര്യമായ ചലനങ്ങൾ

www.malankaralibrary.com

സൃഷ്ടിച്ചതായി അറിവില്ല. എന്നുവരികിലും ഓരോരുത്തരും എഴുതിവച്ചിട്ടുള്ള ഡയറിക്കുറിപ്പുകൾ ഓരോ കാലഘട്ടത്തിന്റെ ചരിത്രത്തിന്റെ അവിഭാജ്യഘടകമാണ്. അങ്ങനെ നോക്കുമ്പോൾ ഈ എളിയ ഗ്രന്ഥത്തിനും ചരിത്രപരമായ ഒരു സ്ഥാനമുണ്ടെന്നു കരുതുന്നു.

ഒരു ക്രൈസ്തവ വൈദികനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജീവചരിത്രം ക്രൈസ്തവ ദേവാലയങ്ങളുമായി ഗാഢബന്ധം പുലർത്തുന്നുണ്ടെന്നു പറയുന്നതിൽ തെറ്റില്ല. അക്കാരണത്താലാണ് ക്രൈസ്തവ ദേവാലയങ്ങളെ കേന്ദ്രമാക്കി ഈ ഗ്രന്ഥവും രചിച്ചിരിക്കുന്നത്. അഞ്ചൽ പ്രദേശത്തെ ക്രൈസ്തവ ദേവാലയങ്ങളുടെ ഒരു സമ്പൂർണ്ണ ചരിത്രരചനയ്ക്ക് ഇതു സഹായകമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു.

പൗരോഹിത്യ ശുശ്രൂഷയുടെ സിംഹഭാഗവും കൊല്ലം രൂപതയിൽ ചെലവഴിച്ചശേഷം പ്രസ്തുത രൂപതയിലെ വൈദികനായിത്തന്നെ ചരമമടഞ്ഞ കഥാനായകന്റെ ജീവചരിത്രം അവതരിപ്പിക്കുന്നത് കൊല്ലത്തെ വൈദികരിൽ എന്തുകൊണ്ടും പ്രമുഖനായ മൊൺസിഞ്ഞോർ ഫെർഡിനാൻഡ് കായാവിൽ ആണ്. കൊല്ലം നഗരത്തിലെ രണ്ടു വൻ സ്ഥാപനങ്ങളായ ബെൻസിഗർ ആശുപത്രിയുടെയും ഇൻഫന്റ് ജീസസ് ഹൈസ്ക്കൂളിന്റെയും സംരഥിയായി പൊതുരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കായാവിലച്ചൻ എന്റെ ഒരുത്തമ സുഹൃത്ത് കൂടിയാണ്. അദ്ദേഹത്തിന്റെ പല സംരംഭങ്ങളിലും പങ്കാളിയാകാൻ എന്നെ ക്ഷണിച്ചിട്ടുള്ളതും അഭിമാനപൂർവ്വം ഓർക്കുന്നു. പ്രൗഢഗംഭീരമായ ഒരു അവതാരിക എഴുതിത്തന്നു എന്നെ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന മൊൺസിഞ്ഞോറിന് അകമഴിഞ്ഞ കൃതജ്ഞതയർപ്പിക്കുന്നു.

ഈ ഗ്രന്ഥ രചനയിൽ എന്നെ സഹായിച്ച എന്റെ സഹോദരൻ ശ്രീ സി. കുര്യാക്കോസിനോടും ഭാഷാശുദ്ധി വരുത്തിത്തന്ന ഡോ. പി.എം. ജോസഫിനോടും കൈയെഴുത്തുപ്രതി പകർത്തിയെഴുതിയ എന്റെ ഭാഗിനേയി ശ്രീമതി സൂസൻ വർഗ്ഗീസിനോടുമുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഇതിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച കൊല്ലം അസ്സീസി പ്രസ് ഭാരവാഹികളോടും ഇംപ്രിൻറ് ബുക്സിനോടും നന്ദിപറയുന്നു.

അഞ്ചൽ
29-8-1996

ഫാദർ സി. എം. ജോർജ്ജ്

www.malankaralibrary.com

# ഒന്നാം ഭാഗം

www.malankaralibrary.com

# പശ്ചാത്തലം

## കൊല്ലം ജില്ല

മദ്ധ്യതിരുവിതാംകൂറിൽപ്പെട്ട പ്രധാനമായ ഒരു ജില്ലയാണ് കൊല്ലം. പഴയ തിരുവിതാംകൂർ സംസ്ഥാനം തെക്കൻ ഡിവിഷനെന്നും വടക്കൻ ഡിവിഷനെന്നും രണ്ടായി വിഭജിക്കപ്പെട്ടിരുന്നപ്പോൾ തെക്കൻ ഡിവിഷന്റെ തലസ്ഥാനം കൊല്ലം ആയിരുന്നു. കാലക്രമത്തിൽ ഭരണ സൗകര്യത്തിനുവേണ്ടി സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എന്നു മൂന്നു ഡിവിഷനായി തിരിച്ചു. 1949-ൽ തിരുകൊച്ചി സംസ്ഥാനം രൂപം കൊണ്ടപ്പോൾ ഡിവിഷൻ ജില്ലയും ഡിവിഷൻ പേഷ്ക്കാർ കളക്ടറുമായി. അന്നു കൊല്ലം ജില്ലയിൽ 12 താലൂക്കുകൾ ഉണ്ടായിരുന്നു. 1956-ൽ ചെങ്കോട്ട മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി. അതോടൊപ്പം ചെങ്ങന്നൂർ ഒരു പുതിയ താലൂക്കായി. 1957-ൽ ആലപ്പുഴ ജില്ല നിലവിൽ വന്നു. 1983-ൽ പത്തനംതിട്ട ജില്ലയുടെ ആവിർഭാവത്തോടുകൂടി കൊല്ലം ജില്ലയിൽ അഞ്ചു താലൂക്കുകൾ മാത്രം അവശേഷിച്ചു. (കടപ്പാട്. പി. ഭാസ്ക്കരനുണ്ണി "കൊല്ലത്തിന്റെ ചരിത്രം" കൊല്ലം, 1994, പേജ് 12)

## പത്തനാപുരം താലൂക്ക്

കൊല്ലം ജില്ലയിൽ ഉൾപ്പെട്ടിരുന്ന താലൂക്കുകൾ വിസ്തൃതിയിലും ജനസാന്ദ്രതയിലും വ്യത്യസ്തങ്ങളായിരുന്നു. വിസ്തൃതിയിൽ രണ്ടാമത്തേതും ജനസാന്ദ്രതയിൽ കുറവുള്ളതുമായ ഒരു താലൂക്കാണ് പത്തനാപുരം. ഫലഭൂയിഷ്ഠവും, പ്രകൃതിരമണീയതകൊണ്ട് അനുഗ്രഹീതവുമായിരുന്നുവെങ്കിലും ആധുനിക കാലത്തിനു വേണ്ടതായ സൗകര്യങ്ങളുടെ കുറവായിരിക്കാം ജനങ്ങളെ പ്രസ്തുത സ്ഥലത്തേക്ക് അധികം

www.malankaralibrary.com

ആകർഷിക്കാതിരുന്നത്. ധനവാന്മാരും ഇടത്തരക്കാരുമായ ഭൂസ്വത്തുടമകളായിരുന്നു ഈ താലൂക്കിലെ ജനസംഖ്യയിൽ ഭൂരിഭാഗവും. പാവപ്പെട്ടവരും ഇല്ലാതിരുന്നില്ല. അവരുടെ സംഖ്യ തുലോം കുറവായിരുന്നു. കർഷകവൃത്തിയായിരുന്നു എല്ലാവരുടെയും പ്രധാനതൊഴിൽ. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതരസൗകര്യങ്ങളും അന്നു നന്നേകുറവായിരുന്നു. ഈ പരിമിതികളൊക്കെ കണക്കിലെടുത്തായിരിക്കണം ഈ പ്രദേശത്തെ "കാട്ടുപത്തനാപുരം" എന്നു അവജ്ഞയോടെ വിളിച്ചിരുന്നത്.

## അഞ്ചൽ

പത്തനാപുരം താലൂക്കിന്റെ തെക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന അഞ്ചൽ എന്ന സ്ഥലം കമനീയമായ ഭൂപ്രകൃതിയാലും ഫലപുഷ്ടിയാലും അനുഗ്രഹിക്കപ്പെട്ടതായിരുന്നു. അഞ്ചുചേരികൾ ഉൾപ്പെട്ടിരുന്ന സ്ഥലമായതുകൊണ്ടാണ് അഞ്ചൽ എന്ന പേര് ഈ സ്ഥലത്തിനുണ്ടായതെന്ന് പറയപ്പെടുന്നു. മറ്റൊരഭിപ്രായത്തിൽ അഞ്ചൽ എന്ന വാക്കിന്റെ രണ്ടാംഭാഗം 'ചൊൽ' എന്നാകയാൽ അഞ്ചു ചൊല്ലുകൾ അഥവാ 'ഐഞ്ചൊൽ' അഞ്ചൽ എന്നു വന്നതായി കരുതുന്നു.* (ഡോ. പി. വിനയചന്ദ്രൻ 'ഒരുതുള്ളി വെളിച്ചം' അഞ്ചൽ, 1994)

"അഞ്ചായ തർക്കത്തിനു ലക്ഷ്യമായോ
രഞ്ചൽ പ്രദേശം സുഖവാസകേന്ദ്രം"
(അഞ്ചൽ ആർ. വേലുപ്പിള്ള)

ധനവാന്മാരും സംസ്കൃത ചിത്തരുമായ ബ്രാഹ്മണ, നായർ, ഈഴവ വിഭാഗങ്ങളിൽപെട്ട ഹിന്ദുമതവിശ്വാസികളും മുസ്ലീങ്ങളുമായിരുന്നു ഈ പ്രദേശത്തെ താമസക്കാരിൽ അധികവും. ഒരു വട്ടിച്ചന്തയും ഒരു കന്നുകാലിച്ചന്തയും ഒഴിച്ചാൽ ഈ പ്രദേശം അവികസിതമായ മറ്റു പല പ്രദേശങ്ങളെക്കാൾ വ്യത്യസ്തമല്ലായിരുന്നു. (പി. ഭാസ്ക്കരനുണ്ണി രചിച്ച 'കൊല്ലത്തിന്റെ ചരിത്ര'ത്തിൽ "പന്ത്രണ്ടു വർഷത്തിലൊരിക്കൽ മുടിയെടുപ്പുത്സവം കൊണ്ടാടുന്ന ഭഗവതിക്ഷേത്രമുള്ള അഞ്ചൽ" എന്നു പറഞ്ഞിരിക്കുന്നു. പേജ് 14)

---

*(അഞ്ചുചൊല്ലുകൾ അഥവാ തർക്കങ്ങൾ ചുവടെ ചേർക്കുന്നു:
1. അഞ്ചൽ കുളം ചിറയോ കുളമോ?
2. വടമൺകാഞ്ഞിരം കയ്ക്കുമോ മധുരിക്കുമോ?
3. വയലിൽ തേവർ നട വയലിലോ കരയ്ക്കോ?
4. അഗസ്ത്യക്കോട്ടുമുനി ആണോ പെണ്ണോ?
5. കുറുമക്കാട്ടുപിള്ള ഇല്ലമോ സ്വരൂപമോ?

www.malankaralibrary.com

കഥാപുരുഷന്റെ ഡയറിക്കുറിപ്പിൽനിന്നും പകർത്തിയെഴുതിയ ഒരു ശ്ലോകം താഴെ ചേർക്കുന്നു:

"അഞ്ചലെ നക്കുടപ്പാമ്പിൻ കൈയിട്ടാൽ വാഴിയെ
അനവരതമീരാമകതൈയകമകിഴേവാൻ വാഴിയെ
ചെഞ്ചൊൽ മൊഴി നൂറ്റഞ്ചും ചെപ്പിനവൻ വാഴിയെ
ചേരലർ കോൻ ചെങ്കമലത്തിരുവടികൾ വാഴിയെ"
(1117 തുലാം 23)

ഇതിന്റെ വ്യാഖ്യാനം ആർക്കും പിടികിട്ടാതെയിരിക്കുകയാണ്.

## കുടുംബം

### ഒന്നാം സാർ

തിരുവിതാംകൂറിന്റെ ചില പ്രദേശങ്ങൾ വിദ്യാഭ്യാസപരമായി മുന്നേറിക്കൊണ്ടിരുന്നു. ഇതു മനസ്സിലാക്കിയ അഞ്ചൽ നിവാസികൾ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടിയുള്ള പ്രയത്നം ആരംഭിക്കുകയും ചെയ്തു. വിദ്യാഭ്യാസം നന്നേ കുറഞ്ഞിരുന്ന കാലമായിരുന്നതിനാൽ ഒരു അദ്ധ്യാപകനെ കിട്ടുക തികച്ചും ദുഷ്ക്കരമായിരുന്നു. സമീപപ്രദേശങ്ങളിലെല്ലാം ബന്ധപ്പെട്ടവർ അന്വേഷണം നടത്തിയതിന്റെ ഫലമായി കൊട്ടാരക്കര പുരാതനമായ കൈപ്പടയ്ക്കൽ കുടുംബത്തിലെ യുവാവായ ഒരു വിദ്യാസമ്പന്നനെ കണ്ടുമുട്ടി. പ്രസ്തുത യുവാവ് ഒരു അദ്ധ്യാപകനാകാനുള്ള യോഗ്യത സമ്പാദിച്ചിരുന്നതിനാൽ അദ്ദേഹത്തെ അഞ്ചൽ നിവാസികൾ ക്ഷണിക്കുകയും അദ്ദേഹം അത് സന്മനസ്സോടുകൂടി സ്വീകരിക്കുകയും ചെയ്തു. അവരുടെ ആഗ്രഹപ്രകാരം അദ്ദേഹം അഞ്ചലിൽ എത്തുകയും, ആദ്യമായി അവിടെ ഒരു വിദ്യാലയം ആരംഭിക്കുകയും ചെയ്തു. പടിപടിയായി ഈ സ്ഥാപനം ഒരു പൂർണ്ണ പ്രൈമറി വിദ്യാലയമാവുകയും പ്രസ്തുത അദ്ധ്യാപകൻ അവിടത്തെ പ്രധാനാദ്ധ്യാപകനാവുകയും ചെയ്തു. പ്രധാനാദ്ധ്യാപകൻ അക്കാലത്ത് 'ഒന്നാം സാർ' എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹമാണ് അഞ്ചലിലെ ഒന്നാം സാർ എന്നറിയപ്പെട്ടിരുന്ന ചങ്ങരം പള്ളിൽ കോരുതു വാദ്ധ്യാർ. കോരുതുസാർ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടതിനു ശേഷം വിവാഹിതനാകുകയും അഞ്ചൽ നിവാസികളുടെ ആഗ്രഹത്തെ മാനിച്ച് 1053-ൽ അഞ്ചൽ തന്റെ സ്ഥിരതാമസത്തിന് തിരഞ്ഞെടുക്കുകയും ചെയ്തു. ആയൂർ അഞ്ചൽ

www.malankaralibrary.com

റോഡിനും കടയ്ക്കൽ അഞ്ചൽ റോഡിനും ഇടയ്ക്ക് ഇത്തിക്കരയാറിനു വടക്കുള്ള വിസ്തൃതമായ വനഭൂമി അദ്ദേഹം സർക്കാരിൽ നിന്നും പതിച്ചെടുത്തു. ആദ്യം ആയൂർ അഞ്ചൽ റോഡിന് സമീപം താമസമാക്കിയെങ്കിലും പില്ക്കാലത്ത് കൃഷി സൗകര്യം പരിഗണിച്ച് ഇത്തിക്കരയാറിന്റെ തീരത്തുള്ള ആനപ്പുഴയ്ക്കലേക്ക് താമസം മാറ്റി.

അക്കാലത്ത് അഞ്ചൽ പ്രദേശത്ത് ക്രിസ്ത്യാനികൾ തുലോം കുറവായിരുന്നു. തൻമൂലം ക്രിസ്തീയ ദേവാലയങ്ങളും ഉണ്ടായിരുന്നില്ല. അതീവ ഭക്തനായിരുന്ന കോരുതു സാറിന് ഇത് വളരെ വേദനാജനകമായി തോന്നി. അഞ്ചൽ പ്രദേശത്തുണ്ടായിരുന്ന ചുരുക്കം ക്രിസ്ത്യാനികൾ അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി പതിനഞ്ച് മൈൽ ദൂരെയുള്ള കൊട്ടാരക്കര പള്ളിയിൽ പോകേണ്ട ദുഃസ്ഥിതിയാണ് അന്ന് നിലവിലുണ്ടായിരുന്നത്. വിദ്യാഭ്യാസത്തിന്റെ കൈത്തിരിയുമായി അഞ്ചൽ പ്രദേശത്തേയ്ക്ക് കടന്നു വന്ന കോരുതുസാർ ഒരു ദേവാലയ നിർമ്മാണത്തിൽ ശ്രദ്ധ പതിപ്പിക്കുകയും അന്നുണ്ടായിരുന്ന ചുരുക്കം ചില ക്രിസ്ത്യാനികളുടെ സഹകരണത്തോടെ 1069-ൽ ഒരു ദേവാലയം സ്ഥാപിക്കുയും ചെയ്തു. അങ്ങനെ വിദ്യാഭ്യാസരംഗത്തെന്ന പോലെ ആദ്ധ്യാത്മിക കാര്യത്തിലും അഞ്ചലിനെ സംബന്ധിച്ചിടത്തോളം ഒന്നാം കിടയിൽ നില്ക്കുന്ന അനശ്വരമായ കീർത്തിക്ക് കോരുതു സാർ പാത്രീഭൂതനായിത്തീർന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി അഞ്ചൽ പ്രദേശത്ത് ആദ്യമായി ഉണ്ടായ ക്രൈസ്തവദേവാലയമാണ് അഞ്ചൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപ്പള്ളി. അക്കാലത്തു് ഇടവകാംഗങ്ങൾ നന്നേ കുറവായിരുന്നെങ്കിലും ഇന്ന് അതൊരു വലിയ ഇടവകയായി വളർന്നിട്ടുണ്ട്. അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളെ പ്പോലെതന്നെ ഹൈന്ദവരും മതസഹിഷ്ണുതയോടുകൂടി ഈ ദേവാലയ സ്ഥാപനത്തിനു സഹായഹസ്തം നീട്ടിയിരുന്നു. (സുപ്രസിദ്ധമായ മുടിയെഴുന്നള്ളത്തു് പ്രസ്തുത ദേവാലയത്തിൽ നേർച്ച അർപ്പിച്ചിട്ടാണ് കടന്നു പോയിരുന്നതു.)

കോരുതു വാദ്ധ്യാർ 1112 കർക്കടകം 6-നു് (1937 ജൂലായ്) ദിവംഗതനായി. തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളജ് പ്രിൻസിപ്പലായിരുന്ന ശ്രീ. എച്ച്. സുബ്രഹ്മണ്യയ്യർ (എച്ച്. എസ്. മണി), അന്താരാഷ്ട്ര പ്രസിദ്ധിനേടിയ ഡോ. എച്ച്. പരമേശ്വരയ്യർ (എച്ച്. പി. വാറൻ), നിമിഷകവി അഞ്ചൽ ആർ. വേലുപ്പിള്ള തുടങ്ങിയ മഹാരഥന്മാർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ ചരമാ

www.malankaralibrary.com

നന്തരം അഞ്ചൽ ആർ. വേലുപ്പിള്ള മഞ്ജരി വൃത്തത്തിൽ രചിച്ച ഒരു കാവ്യശകലം അപ്പച്ചന്റെ ഡയറിയിൽ നിന്ന് പകർത്തിചേർക്കുന്നു:

ശ്രീവരഗുണാലയൻ വിളങ്ങുമഞ്ചലമർന്നോരു
ശ്രീമതിമാൻ, ധർമ്മശീലൻ, മൽഗുരുനാഥൻ കോരുതാഖ്യൻ
ക്രൈസ്തവ ഹൈന്ദവ വിദ്വന്മൌലിക്കെട്ടിൽ വിശ്രുതമായ്
നിത്യം വിളങ്ങിയ ദിവ്യപൂരുഷരത്നം
കോരുതെന്നു പേരാർന്നുള്ള സാരനായ ഗുരുവരൻ താൻ
കാര്യബോധ വീര്യശൂരനിദ്ദേഹം
അഞ്ചൽ എൽ. ജി. വി. ഇ. സ്കൂളിലഞ്ചാതെ ഹെഡ്മാസ്റ്റർസ്ഥാനത്തെ
സഞ്ചിതാനന്ദം വഹിച്ചിട്ടുദ്യോഗിച്ചങ്ങ്
ഇദ്ദേശത്തിലിദ്ദേശികനുദ്യോഗത്തിലെത്തിയിട്ട
ങ്ങുദ്ദേശം മുപ്പത്തിനാലാണ്ടിദ്ദേഹം വാണാൻ
സർക്കാരുദ്യോഗനിരതന്മാരാം ചില വക്കീലന്മാർ
യുക്തിമാന്മാരിദ്ദേഹത്തിനന്തേവാസികൾ
പുത്രരാംഗ്ലേയ ഭാഷാ സമ്പന്നന്മാരായിടും ചിലർ
പുത്തനായുള്ളദ്യോഗങ്ങൾ വഹിച്ചു ചെമ്മേ.
(7 ജൂലായ് 1939)

അദ്ദേഹത്തിന്റെ സ്മരണയ്ക്കായി അഞ്ചൽ ഗവ. വെസ്റ്റ് ഹൈസ്ക്കൂളിൽ നിന്നു എസ്. എസ്. എൽ. സി. യ്ക്ക് മലയാളത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിക്ക് വർഷംതോറും നല്കത്തക്കവിധം 2500 രൂപ മൂലധനമുള്ള "കോരുതു വാദ്ധ്യാർ മെമ്മോറിയൽ എൻഡോവ്മെൻറ് സ്ക്കോളർഷിപ്പ്" എർപ്പെടുത്തിയിട്ടുണ്ട്. 1990 മുതൽ ഇതു നല്കിവരുന്നു.

## പരിശീലനം

### ദൈവവിളി

കോരുതു സാറിനു് ആറു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പുത്രന്മാരിൽ നാലാമത്തെയാളായ മാത്തച്ചനാണ് പില്ക്കാലത്ത് മത്തായിക്കത്തനാരായിത്തീർന്നത്. മാത്തച്ചൻ 1071 കർക്കടകം 20-ാം തീയതി ജനിച്ചു. വിദ്യാഭ്യാസകാര്യത്തിലെന്നപോലെ ദൈവഭക്തിയിലും മറ്റുള്ളവരെക്കാൾ മുന്നിട്ടുനിന്നിരുന്ന പുത്രന്റെ സവിശേഷമായ സ്വഭാവത്തിൽ

www.malankaralibrary.com

സന്തോഷിച്ച കോരുതുസാർ മാത്തച്ചനെ ഒരു വൈദികനാക്കണമെന്ന് ആഗ്രഹിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുന്നതു വരെ ക്ഷമിച്ചിരിക്കാൻ കഴിയാഞ്ഞതു മൂലം തന്റെ ആഗ്രഹം മകനെ അറിയിക്കുകയും മാത്തച്ചൻ അതു സസന്തോഷം സ്വീകരിക്കുകയും ചെയ്തു. വൈദികരുടെ അഭാവം അന്നു വിശ്വാസികളെ പലവിധത്തിലും ബുദ്ധിമുട്ടിച്ചിരുന്നു. ഇതു പരിഹരിക്കാനാണ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ കഴിവതും വേഗം തന്റെ മകനെ ഒരു വൈദികനായിക്കാണാൻ കോരുതുസാർ ആഗ്രഹിച്ചതു്.

## വൈദിക വിദ്യാഭ്യാസം

ഈ ആഗ്രഹസാധ്യത്തിനായി കോരുതുസാർ പ്രാർത്ഥിക്കുകയും തന്റെ പുത്രനായ മാത്തച്ചനെ അന്നത്തെ ഇടവക മെത്രാപ്പോലിത്തായും പില്ക്കാലത്ത് കാതോലിക്കാബാവായായി അവരോധിക്കപ്പെട്ടയാളുമായ പ. മാർ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ തിരുമനസ്സിലെ മുമ്പിലേക്ക് ആനയിക്കുകയും ചെയ്തു. ഭക്തന്മാരിൽ അഗ്രഗണ്യനും ദീർഘദൃഷ്ടിയുള്ളയാളുമായ തിരുമേനി ഒരു ഉത്തമവൈദികനുവേണ്ട എല്ലാ ഗുണവിശേഷങ്ങളും മാത്തച്ചനെന്ന ബാലനിൽ പ്രഥമദൃഷ്ട്യാ കണ്ടെത്തി. മാത്തച്ചനെ അദ്ദേഹം സസന്തോഷം സ്വീകരിച്ചു. കുണ്ടറ സെമിനാരിയിലും കോട്ടയം പഴയ സെമിനാരിയിലുമാണ് മാത്തച്ചൻ വൈദിക പഠനം നടത്തിയത്. മെത്രാപ്പോലീത്തായുടെ ആസ്ഥാനവും അന്നു സെമിനാരിയോടു ചേർന്ന അരമനയിലായിരുന്നു. സെമിനാരിയിലെ വൈദികാർത്ഥികളെ നേരിട്ടു മനസ്സിലാക്കുന്നതിനും അവർക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി ശരിയായ പാതയിൽകൂടി നയിക്കുന്നതിനും മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ശ്രദ്ധിച്ചിരുന്നു. വൈദികാർത്ഥികളിൽ എല്ലാംകൊണ്ടും വ്യത്യസ്തനായിരുന്നു മാത്തച്ചൻ. അഗാധമായ ദൈവഭക്തിയും അനുസരണവും കാര്യപ്രാപ്തിയും ഉള്ളവനായി തെളിയിക്കപ്പെട്ടതു കൊണ്ട് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേക പ്രീതിക്ക് പാത്രമായി. ആഴമേറിയ ദൈവഭക്തിയിലും കൂർമ്മബുദ്ധിയിലും പ്രഗത്ഭതയിലും അദ്വിതീയനായ സ്വപിതാവിൽ നിന്നും സ്വായത്തമാക്കിയ സ്വഭാവവിശേഷങ്ങൾ മെത്രാപ്പോലീത്താ തിരുമനസ്സിലെ ശിക്ഷണത്തിൻ കീഴിൽ വികസിപ്പിക്കുന്നതിനു മാത്തച്ചനു കഴിഞ്ഞു. മാത്തച്ചന്റെ ഈ സ്വഭാവവൈശിഷ്ട്യം കണ്ടു തൃപ്തനായ മെത്രാപ്പോലീത്താ തിരുമേനി തന്റെ യാത്രകളിൽ സഹായിയെന്ന നിലിയിൽ മാത്തച്ചനെ കൂടെ കൊണ്ടുപോകുക പതിവായിരുന്നു. കൂടാതെ തന്റെ സെക്രട്ടറിസ്ഥാനം കൊടുത്തു

www.malankaralibrary.com

അനുഗ്രഹിക്കുകയും ശെമ്മാശ്ശൻ അതു സസന്തോഷം സ്വീകരിച്ചു സ്തുത്യർഹമായി ആ ചുമതല നിർവ്വഹിക്കുകയും ചെയ്തു.

## വിവാഹം

വൈദിക പഠനം പൂർത്തിയായതോടെ പൂർണ്ണശെമ്മാശുപട്ടം നൽകപ്പെടുകയും പിന്നീട് മത്തായി ശെമ്മാശ്ശൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. കശ്ശീശാ പദവിയിലേക്ക് അവരോധിക്കപ്പെടുന്നതിനു മുമ്പ് വിവാഹിതനാകണമെന്നാണ് യാക്കോബായ സഭയുടെ നിയമം. ഇതിന്റെ വെളിച്ചത്തിൽ ശെമ്മാശ്ശനെ വിവാഹപദവിയിൽ പ്രവേശിപ്പിക്കണമെന്ന് പിതാവായ കോരുതുസാർ ആഗ്രഹിക്കുകയും വള്ളംകുളത്തു മണിനേട്ടു കണ്ടത്തിൽ കുടുംബാംഗമായ മാത്യുമാപ്പിളയുടെ രണ്ടാമത്തെ മകൾ അക്കാമ്മയെ കൊല്ലവർഷം 1094-ാം ആണ്ട് കുംഭമാസം 13-ാം തീയതി വിവാഹം കഴിപ്പിക്കുകയും ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് ആൺമക്കളും നാലു പെൺമക്കളും ഉണ്ടായി. ആൺമക്കളിൽ മൂത്തയാൾ (ഈ ലേഖകൻ) സ്വപിതാവിനെപ്പോലെ വൈദികവൃത്തി തന്നെ തെരഞ്ഞെടുക്കുകയും ദൈവവേലക്കായി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്തു. പിതാമഹന്റെ കാലടികളെ പിന്തുടർന്നു ഒരു അദ്ധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ചു പോരുന്നു.

# മത്തായിക്കത്തനാർ

## പൗരോഹിത്യ സ്വീകരണം

അചിരേണ മത്തായി ശെമ്മാശ്ശനെ വൈദിക പദവിയിലേക്ക് ഉയർത്തുന്നതിന് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് തീരുമാനിക്കുകയും കൊല്ല വർഷം 1095-ാ മാണ്ട് ചിങ്ങമാസം 13-ാം തീയതി ആ സൽകൃത്യം നിർവഹിക്കുകയും ചെയ്തു. നവവൈദികൻ (മത്തായിക്കത്തനാർ) അഞ്ചൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയുടെ വികാരിയായി ഉടനെ തന്നെ അവരോധിക്കപ്പെട്ടു.

## ഇടവക വികാരി

ഇക്കാലയളവിൽ ദൂരസ്ഥലങ്ങളിൽ നിന്നും ക്രിസ്ത്യാനികളുടെ ഒരു പ്രവാഹം തന്നെ അഞ്ചലിലേക്കും സമീപപ്രദേശങ്ങളിലേക്കും ഉണ്ടായിക്കൊണ്ടിരുന്നു. ഫലപുഷ്ടിയുള്ള ഭൂമി, താരതമ്യേനയുള്ള വിലക്കുറവ്, സർവ്വോപരി സഹൃദയരായ ജനങ്ങൾ ഇക്കാരണങ്ങളാൽ അദ്ധ്യാ

www.malankaralibrary.com

നശീലരായ ക്രിസ്ത്യാനികൾ ഈ സ്ഥലത്തേക്ക് ആകർഷിക്കപ്പെട്ടു. പുതിയ താമസക്കാരിൽ യാക്കോബായ വിശ്വാസികളുടെ ഏക ആരാധനാകേന്ദ്രം അഞ്ചൽ പള്ളിയായിരുന്നു. ദൂരസ്ഥലങ്ങളിൽ നിന്നും അഞ്ചൽ വരെ വന്ന് ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുന്ന കാര്യം അവർക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരുന്നു. വാഹനസൗകര്യങ്ങളുടെ അപര്യാപ്തത സ്ത്രീകളുടെയും കുട്ടികളുടെയും യാത്രയെ സാരമായി തടസ്സപ്പെടുത്തി യിരുന്നു. അതുകൊണ്ട് എന്തു ക്ലേശം സഹിച്ചും അവിടവിടെ ആരാ ധനാ സൗകര്യങ്ങൾ ഉണ്ടാക്കാൻ അവർ നിർബ്ബന്ധിതരായി. തന്മൂലം അഞ്ചലിന്റെ ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ പലപള്ളികളും സ്ഥാപിക്ക പ്പെട്ടു. പള്ളികൾ സ്ഥാപിക്കാൻ കഴിഞ്ഞെങ്കിലും വൈദികരുടെ അഭാവം ഒരു പ്രശ്നമായിത്തീർന്നു. മത്തായി അച്ചനെയല്ലാതെ മറ്റു വൈദികരെ സ്വീകരിക്കാൻ അവർ തയ്യാറായതുമില്ല. ഭക്തനും സൽഗുണസമ്പന്നനു മായ മത്തായി അച്ചന്റെ സ്വഭാവ വിശേഷങ്ങൾ മനസ്സിലാക്കിയവർ അദ്ദേഹത്തെത്തന്നെ തങ്ങളുടെ പള്ളിയുടെ ചുമതല വഹിക്കുന്ന വികാ രിയായി കിട്ടണമെന്നു ആഗ്രഹം പ്രകടിപ്പിച്ചു. ഈ പശ്ചാത്തലത്തിൽ അഞ്ചലിന്റെ സമീപപ്രദേശങ്ങളായ ആയൂർ, ഇളമാട്, വേങ്ങൂർ, മാക്കു ളം, മണ്ണൂർ, തിങ്കൾക്കരിക്കം, കരവാളൂർ, പുനലൂർ എന്നീ പള്ളികളുടെ ഭരണം കൂടി നിർവ്വഹിക്കുന്നതിന് മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനയുണ്ടാവുകയും ക്ലേശകരമെങ്കിലും ദൈവവേലയായതുകൊണ്ട് പ്രസ്തുത കല്പന സസന്തോഷം അച്ചൻ സ്വീകരിക്കുകയും ഇടവകക്കാരെ ല്ലാം സന്തുഷ്ടരാവുകയും ചെയ്തു.

## ആത്മീയ ശുശ്രൂഷ

മത്തായി അച്ചന്റെ താമസസ്ഥലമായ അഞ്ചൽ (ആനപ്പുഴയ്ക്കൽ) ചങ്ങരം പള്ളിൽ വീട്ടിൽ നിന്നും എട്ടും പത്തും നാഴിക ദൂരെയാണ് മേൽ പ്രസ്താവിച്ച പള്ളികൾ സ്ഥിതിചെയ്യുന്നത്. യാത്രയ്ക്ക് വേണ്ട വാഹനസൗകര്യങ്ങളോ, രാജപാതകളോ, അന്ന് ഉണ്ടായിരുന്നില്ല. തന്നെ ഭരമേല്പിച്ചിരിക്കുന്ന വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിന് മിക്കവാറും എല്ലാ ദിവസങ്ങളിലും കാൽനടയായി സഞ്ചാരയോഗ്യമല്ലാത്ത വഴികളിൽകൂടി പോകേണ്ടിയിരുന്നു. അച്ചന്റെ നിഴലെന്നപോലെ അനുയാത്രയ്ക്ക് യോഹന്നാൻ കപ്യാരും ഉണ്ടായിരിക്കും എന്നത് ഒരു ആശ്വാസം ആയിരുന്നു. പള്ളികൾ ധാരാളമുണ്ടായി രുന്നെങ്കിലും ഇടവകക്കാർ കുറവായിരുന്നതുമൂലം സാമ്പത്തികമായി പറയത്തക്ക പ്രയോജനവും ഉണ്ടായിരുന്നില്ല. തന്റെ പിതാവിൽ നിന്നു

www.malankaralibrary.com

ലഭിച്ച ഭൂസ്വത്തിന്റെ ആദായമായിരുന്നു അച്ചന്റെ മുഖ്യമായ വരുമാനമാർഗ്ഗം. എന്നിരുന്നാലും പ്രേഷിതവേലയിലുള്ള അതീവ താൽപര്യം മൂലം എല്ലാവിധത്തിലുമുള്ള ക്ലേശങ്ങളും അദ്ദേഹം നിസ്സാരമായി കരുതിയിരുന്നു. ഐഹികസുഖങ്ങളും സാമ്പത്തിക നേട്ടവും നശ്വരമാണെന്നും, അനശ്വരമായ ആത്മാവിന്റെ നിർവൃതിയാണ് തന്റെ ലക്ഷ്യമെന്നും, വിശ്രമരഹിതമായ തന്റെ പ്രേഷിതവേലയിലൂടെ അച്ചൻ തെളിയിച്ചു. ഭക്തിദ്യോതകവും ഇമ്പകരവുമായ വി.കുർബാന അർപ്പണം സമാകർഷണീയം തന്നെയായിരുന്നു. തിരുക്കർമ്മങ്ങളിലെ സുറിയാനി സംഗീതാലാപനത്തിൽ അദ്ദേഹത്തിനുള്ള കഴിവ് അപാരമായിരുന്നു. തീക്ഷ്ണതയേറിയ അദ്ദേഹത്തിന്റെ പ്രസംഗപാടവം അത്ഭുതാവഹം ആയിരുന്നു. അദ്ദേഹം അർപ്പിച്ചിട്ടുള്ള വി. കുർബാനയിൽ സംബന്ധിക്കുന്നത് ഒരു പ്രത്യേകാനുഗ്രഹമായി പലരും വിശ്വസിച്ചിരുന്നു. അച്ചന്റെ കുർബാനയിൽ പങ്കുകൊള്ളുന്നത് വ്രതമാക്കിയിരുന്നവരിൽ പ്രധാനി ആയൂർ മുളയറവീട്ടിൽ റിട്ടയേഡ് രജിസ്ട്രാർ ശ്രീ. ജേക്കബ് അവർകളാണ്. ചണ്ണപ്പേട്ടയിൽ താമസിച്ചിരുന്ന അച്ചന്റെ ഗുരുകൂടിയായിരുന്ന ശ്രീ. ടി. ഡി. ശമുവേൽ ഉപദേശിയും കഴിയുന്നിടത്തോളം എല്ലാ വി. കുർബാനകളിലും സംബന്ധിച്ചിരുന്നു. 1101-ാം മാണ്ട് അഞ്ചൽ പള്ളിയിലെ പെസഹായുടെ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിനായി പന്തളത്തുനിന്നും മലഞ്ചരുവിൽ മത്തായിസാർ (അഭിവന്ദ്യ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ പിതാവ്) എന്ന ഭക്തനും വന്നിരുന്നു. സുപ്രസിദ്ധനായ കണ്ടത്തിൽ ശ്രീ. കെ. സി. മാമ്മൻ മാപ്പിളയും കുടുംബവും 1104-ാമാണ്ട് കഷ്ടാനുഭവാഴ്ചയിൽ പുനലൂർ വന്നു താമസിച്ചുകൊണ്ട് പെസഹാ മുതൽ ഉയിർപ്പു വരെയുള്ള ദിവസങ്ങളിലെ ദിവ്യ ശുശ്രൂഷകളിൽ പങ്കുകൊണ്ടു. അച്ചന്റെ കൈയിൽ നിന്നു മാമോദീസാ സ്വീകരിച്ചവരിൽ ഇപ്പോഴത്തെ കൊല്ലം (ഓർത്തഡോക്സ്) ഭദ്രാസനാധിപൻ നി. വ. ദിവ്യ ശ്രീ. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയും ഉൾപ്പെടുന്നു.

കോട്ടയം, പരുമല, കുണ്ടറ മുതലായ സ്ഥലങ്ങളിൽ സഭാസംബന്ധമായ സജീവപ്രവർത്തനങ്ങൾക്കായി സഞ്ചരിക്കുകയും, അനേകം സുഹൃത്തുക്കളുടെ ഹൃദയങ്ങളിൽ സുസ്ഥിര പ്രതിഷ്ഠ സമ്പാദിക്കുകയും ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. യാക്കോബായ സഭയിലെ വന്ദ്യ തിരുമേനിമാരുടെ പ്രത്യേകിച്ചു കുണ്ടറ ബാവാ എന്നറിയപ്പെട്ടിരുന്ന ഗീവർഗീസ് മാർ ബസേലിയോസ് ദ്വിതീയൻ

www.malankaralibrary.com

തിരുമേനിയുടെ കണ്ണിലുണ്ണിയായി തീരുവാൻ അദ്ദേഹത്തിനു സാധിച്ചു.

1099 മിഥുനം 23 മുതൽ 30 വരെ സിലോണിൽ പോയി തന്റെ മൂത്തസഹോദരൻ അപ്പോത്തിക്കിരി കെ. കോശിയുടെ കൂടെ താമസിച്ച വേളയിൽ അവിടെ ഹൽദുമുല്ല ഡിസ്പെൻസറിയിൽ വി. കുർബാനയർപ്പിക്കുകയും മലയാളികളായ ആളുകളുമായി ബന്ധപ്പെടുകയും ചെയ്തു. പിന്നീട് അഞ്ചൽ, വാളക്കോട് (പുനലൂർ), വേങ്ങൂർ, മാക്കുളം എന്നീ സ്ഥലങ്ങളിലെ ഓർത്തഡോക്സ് പള്ളികളുടെ പണിയിൽ വ്യാപൃതനാകുകയും അവസാനം പറഞ്ഞ മൂന്നു പള്ളികളുടെ കൂദാശ നടത്തുകയും ചെയ്തു. പുനലൂരിലെ സഭാപ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു പ്രോത്സാഹനം നൽകിയതു് അവിടെ താമസമാക്കി പൊതുരംഗങ്ങളിൽ മുദ്രപതിച്ച ജ്യേഷ്ഠസഹോദരൻ ശ്രീ. സി. കെ. വർഗ്ഗീസ് ആയിരുന്നു.

## സാമൂഹ്യപ്രവർത്തനങ്ങൾ

എന്നാൽ ക്ലേശകരവും വിശ്രമരഹിതവുമായ അച്ചന്റെ പ്രവർത്തനം ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല. വിശ്വാസികളുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ എന്നപോലെ അവരുടെ ഭൗതികകാര്യങ്ങളിലും വേണ്ട പ്രോത്സാഹനം കൊടുത്തുകൊണ്ടിരുന്നു. എല്ലാ ഇടവകകളിലും വൈ.എം.സി.എ. യുടെ ശാഖകൾ സ്ഥാപിക്കുകയും ഞായറാഴ്ച വി. കുർബാന കഴിഞ്ഞ് അതിന്റെ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ചണ്ണപ്പേട്ടയിലെ പോത്തൻപാറ ചന്ത അച്ചന്റെ പരിശ്രമഫലമായി ആരംഭിച്ചതാണ്. ഇടമുളയ്ക്കൽ പരസ്പരസഹായ സംഘത്തിന്റെ ആരംഭം മുതൽ അംഗമായി അതിന്റെ പ്രവർത്തനങ്ങളിൽ സജീവമായ പങ്കു വഹിച്ചിരുന്നു.

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

തന്റെ താമസസ്ഥലത്തിന്റെ പരിസരങ്ങളിൽ പാർത്തിരുന്ന വിദ്യാവിഹീനരായവരെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിക്കുകയും അതിനു സമയം കണ്ടെത്തുകയും ചെയ്തിരുന്നു. വിദ്യാലയങ്ങളിൽ പോകാനുള്ള പ്രായപരിധി കഴിഞ്ഞവരും കൂലിവേലക്കാരുമായ സാധുക്കളെ പഠിപ്പിക്കുന്നതിനായി 1097 കന്നി 23 മുതൽ ഒരു നിശാപാഠശാല സ്ഥാപിക്കുകയും അച്ചൻ തന്നെ അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അക്കാലങ്ങളിൽ കുറവർ, പുലയർ മുതലായ പിന്നോക്ക വിഭാഗക്കാർ വിദ്യാഭ്യാസം തങ്ങൾക്ക് അപ്രാപ്യമാണെന്നു വിശ്വസിച്ചിരുന്നു. അതുകൊണ്ട് നിശാ പാഠശാലയിൽ അത്തരക്കാർക്ക്

www.malankaralibrary.com

അച്ചൻ മുൻഗണന കൊടുത്തിരുന്നു.

## സെന്റ് ത്രേസ്യാസ് സ്ക്കൂൾ

പ്രതീക്ഷയ്ക്കനുസരണമായ ഫലം ഈ സ്ഥാപനം കൊണ്ട് ലഭിക്കുന്നില്ലെന്നു മനസ്സിലാക്കിയതോടെ അച്ചന്റെ ശ്രദ്ധ ഒരു അംഗീകൃത വിദ്യാലയം സ്ഥാപിക്കുന്നതിലേക്കു് തിരിയുകയുണ്ടായി. ഒരു വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതിനുള്ള അംഗീകാരം സർക്കാരിൽനിന്നു സമ്പാദിച്ചു. വിദ്യാലയത്തിനു വേണ്ട സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ, ഇവ ഉണ്ടാക്കുന്നത് ശ്രമകരവും വ്യയഹേതുകവുമായിരുന്നു. വിദ്യാലയം സ്ഥാപിച്ചില്ലെങ്കിൽ കിട്ടിയ അംഗീകാരം പിൻവലിക്കപ്പെടുകയും ചെയ്യും. അച്ചൻ ധർമ്മസങ്കടത്തിലായി. തന്റെ അനുജൻ ലൂക്കോസിന്റെ താമസത്തിനു് പണി കഴിപ്പിച്ചതും ഒഴിഞ്ഞുകിടന്നതുമായ കെട്ടിടത്തിൽ താൽക്കാലികമായി വിദ്യാലയം തുടങ്ങാൻ തീരുമാനിക്കുകയും, 1103-ാ മാണ്ട് ക്ലാസ് ആരംഭിക്കുകയും ചെയ്തു. മാമ്പഴക്കോണത്തു ശ്രീ. ജോൺകുട്ടിയായിരുന്നു ആദ്യത്തെ അദ്ധ്യാപകൻ. താമസിയാതെ ചെമ്പകരാമനല്ലൂരിൽ (ആനപ്പുഴയ്ക്കൽ) സൗകര്യപ്രദമായ ഒരു സ്ഥലം വാങ്ങുകയും 1103 കുംഭമാസം 14-ാം തീയതി കെട്ടിടനിർമ്മാണത്തിനുള്ള ജോലി ആരംഭിക്കുകയും ചെയ്തു. കെട്ടിടം പണി പൂർത്തിയായതോടെ വിദ്യാലയത്തിന്റെ പ്രവർത്തനം അങ്ങോട്ടു മാറ്റി.

അനേകം ദേവാലയങ്ങളുടെ ചുമതല അച്ചനിൽ നിക്ഷിപ്തമായിരുന്നതുകൊണ്ടും വിശ്വാസികളുടെ അദ്ധ്യാത്മികാവശ്യങ്ങൾക്ക് രാപകൽ ഭേദമന്യേ പ്രവർത്തിക്കേണ്ടിയിരുന്നതുകൊണ്ടും, അതിനു പുറമേ ഒരു വിദ്യാലയത്തിന്റെ ഭരണം ശരിയായി നിർവ്വഹിച്ചുകൊണ്ട് പോകാൻ കഴിയാതെ വന്നു. അതിനാൽ പിൽക്കാലത്ത് ഈ സ്ഥാപനം കൊല്ലം ബിഷപ്പു തിരുമേനിക്ക് വില്ക്കുകയുണ്ടായി. ആ വിദ്യാലയം ഇന്ന് സെന്റ് ത്രേസ്യാസ് എൽ. പി. സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. രണ്ടുക്ലാസ്സുകളോടെ ആരംഭിച്ച പ്രസ്തുത സ്കൂളിലെ ആദ്യത്തെ അദ്ധ്യാപകർ സർവ്വശ്രീ. സി. എഫ്. തമ്പിയും പി. ജി. എം. ദാസുമായിരുന്നു. സ്കൂളിന് ഗ്രാന്റ് ലഭിക്കുന്നതിനു വേണ്ടി സർക്കാർതലത്തിൽ സമ്മർദ്ദം ചെലുത്തി 1952-ൽ അച്ചൻ മരിക്കുന്നതിനു അല്പം മുമ്പ് ഗ്രാന്റ് ഇൻ എയിഡ് സ്കൂളാക്കുന്നതിനുള്ള അനുമതി സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത സ്ക്കൂൾ അച്ചന്റെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ശാശ്വതസ്മാരകമായി അഞ്ചൽകടയ്ക്കൽ റോഡിന്റെ പാർശ്വത്തിൽ സ്ഥിതി ചെയ്യുന്നു. തൊട്ടടുത്ത് അച്ചന്റെ ഓർമ്മയ്ക്കായി 1990-ൽ ഒരു

www.malankaralibrary.com

കുരിശടിയും സ്ഥാപിച്ചിട്ടുണ്ട്.

## പുനരൈക്യം

### ഫാദർ ജോൺമേരിയെ കണ്ടുമുട്ടുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ 'വൈരാഗ്യമേറിയൊരു വൈദിക'നായി ക്രിസ്തുരാജ്യ വിസ്തൃതിക്കുവേണ്ടി അവിശ്രമം പ്രവർത്തിച്ചുകൊണ്ടിരിക്കെ ഒരത്ഭുത മനുഷ്യനെ കണ്ടെത്തുന്നതിന് അദ്ദേഹത്തിന് സംഗതിയായി. താടിനീട്ടി, തവിട്ടുനിറമുള്ളരോമക്കുപ്പായമണിഞ്ഞ ഒരു വെള്ളക്കാരൻ! നട്ടുച്ച വെയിലത്തും പെരുമഴയത്തും കാവിസഞ്ചിയും തോളിലേറ്റി സൈക്കിളിൽ ചുറ്റി സഞ്ചരിച്ചു കൊണ്ടിരുന്ന ഒരു അവധൂതൻ! ഫാദർ ജോൺമേരിയെന്ന ബെൽജിയം സ്വദേശിയായ ഒരു മിഷനറി വൈദികൻ! തന്റെ പ്രവർത്തനകേന്ദ്രങ്ങളോടനുബന്ധിച്ചൊക്കെത്തന്നെ അദ്ദേഹത്തിന്റെയും പ്രവർത്തനങ്ങൾ. തനിക്കും അദ്ദേഹത്തിനും അടുത്ത ചില സാമ്യങ്ങളും സ്വഭാവങ്ങളും ഉള്ളതായി ഫാ. മത്തായിക്ക് തോന്നി.

ക്രിസ്തുവിനെ പ്രതിയല്ലെങ്കിൽ, ലൗകികമായ യാതൊരു ലാഭവും പ്രതീക്ഷിക്കാതെ തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ, ധനവും, ആരോഗ്യവും, സന്തോഷം ത്യജിച്ച് പ്രവർത്തിക്കുന്നതെന്തിനാണ്? എത്ര ത്യാഗമോഹനമായ ജീവിതം! ആത്മാക്കളുടെ രക്ഷ ഒന്നുമാത്രം ലക്ഷ്യം. ഒരാത്മാവിന്റെ സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി ഏതു ക്ലേശങ്ങൾ സഹിക്കാനും, ഭൗതികമായ എന്തും ത്യജിക്കാനുമുള്ള ഫാദർ ജോൺമേരിയുടെ സന്നദ്ധത കുറഞ്ഞൊരു നാൾകൊണ്ടേ ഫാദർ മത്തായി വീക്ഷിച്ചു വരികയായിരുന്നു. ഫാ. മത്തായിയുടെ ജീവിതഗതി തിരിച്ചുവിടുന്നതിൽ ഫാ. ജോൺ മേരിയുടെ പ്രവർത്തനങ്ങൾ പ്രേരകമായിരുന്നിരിക്കണം.

### കത്തോലിക്കാ സഭയിൽ

പന്ത്രണ്ടു പള്ളികളുടെ ഭരണം, വളരെയധികം ആളുകളുടെ ബഹുമാനം, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം, തന്റെ ഭൂസ്വത്ത്, ഇതരകഴിവുകൾ ഇവയെല്ലാം ഫാദർ ജോൺമേരിയുമായി അദ്ദേഹം തുലനം ചെയ്തു. ക്രിസ്തുവിന്റെ സഭയെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. അതു തന്റെ പ്രസംഗങ്ങളിൽക്കൂടെ പ്രതിഫലിപ്പിക്കുകയും ചെയ്തിരുന്നു. സഭകളുടെ ചരിത്രത്തിലേക്കിറങ്ങിച്ചെന്ന

www.malankaralibrary.com

അദ്ദേഹം ക്രിസ്തു സ്ഥാപിച്ച സഭ ഏകമാണെന്നും, അതു പത്രോസിന്റെ പരമാധികാരത്തിൻ കീഴായിരിക്കുമെന്നും, അതു സാർവ്വത്രികമായിരിക്കുമെന്നും വിശുദ്ധി അതിന്റെ സജീവത്വമായിരിക്കുമെന്നും മനസ്സിലാക്കി. സമാധാനത്തിന്റെ മുദ്രാവാക്യത്തോടെ രക്ഷയിലേക്കു സഭ പുരോഗമിക്കണമെന്ന് അദ്ദേഹം ഗ്രഹിച്ചു. കേസും വഴക്കും, വഴക്കിനുമേൽ വഴക്കും ക്രിസ്തു സ്ഥാപിച്ച സഭയുടെ ലക്ഷണമല്ലെന്നും, സമാധാനത്തോടെ ദൈവത്തെ ആരാധിക്കാനുള്ള സാഹചര്യം സഭയിലുണ്ടായിരിക്കണമെന്നും അദ്ദേഹത്തിനു ബോധ്യമായി. താനുൾപ്പെട്ടു നിൽക്കുന്ന യാക്കോബായ സഭയെയും, ഫാ. ജോൺമേരി ഉൾപ്പെട്ടുനിൽക്കുന്ന കത്തോലിക്കാസഭയെയും അദ്ദേഹം താരതമ്യ വിവേചനം ചെയ്തു. സത്യം അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ഒന്നു സത്യമെന്ന് ബോധ്യപ്പെട്ടാൽ ഏതു പ്രതിബന്ധങ്ങളെയും തൃണവൽഗണിച്ചു മുന്നേറുവാൻ- സത്യത്തെ ആലിംഗനം ചെയ്യുവാൻ ഉള്ള മത്തായിയച്ചന്റെ നൈസർഗ്ഗികമായ കഴിവ് നിരർഗ്ഗളം വിരാജിച്ചു വിജയിക്കുക തന്നെ ചെയ്തു. അഞ്ചലച്ചന് കത്തോലിക്കനാകാൻ പിന്നെ താമസമുണ്ടായില്ല. യാക്കോബായ സഭയിലെ പദവികളോ, വരുമാനങ്ങളോ ഒന്നും തന്നെ അദ്ദേഹത്തെ തടഞ്ഞു നിർത്താൻ ശക്തമായില്ല. അതിന്റെ ഫലമായി 1105-ാമാണ്ട് വൃശ്ചികമാസം 9-ാം തീയതി അദ്ദേഹം യാക്കോബായ സഭയോടു യാത്രപറഞ്ഞു പിരിഞ്ഞു. പ്രസ്തുത സംഭവം ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായനക്കാർക്ക് കൗതുകമുളവാക്കുന്നതായിരിക്കും.

1105-മാണ്ടത്തെ ഡയറി ആരംഭിക്കുന്നതു യാക്കോബായ തക്സായിലെ ഒട്ടനേകം പ്രൂമിയോൺ സെദറാ(പ്രാർത്ഥന)കൾ പകർത്തിക്കൊണ്ടാണ്. അവയിലൊന്ന് പ്രത്യേകം അർത്ഥവത്തായി തോന്നുന്നു: "കർത്താവേ, നിന്റെ സഭയ്ക്കും നിന്റെ ആടുകൾക്കും, നിന്റെ ഇടവകയ്ക്കും, നിരപ്പും സമാധാനവും, നിത്യസ്നേഹവും എല്ലായ്പ്പോഴും നീ നൽകേണമേ. കർത്താവേ, നിന്നാൽ ഞങ്ങൾ എല്ലാവരും വാഴ്ത്തപ്പെടുമാറാകണമേ. സമാധാനമനുഷ്യർക്കുള്ളതായ നല്ല അവസാനത്തിനു ഞങ്ങൾ യോഗ്യരായിത്തീരുമാറാകണമേ."

"9-4-105 (നവംബർ 1929) ഇന്നേദിവസം സ്ഥലം (അഞ്ചൽ സെന്റ്ജോർജ്ജ് ഓർത്തഡോക്സ്) പള്ളിയിൽ വി. കുർബാനയർപ്പിച്ചു. സാമാന്യം ജനം കൂടിയിരുന്നു. കുർബാന മദ്ധ്യേ മല്പാൻ കെ. ഇ. തോമസച്ചൻ വന്നു ചേർന്നു. അദ്ദേഹം സഭയിലെ ക്ഷോഭങ്ങളെയും വിപ്ലവങ്ങളെയും സംബന്ധിച്ചു പ്രസ്താവിച്ചു. ഒടുവിൽ കർത്താവിന്റെ

www.malankaralibrary.com

സത്യ തിരുസഭ ഒന്നു മാത്രമേയുള്ളു എന്നും മറ്റും ഞാനും പ്രസ്താവിക്കുകയുണ്ടായി. അനന്തരം ആനപ്പുഴയ്ക്കൽ വന്ന് ചാക്കോ ഉപദേശിയോടും, സി. കെ. ഉണ്ണുണ്ണിപ്പിള്ളയോടും വിവരങ്ങൾ പറഞ്ഞശേഷം ഫാ. ജോൺമേരിയോടൊന്നിച്ചു പുനലൂർപോയി. 11-ാം തീയതി രാത്രി വണ്ടിക്കു കൊല്ലത്തു അരമനയിൽ ചെന്നു, വികാരി ജനറാളിനോടു വിവരങ്ങൾ പറഞ്ഞശേഷം പുനലൂർ റോമൻ കത്തോലിക്ക പള്ളിയിൽ താമസിച്ചു ഫാ. വി. ടി. തോമസിനോടു കൂടി തക്സാ പഠിച്ചു വരുന്നു." കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതു 1930 ജനുവരി 10-നായിരുന്നു. (നിസ്സായിലെ മാർ ഗ്രിഗോറിയോസിന്റെ പെരുന്നാൾ ദിനത്തിൽ) (പ്രസ്തുത സംഭവത്തിന്റെ 60-ാം വാർഷികത്തിൽ ആനപ്പുഴയ്ക്കൽ സെന്റ് ത്രേസ്യാസ് പള്ളിയോടനുബന്ധിച്ച് കുരിശിന്റെ വഴി സ്ഥാപിക്കുകയും കാലംചെയ്ത അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ്, കൊല്ലം ബിഷപ്പ് ഡോ. ജോസഫ് ജി. ഫെർണാണ്ടസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിലും ഒരു വലിയ സംഘം വൈദികരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിലും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. വലിയ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഇവിടെ പരസ്യമായി സ്ലീബാപ്പാത കഴിക്കുകയും നാല്പതാം വെള്ളിയാഴ്ച ആഘോഷമായി കുരിശുമലകയറ്റം നടത്തുകയും ചെയ്തു വരുന്നു.)

## ചില സാക്ഷ്യങ്ങൾ

പുരനൈക്യത്തിന്റെ അഞ്ചലിലെ മുന്നോടികളെ കുറിച്ച് ഈ പ്രദേശത്ത് ദീർഘനാൾ ജീവിച്ചിരുന്ന ഫാ. സിറിൽമോത്ത ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: "പുനലൂർ ഡിസ്ട്രിക്ടിലെ ബൃഹത്തായ മിഷൻ ജോലികൾക്കിടയിൽ (ഫാ. ജോൺമേരിയുടെ ശ്രമഫലമായി) അവിസ്മരണീയനായ അഞ്ചൽ ചങ്ങരംപള്ളിൽ സി. കെ. മത്തായി അച്ചനെയും, അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. സി. കെ. ചാക്കോയെയും, കണ്ടത്തിൽ കുടുംബത്തെയും, കൊട്ടാരക്കര തെക്കേടത്തു ഫാ. സഖറിയാസിനെയും, തെക്കേടത്തു കുടുംബത്തെയും ചാർച്ചക്കാരെയും കത്തോലിക്കാ സഭയിലേക്കു നേടുവാൻ സാധിച്ചു." (മീൻകുളം സെന്റ്ജോൺസ് ദേവാലയം സുവർണ്ണജൂബിലി 1979, പേജ് 3) ഫാ. സിറിൽമോത്താ മറ്റൊരിടത്തു ഇപ്രകാരം പ്രസ്താവിക്കുന്നു: "ഇത്തരുണത്തിൽ ഫാ. സി. കെ. മത്തായി ചങ്ങരംപള്ളിലിനെക്കുറിച്ച് പ്രത്യേകം എടുത്തു പറയേണ്ടതാണ്. അദ്ദേഹം ഏറ്റവും കൂടുതൽ തീക്ഷ്ണതയും പ്രേഷിതാരൂപിയുമുള്ള

www.malankaralibrary.com

ഒരു വൈദികനായിരുന്നു. ഫാദർ ജോൺമേരി ഒ. സി. ഡി.യുടെ ഒരു മികച്ച സഹപ്രവർത്തകനും ആയിരുന്നു. അഞ്ചൽ, മീൻകുളം, ആയൂർ, ഏരൂർ, കുളത്തുർപ്പുഴ എന്നിവിടങ്ങളിലെ മേൽനോട്ടം ഫാദർ സി. കെ. മത്തായി ആണ് വഹിച്ചത്. വലിയ ഒരു കുടുംബത്തിന്റെ ചുമതല ഉണ്ടായിരുന്നെങ്കിലും അദ്ദേഹം തീപിടിച്ച മിഷൻ പ്രവർത്തനമാണ് നടത്തികൊണ്ടിരുന്നത്. സാധുക്കൾക്കു വേണ്ടത്ര സഹായങ്ങൾ ചെയ്തിരുന്നു. പണം കൈവശമുള്ളപ്പോൾ അത്യാവശ്യമുള്ള നവാഗതർക്കു ധനസഹായം നൽകുക അദ്ദേഹത്തിനു ആനന്ദം തന്നെയായിരുന്നു. അദ്ദേഹം ക്രിസ്തുവിന്റെ പാദത്തിൽ ആശ്വാസവും ശാന്തിയും അന്വേഷിച്ചു. പുതുതായി ചേർന്നവർക്കുവേണ്ടി ബിഷപ്പ് ബെൻസിഗർ, വിശുദ്ധകൊച്ചുത്രേസ്യായുടെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ആ വൈദികൻ വി. കൊച്ചുത്രേസ്യയോടും മാദ്ധ്യസ്ഥം അപേക്ഷിച്ചു. അദ്ദേഹം അവസാനം വരെ അത്യദ്ധ്വാനം ചെയ്തു." (ആർച്ച് ബിഷപ്പ് ബെൻസിഗർ, കൊല്ലം, 1983, പേജ് 83-84)

കൊല്ലം രൂപതയിലെ പുനരൈക്യശ്രമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനിടയ്ക്ക് റവ. ഡോ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ പറയുന്നതിപ്രകാരമാണ്: "ഫാ. ജോൺമേരി ഒ.സി.ഡിയുടെ ശ്രമഫലമായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ള വൈദികരാണ് പത്തനംതിട്ട പീടികയിൽ ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് അച്ചൻ, കൊട്ടാരക്കര തെക്കേടത്ത് ബഹു. സഖറിയാസ് അച്ചൻ, ഇലന്തൂർ പതാലിൽ ബഹു. പി. കെ. തോമസച്ചൻ, അഞ്ചൽ ചങ്ങരംപള്ളിൽ ബഹു സി. കെ. മത്തായി അച്ചൻ, 1929-ൽ ബിഷപ്പ് ബെൻസിഗറിൽ നിന്നും വൈദികപട്ടം സ്വീകരിച്ച ഫാ. വി. റ്റി. തോമസ് എന്നിവർ". (ഏഷ്യയിലെ മാർത്തോമ്മാസഭകൾ, തിരുവനന്തപുരം, 1985. II PP 654-655)

## കൊല്ലം രൂപതയിൽ

### തദ്ദേശ മിഷനറി

റവ. ഫാ. സി. കെ. മത്തായിയുടെ പൗരോഹിത്യ ശുശ്രൂഷയുടെ സിംഹഭാഗവും (1930-52) കൊല്ലം രൂപതയിലെ ഒരു മിഷനറി വൈദികനായിട്ടായിരുന്നു ചെലവഴിച്ചത്. ഇന്ത്യയിലെ പ്രഥമ രൂപതയെന്ന ബഹുമതിക്കവകാശപ്പെട്ട കൊല്ലം രൂപതയുടെ സമ്പൂർണ്ണ ചരിത്രമായ 'കൊല്ലം ക്രിസ്ത്യാനികൾ' (1995) എന്ന ഗ്രന്ഥത്തിൽ (പേജ് 319) ഇക്കാര്യം

www.malankaralibrary.com

സചിത്രം അംഗീകരിച്ചിട്ടുണ്ട്. ചരിത്രപ്രസിദ്ധമായ പരനരൈക്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും മലങ്കര റീത്ത് കത്തോലിക്കാസഭയിൽ അംഗീകരിക്കപ്പെട്ടതും 1930 സെപ്റ്റംബർ 20- ന് മാർ ഇവാനിയോസ് തിരുമേനിയും മറ്റും പുനരൈക്യപ്പെട്ടതോടു കൂടിയാണല്ലോ. അതിനു സുമാർ എട്ടുമാസം മുമ്പ് പുനരൈക്യപ്പെട്ടതു കൊണ്ടാണ് അഞ്ചലച്ചൻ കൊല്ലം രൂപതയിൽ ചേരേണ്ടിവന്നത്.

അന്നു കൊല്ലം രൂപതയുടെ സാരഥ്യം വഹിച്ചിരുന്നതു യുഗപ്രഭാവനായ ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ ആയിരുന്നു. പമ്പാനദിമുതൽ തെക്കോട്ട് കന്യാകുമാരി വരെ നീണ്ടുകിടന്നിരുന്ന അവിഭക്ത കൊല്ലം രൂപതയുടെ ഭരണം ഏറ്റെടുത്തതു മുതൽ (1905) തന്റെ രൂപതാതിർത്തിയിലുള്ള യാക്കോബായക്കാരുടെ പുനരൈക്യത്തിൽ ഈ പ്രേഷിതവര്യൻ ശ്രദ്ധ പതിപ്പിച്ചു. കറ്റാനം, പുനലൂർ മിഷൻ ഡിസ്റ്ററിക്ടുകൾ കേന്ദ്രമാക്കിയായിരുന്നു ആദ്യകാലത്തെ പുനരൈക്യ പ്രവർത്തനങ്ങൾ.

പുനലൂർ ഡിസ്ട്രിക്ടിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നതു മിഷൻ രംഗത്തും പുനരൈക്യരംഗത്തും ബെൻസിഗർ തിരുമേനിയുടെ വലംകൈയായിരുന്ന ഫാ. ജോൺമേരി ഒ. സി. ഡി ആയിരുന്നു. പ്രേഷിതവര്യനായിരുന്ന ആദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരായി അനേകം യാക്കോബായ വൈദികരും ജനങ്ങളും അക്കാലത്തു കത്തോലിക്കാ സഭയെ ആശ്ലേഷിച്ച ചരിത്രം നേരത്തെ സൂചിപ്പിച്ചുവല്ലോ.

ഫാദർ ജോൺമേരിയോടുകൂടിയുള്ള പ്രവർത്തനം കഥാപുരുഷനു മിഷൻ രംഗത്തു ഒരു വലിയ പ്രചോദനമായി ഭവിച്ചു. നിർഭാഗ്യവശാൽ അധികം താമസിയാതെ (1931 മേയ് 3 ന്) ഇൻഡ്യ വിടാൻ ഫാ. ജോൺ മേരി നിർബന്ധിതനായി. അതിനുശേഷം വന്ന ഫാ. നോർബർട്ട്, ഫാ. പയസ് എന്നീ വിദേശ മിഷനറിമാരുമായും നല്ല സൗഹൃദബന്ധം പുലർത്തിയിരുന്നെന്നു മാത്രമല്ല പില്ക്കാലത്ത് അവരുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിരുന്നു. കൊല്ലം രൂപതയിലെ വൈദികരായ ഫാ. അബ്രഹാം തരകൻ, ഫാ. വി. ഫ്രാൻസിസ്, ഫാ. മരിയാൻ ഡൊമിനിക്ക്, ഫാ. സ്റ്റീഫൻ ഫെലിക്സ്, ഫാ. പി. ജെ. ജോസഫ്, ഫാ. സിറിൽ മോത്ത, ഫാ. ജെ. ആന്റണി, ഫാ. ജി. അൽഫോൺസ് എന്നിവരോടൊന്നിച്ച് മിഷൻ പ്രവർത്തനം നടത്തുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു.

www.malankaralibrary.com

എന്നാൽ വിദേശ മിഷനറിമാരുടെ തിളങ്ങുന്ന ഈ ചരിത്രത്തിനു ഒരു അപവാദവും ഉണ്ടായിരുന്നു. ചുരുങ്ങിയ കാലം ആനപ്പുഴയ്ക്കൽ പള്ളിമേടയിൽ താമസിച്ചു പ്രവർത്തിച്ചിരുന്ന ഫാ. ഡൊമിനിക്ക് ഒ.സി.ഡി.യുടെ ചില രീതികളെക്കുറിച്ച് ഡയറിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അവ രണ്ടാം ഭാഗത്തിൽ ചേർക്കുന്നുണ്ട്.

## ആനപ്പുഴയ്ക്കൽ പള്ളി

അഞ്ചൽ സെൻറ് ജോർജ് പള്ളിയിൽ നിന്ന് വിരമിച്ചതിനുശേഷം (1930 ൽ) ആനപ്പുഴയ്ക്കൽ കുന്നുംപുറത്തുള്ള പള്ളിയ്ക്കു രൂപം നല്കുന്നതിലായിരുന്നു അച്ചന്റെ ആദ്യത്തെ ശ്രദ്ധ കേന്ദ്രീകരിച്ചത്. പള്ളി നില്ക്കുന്ന പുരയിടം ജ്യേഷ്ഠസഹോദരന്റെ പക്കൽ നിന്നു മിഷനിലേക്കു വിലയ്ക്കെടുത്തതാണ്. പള്ളി പണിയുന്നതുവരെ അച്ചന്റെ ഉടമസ്ഥതയിലും കൈവശത്തിലുമായിരുന്ന വസ്തുവിൽ പണി തീർത്തിരുന്ന സ്കൂൾ കെട്ടിടത്തിലായിരുന്നു ആരാധന നടത്തിയിരുന്നത്. പള്ളിപണിയുടെ വിവിധഘട്ടങ്ങളെക്കുറിച്ചും പള്ളികൂദാശയെക്കുറിച്ചും വിശദവിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1925 മെയ് 12-നു ലിസ്യുവിലെ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് വിശുദ്ധയുടെ മാധ്യസ്ഥത്തിൽ വളരെയധികം വിശ്വസിച്ചിരുന്ന ബിഷപ്പ് ബെൻസിഗർ അഞ്ചലിലെ പുതിയ ദേവാലയം വി. കൊച്ചുത്രേസ്യായുടെ നാമത്തിലാണ് പ്രതിഷ്ഠിച്ചത്.

## ദളിതരുടെ മതപരിവർത്തനം

1936 നവമ്പർ 12-നു നടന്ന തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരത്തിനു മുമ്പ് ഇന്നാട്ടിലെ അവർണ്ണസമുദായങ്ങളിൽപ്പെട്ട ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന അവശതകൾ എല്ലാവർക്കും അറിവുള്ളതാണല്ലോ. ജാതിപ്പിശാചിന്റെ പിടിയിലമർന്നു ഞെരിപിരികൊണ്ടിരുന്ന അന്നത്തെ ദുരവസ്ഥയെക്കുറിച്ച് കുമാരനാശാൻ, ചങ്ങമ്പുഴ തുടങ്ങിയ മഹാകവികൾ ധാരാളം വർണ്ണിച്ചിട്ടുണ്ട്. 'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ'. ഇത്തരത്തിലുള്ള 'അവശന്മാരാർത്തന്മാരാലംബഹീനന്മാർ അവരുടെ സങ്കടമാരറിവൂ?' എന്ന ചോദ്യത്തിനു ക്രിസ്ത്യൻ മിഷനറിമാർ അന്നുത്തരം നല്കി. അവർക്കു വേണ്ടി ക്രിസ്തീയ ദേവാലയങ്ങളും വിദ്യാലയങ്ങളും തുറന്നിട്ടു.

ഇത്തരക്കാരായ കുറവർ, പുലയർ, പറയർ എന്നീ താണ്ണ ജാതിക്കാരുടെയിടയിലായിരുന്നു 1105-നു ശേഷം കഥാപുരുഷൻ പ്രധാനമാ

www.malankaralibrary.com

യും പ്രവർത്തിച്ചു കൊണ്ടിരുന്നത്. ആത്മീയമായി അവരെ ഉദ്ബുദ്ധരാക്കുന്നതോടൊപ്പം അവരുടെ സാമ്പത്തിക പരാധീനതകൾ ഗ്രഹിച്ചു അവയിൽ നിന്നു കരകയറ്റുന്നതിനും ഈ മനുഷ്യസ്നേഹി കർമ്മനിരതനായി.

## ദാനധർമ്മം

ആത്മാക്കളെ നേടുന്നതിനു എന്തു ത്യാഗം സഹിക്കുന്നതിനും അപ്പോസ്തലനായ പൗലോസിനെപ്പോലെ അദ്ദേഹം സന്നദ്ധനായി. വരുമാനമെന്തെന്നറിയാതെ പലവിധസഹായങ്ങൾ അദ്ദേഹം പലർക്കും ചെയ്തു. കുറവർ മുതലായി അന്നു വെറും അപരിഷ്കൃതരും അഗണ്യരുമായി കഴിഞ്ഞിരുന്ന പലരെയും അദ്ദേഹം സഭയിലേക്കാനയിച്ചു. അവർക്കു വസ്ത്രവും ഭക്ഷണവും നല്കുന്നതിൽ അദ്ദേഹം അനുവർത്തിച്ച ത്യാഗശീലത്തിനുമുമ്പിൽ പലരും പകച്ചു നിന്നു പോയിട്ടുണ്ട്. വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കണമെന്നും അതാരുതന്നെയായിരുന്നാലും തന്നോടൊപ്പമിരുത്തിക്കൊടുക്കണമെന്നും, അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ആരും ആവശ്യപ്പെടാതെ ആവശ്യങ്ങളറിഞ്ഞു മറ്റുള്ളവരെ സഹായിച്ചിരുന്നതിനാൽ അദ്ദേഹം എന്നും നിർദ്ധനനായിരുന്നുവെന്നു പറയാം. എന്നാൽ സഹായമർത്ഥിച്ചെത്തുന്ന ഒരുത്തരെയും അദ്ദേഹം വെറും കൈയോടെ തിരിച്ചയച്ചിരുന്നില്ല.

ഒരു അനുഭവസാക്ഷ്യം ശ്രദ്ധിക്കുക. "ഒരിക്കൽ ഒരിടവകാംഗം വന്നു വളരെ പതുങ്ങി വീട്ടുമുറ്റത്തു നില്ക്കുകയായിരുന്നു. അച്ചനു ആ ആളിന്റെ അവസ്ഥയിൽ അനുകമ്പ തോന്നി. അടുത്തു ചെന്നു കുറെ നേരം സംസാരിച്ചു. മറ്റാർക്കും രഹസ്യം ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിലും അച്ചനെ പറ്റിക്കാൻ വരുന്നവരിൽ ഒരാളാണെന്നു ദൂരെ നിന്നവർ പിറുപിറുത്തു. അച്ചൻ ആ ആളിനെ വിളിച്ചു തൊഴുത്തിൽ ചെന നിറഞ്ഞു നിന്ന പശുവിനെ തന്നെത്താൻ അഴിച്ചു അയാളെ ഏല്പിച്ചിട്ടു പറഞ്ഞു: "കിട്ടുന്ന വിലയ്ക്ക് കൊടുത്തു അത്യാവശ്യം നേടുക." എന്ന്........ ആ മനുഷ്യൻ ആ പശുവിനെ കൊണ്ടുപോകുകയും 30 രൂപായ്ക്കു വില്ക്കുകയും ചെയ്തുവെന്നു പിന്നീടറിഞ്ഞു. ഇന്നാണെങ്കിൽ മൂവായിരം രൂപായെങ്കിലും കിട്ടുമായിരുന്ന ഒരു പശു! ഇങ്ങനെയുള്ള അനേകമനേകം ദാന ധർമ്മ കർമ്മങ്ങളുടെ ഉടമയായിരുന്നു ബ. മത്തായിഅച്ചൻ. അതിലദ്ദേഹം എന്നും ധനവാന്മാരിൽ ധനവാനുമായിരുന്നു." (പി.ജി.എം. ദാസ്)

## ഈഴവനേതാക്കാന്മാരുടെ സമീപനം

ക്ഷേത്ര പ്രവേശന വിളംബരത്തിനു തൊട്ടു മുമ്പ് അഞ്ചൽ പ്രദേ

www.malankaralibrary.com

ശത്തെ ഈഴവ നേതാക്കന്മാരിൽ ചിലർ അദ്ദേഹത്തെ സമീപിച്ച് മതപരിവർത്തനത്തിനു ആഗ്രഹം പ്രകടിപ്പിച്ചതായും തുടരെത്തുടരെയുള്ള കൂടിയാലോചനകൾക്കു ശേഷം അവരെ കൊല്ലം മെത്രാസന അരമനയുമായി ബന്ധപ്പെടുത്തിയതുമായ ഒരു സംഭവം ഇന്നാട്ടിൽ ചിലർക്കെങ്കിലും അറിയാമെന്നു കരുതുന്നു. എന്നാൽ 1936-ന്റെ ആവസാനഘട്ടത്തിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നതോടുകൂടി പ്രസ്തുതശ്രമങ്ങൾക്കു തിരശ്ശീല വീഴുകയാണുണ്ടായത്.

അഞ്ചൽ (ആനപ്പുഴയ്ക്കൽ) പള്ളി വികാരിയായിരുന്നതു കൂടാതെ മീൻകുളം, ഏരൂർ, കുളത്തുപ്പുഴ എന്നീ സ്ഥലങ്ങളിലെ മേൽനോട്ടവും അച്ചനുണ്ടായിരുന്നു. അയിലറ എന്ന സ്ഥലത്തു ഇന്നും സ്ഥിതി ചെയ്യുന്ന പള്ളി അദ്ദേഹത്തിന്റെ കാലത്തു പണിയിച്ചതാണ്. ആയൂർ പള്ളിയുടെ കൂദാശാ കർമ്മത്തിൽ അദ്ദേഹം പങ്കുകൊണ്ടു. കുറഞ്ഞൊരു കാലം ആയൂർ, കടയ്ക്കൽ, നിലമേൽ എന്നീ മിഷൻ പ്രദേശങ്ങളിലും വികാരിയായി പ്രവർത്തിച്ചിരുന്നു.

## സുറിയാനി കത്തോലിക്കരുടെ കുടിയേറ്റം

ഈ കാലഘട്ടത്തിൽ അഞ്ചലിന്റെ പരിസരപ്രദേശങ്ങളായ വെഞ്ചേമ്പ്, പത്തായക്കുഴി (ഇന്നത്തെ ഫിൽഗിരി) എന്നീ സ്ഥലങ്ങളിലേക്കു പാലാ, കാഞ്ഞിരപ്പള്ളി, എന്നീ പ്രദേശങ്ങളിൽ നിന്നും സുറിയാനികത്തോലിക്കരുടെ ഒരു വലിയ പ്രവാഹം തന്നെയുണ്ടായി. ബ. മത്തായി അച്ചൻ അവർക്കു പരിചിതമായ കൽദായ സുറിയാനിയിൽ വി. കുർബാന ചൊല്ലിയിരുന്നതു ഈ കുടിയേറ്റത്തിന്റെ പിന്നിലെ അപ്രധാനമല്ലാത്ത ഒരു കാരണമായിരുന്നു. കുടിയേറ്റക്കാരെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുകയും അവരുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങളിൽ കലവറയില്ലാതെ സഹായിക്കുകയും ചെയ്തിരുന്നതുകൊണ്ട് മേല്പറഞ്ഞ രണ്ടു സ്ഥലങ്ങളും കാലതാമസമെന്യേ കത്തോലിക്കരുടെ കേന്ദ്രങ്ങളായി തീർന്നു. (ഇന്ന് ഇവ രണ്ടും ചങ്ങനാശ്ശേരി അതിരൂപതയിലെ എണ്ണപ്പെട്ട ഇടവകകളാണ്.) അതോടുകൂടി രണ്ടിടത്തും ആരാധനാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. മാത്രമല്ല, ഇടവിട്ടുള്ള ഞായറാഴ്ചകളിൽ അവിടങ്ങളിൽ പോയി വി. കുർബാനയർപ്പിക്കുന്നതിനും വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനും അദ്ദേഹം കർമ്മനിരതനായി.

www.malankaralibrary.com

## പ്രവർത്തന ബഹുലമായ ദിവസങ്ങൾ

ഈ സ്ഥലങ്ങളിലെല്ലാം സൈക്കിളിലും കാൽനടയായും ആയിരുന്നു അദ്ദേഹം ചെന്നെത്തിയിരുന്നത്. വനപ്രദേശങ്ങളിൽ കൂടിയുള്ള നെടുങ്കൻ കയറ്റങ്ങളും ഇറക്കങ്ങളും താണ്ടി സഞ്ചാരയോഗ്യമല്ലാത്ത വഴികളിൽകൂടി കൃത്യസമയത്തു തന്നെ എത്തിച്ചേരാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ബഹുലമായ ദിവസത്തിന്റെ ചില ഉദാഹരണങ്ങൾ ഡയറിയിൽ നിന്നും ഇവിടെ പകർത്തുന്നു.

**1108 മിഥുനം 25**

പുനലൂർ പോയി പ്രസംഗം ചെയ്തു. അനന്തരം 9 മണിക്ക് അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. ഒരു പ്രസംഗം ചെയ്തു. 10 മണിക്കു അയിലറപോയി ഒരു പ്രസംഗം ചെയ്തു. 12 മണിക്കു വീട്ടിൽ വന്നുചേർന്നു.

**1114 കർക്കടകം 7 (1939 ജൂലൈ 23) ഞായർ**

കഠിനമായ മഴയത്തു സൈക്കിളിൽ കുളത്തൂർപ്പുഴ പോയി, മിഷൻ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു.

**1115 കന്നി 1**

കുളത്തൂർപ്പുഴ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. സൈക്കിളിന്റെ പെഡൽ ഒടിഞ്ഞുപോകയാൽ യാത്ര വളരെ ക്ലേശകരമായിരുന്നു.

**1115 ധനു 9**

കുളത്തൂർപ്പുഴയിൽ നിന്നു തിരിച്ചു വരുന്ന വഴിക്കു വച്ചു സൈക്കിൾ കേടായതിനാൽ ഏരൂർവരെ നടന്നു.

**1115 കുംഭം 7**

രാവിലെ വി. കുർബാനയ്ക്കുശേഷം ബ. പയസച്ചനുമായി ആയൂർ, നിലമേൽ, കടയ്ക്കൽ മുതലായ സ്ഥലങ്ങളിൽ സൈക്കിളിൽ പോയി. കാലത്തും ഉച്ചയ്ക്കും ശരിയായ ഭക്ഷണം കിട്ടിയില്ല. 6 മണിക്കു വന്നു ഭക്ഷണം കഴിച്ചു പള്ളിമേടയിൽ ഉറങ്ങി. പിറ്റേ ദിവസം (കുംഭം 8) ബ. അച്ചനും ഞാനും വി. കുർബാന കഴിഞ്ഞ് ഏരൂർ, കുളത്തൂർപ്പുഴ സൈക്കിളിൽ പോയി 2 മണിക്കു തിരിച്ചു വന്നു.

**1116 ധനു 10 (ക്രിസ്മസ്)**

രാത്രി ഒന്നാം കുർബാന കുളത്തൂർപ്പുഴ 2-ാമത്തേത്തു ഏരൂർ 3-ാമത്തേതു് അഞ്ചലും. സൈക്കിളിൽ മത്തായി ഉപദേശിയും

www.malankaralibrary.com

ഉണ്ടായിരുന്നു.

1116 ഇടവം 10

രാവിലെ ഏരൂർ നിന്നും കഠിന മഴയത്തു നടന്നു 10 മണിക്കു വസതിയിൽ എത്തി.

1117 കന്നി 4

അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. 2 മണിക്കു പെരുമഴയത്ത് കുളത്തൂർപ്പുഴ പോയി.

1118 വൃശ്ചികം 12

അഞ്ചൽ പള്ളിയിൽ നിന്നും 9 മണിയ്ക്ക് വെഞ്ചേമ്പിൽ പോയി ഒരാൾക്കു വി. കുർബാന കൊടുത്തു. തിരികെ വരുന്ന വഴിക്കു സൈക്കിൾ അപകടമുണ്ടായി വീണു.

ഒരു അപസർപ്പക കഥയിലെ നായകന്റെ വീരസാഹസിക യാത്രാവിവരണങ്ങൾ പോലെ ഇന്നത്തെ തലമുറയ്ക്കു അത്ഭുതം ജനിപ്പിക്കുന്ന കഥകളാണിവ.

ഇന്നു ദളിതർ എന്നറിയപ്പെടുന്ന അന്നത്തെ താണ ജാതിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന വേളയിൽ സവർണ്ണരുടെ ഭാഗത്തുനിന്നും പലവിധത്തിലുള്ള പ്രകോപനങ്ങളുമുണ്ടായിക്കൊണ്ടിരുന്നു. ഏരൂർ, കടയ്ക്കൽ പ്രദേശങ്ങളിലായിരുന്നു കൂടുതൽ പ്രതിസന്ധികളുണ്ടായത്. ഏരൂരെ ലഹള വർഗ്ഗീയചരായയുള്ളതായിരുന്നെങ്കിൽ കടയ്ക്കൽ വിപ്ലവം എന്നറിയപ്പെട്ടിരുന്ന കടയ്ക്കൽ ലഹള രാഷ്ട്രീയച്ചുവയുള്ളതായിരുന്നു. രണ്ടിടത്തും തക്കസമയത്തു മേലധികാരികളെ സമീപിച്ചു തന്റെ മിഷനിൽപെട്ട ദളിതരുടെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു.

# പുനരൈക്യപ്രവർത്തനരംഗത്ത്

## പുനരൈക്യത്തിന്റെ മുന്നോടികൾ

കൊല്ലം രൂപതയിലെ ആറു മിഷൻ കേന്ദ്രങ്ങളുടെ ഭാരിച്ച ചുമതല വഹിച്ചിരുന്നതോടൊപ്പം ബ. മത്തായി അച്ചൻ തന്റെ വേരുകളെ മറക്കാതെ യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യത്തെ ലക്ഷ്യമാക്കി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്റെ കത്തോലിക്കാ സഭാപ്രവേശനത്തിനു ശേഷം ആദ്യമായി തന്നെ പിന്തുടർന്നതു നേരെ മൂത്ത

www.malankaralibrary.com

സഹോദരൻ സി. കെ. ചാക്കോയും തന്റെ ഭാര്യാപിതാവ് കണ്ടത്തിൽ മാത്യു മാപ്പിളയും മക്കളുമായിരുന്നു. (കണ്ടത്തിൽ കുടുംബത്തിലെ പ്രൊഫ. കെ. ഏ. മാത്യു മാപ്പിള കൊല്ലം മലങ്കര കത്തോലിക്കാ ഇടവകയുടെ ട്രസ്റ്റിയായി നിസ്തുല സേവനം അനുഷ്ഠിക്കുന്നു. അദ്ദേഹത്തിന്റെ പുത്രൻ ഡോ.കെ.എം. ഏബ്രഹാം IAS എറണാകുളം കളക്ടറാണ്. ഈ കുടുംബത്തിലെ മറ്റൊരംഗമായ ശ്രീ. കെ. ഏ. ഉമ്മൻ ബോംബെ ബോറിവിലി മലങ്കര കത്തോലിക്കാ ഇടവകയുടെ ഒരു സജീവ പ്രവർത്തകനായിരുന്ന ശേഷം ഇപ്പോൾ അഞ്ചലിൽ വന്നു താമസിക്കുന്നു.)

## പുനരൈക്യ പ്രവർത്തനങ്ങൾ

1930 സെപ്റ്റംബർ 20-നു കൊല്ലം മെത്രാസന അരമനയിൽവച്ചു ഉദ്ഘാടനം ചെയ്യപ്പെട്ട മലങ്കര പുനരൈക്യ പ്രസ്ഥാനത്തോടുകൂടി ബ. മത്തായി അച്ചന്റെ കത്തോലിക്കാ സഭാ പ്രവേശനത്തിനു കൂടുതൽ അർത്ഥവും ന്യായീകരണവും ഉണ്ടായി എന്നു മാത്രമല്ല മലങ്കര കത്തോലിക്കാ സഭയുമായി സഹകരിച്ചു പുനരൈക്യ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ആയിടയ്ക്കു അഞ്ചലിലും പരിസരപ്രദേശങ്ങളിലുമുള്ള തന്റെ പഴയ യാക്കോബായ വൈദിക സുഹൃത്തുക്കളെയും ഇടവക ജനങ്ങളെയും കണ്ടു പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി ഉദ്ബോധിപ്പിക്കുന്നതിനും കത്തോലിക്കാ സഭയിലേക്കു അവരെ ആകർഷിക്കുന്നതിനും അദ്ദേഹത്തിനു ധാരാളം സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഇതിനകം പുനരൈക്യപ്പെട്ടു കഴിഞ്ഞിരുന്ന തന്റെ പഴയ സതീർത്ഥ്യന്മാരായ അച്ചന്മാരോടു ചേർന്നു പ്രസംഗയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും അദ്ദേഹം മുൻകൈയെടുക്കുകയുണ്ടായി.

പുനരൈക്യ പ്രസ്ഥാന ശില്പിയായ മാർ ഈവാനിയോസ് തിരുമേനിയുമായി കഥാപുരുഷൻ അടുത്ത ബന്ധം പുലർത്തിയിരുന്നു. മലങ്കര റീത്തിലേക്കു് മാറുന്നതിനു കടുത്ത സമ്മർദ്ദമുണ്ടായെങ്കിലും താൻ ഏറ്റെടുത്തു നടത്തിയിരുന്ന മിഷൻ രംഗങ്ങളിലെ പ്രവർത്തനം വിട്ടുപോകുന്നതിനു അച്ചനു പ്രയാസം തോന്നി. അതുകൊണ്ട് അവസാനം വരെ കൊല്ലം രൂപതയിൽ ഒരു മിഷനറിയായി തന്നെ തുടരുകയാണുണ്ടായത്. എന്നു വരികിലും മാർ ഈവാനിയോസ് തിരുമേനി വിളിപ്പിച്ച് അഞ്ചലിലും പരിസരങ്ങളിലും പുനരൈക്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തന്നെ ചുമതലപ്പെടുത്തിയപ്പോൾ അദ്ദേഹം സസന്തോഷം അതു സ്വാഗതം ചെയ്യുകയും ത്യാഗബുദ്ധിയോടുകൂടി മലങ്കര റീത്തു പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു.

www.malankaralibrary.com

## അഞ്ചൽ സെന്റ് മേരീസ് ഇടവകസ്ഥാപനം

അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപനത്തിനു അദ്ദേഹം വഹിച്ച പങ്ക് പ്രത്യേകം പ്രസ്താവാർഹമാണ്. കൂട്ടറഴികത്തു മാത്തു എന്നയാളിന്റെ വക 1 ഏക്കർ സ്ഥലം മലങ്കരക ത്തോലിക്ക അതിരൂപതയ്ക്കുവേണ്ടി വാങ്ങുന്നതിനും അവിടെ ഒരു ചാപ്പൽ പണിയിച്ചു അതിൽ വിശുദ്ധ കുർബാനയർപ്പിക്കുന്നതിനും അദ്ദേഹം ചെയ്ത സേവനങ്ങൾ ഡയറിയിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. 1108 മകരമാസത്തിലാണ് ഇതു സംബന്ധിച്ചുള്ള ആദ്യത്തെ ആലോച നകൾ നടന്നത്. മീനം 25-നു അന്നത്തെ ഇടവകപ്പള്ളിയിൽ ആദ്യമായി വി. കുർബാനയർപ്പിക്കപ്പെടുകയും ചെയ്തു. (ഇതിന്റെ 60-ാം വാർഷികം പൂർത്തിയായതിന് ശേഷം പ്രസ്തുതസ്ഥലത്തു-ഇപ്പോഴത്തെ ശവക്കോട്ട പ്പള്ളിക്കു മുമ്പിൽ-അച്ചന്റെ സ്മാരകമായി ഒരു നെടുങ്കൻ കുരിശു സ്ഥാപി ച്ചിട്ടുണ്ട്)

ഇടവക സ്ഥാപിച്ചെങ്കിലും വൈദികരുടെ ദൗർല്ലഭ്യം മൂലം പ്രാരംഭ കാലത്തെ എല്ലാ ഭരണച്ചുമതലയും അച്ചനെ ഭരമേല്പിച്ചിരുന്നു. ആയിട യ്ക്കു പുതിയ ഇടവകയിലെ ആദ്യത്തെ അംഗമായ കൂട്ടറഴികത്തു മാത്തു വിന്റെ വീട്ടിൽ പോലീസുകാർ ചെന്നു അതിക്രമം കാട്ടിയ ഒരു സംഭവ മുണ്ടായി. ഉടൻ തന്നെ അച്ചൻ മജിസ്ട്രേട്ടിനെയും പോലീസ് ഇൻസ്പെ ക്ടറെയും നേരിൽ ചെന്നു കണ്ടു പ്രശ്നം പരിഹരിച്ചു.

# ബന്ധങ്ങൾ

## വൈദിക സുഹൃത്തുകൾ

പുനരൈക്യ പ്രസ്ഥാനത്തിന്റെ നെടുംതൂണുകളായിരുന്ന പുലിക്കോട്ടു ജോസഫു റമ്പാനും ചേപ്പാട്ടു പീലിപ്പോസ് റമ്പാനും അച്ചനെ സന്ദർശിച്ചു സഭാ സംബന്ധമായ കാര്യങ്ങൾ ചർച്ച നടത്തിയിട്ടുണ്ട്. പട്ടാഴി പരേത നായ ബ. ലൂക്കോസ് മണ്ണിക്കരോട്ടച്ചൻ തന്റെ ബന്ധുവായിരുന്നതു കൊണ്ട് യാക്കോബായ സഭയിൽ ശെമ്മാശ്ശനായിരുന്ന കാലം മുതല്ക്കേ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ശുശ്രൂഷകളിൽ സഹകരിപ്പിക്കു കയും ചെയ്തിരുന്നു. ബ. അച്ചനെ തിരുവനന്തപുരത്തു കൊണ്ടുപോയി മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ പ്രതിജ്ഞാവാചകം ചൊല്ലി കത്തോലിക്കാ സഭാംഗമാക്കിയ വിവരം പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്.

യാക്കോബായ സഭയിൽ വച്ചുതന്നെ അച്ചന്റെ ഉത്തമ സുഹൃത്തു

www.malankaralibrary.com

ക്കളായിരുന്ന പത്തനംതിട്ട പീടികയിൽ ബ. ഗീവർഗ്ഗീസച്ചൻ (ഇദ്ദേഹം അച്ചന്റെ ഒരു ബന്ധുകൂടിയായിരുന്നു), കടമ്മനിട്ട പുത്തൻപുരയ്ക്കൽ ബ. ഗീവറുഗീസച്ചൻ, കുമ്പഴ മേലേതിൽ ബ. ഫീലിപ്പോസച്ചൻ, കൊട്ടാരക്കര വലിയ വീട്ടിൽ ബ. അലക്സാണ്ടർ അച്ചൻ (പിൽക്കാലത്ത് കോർ എപ്പിസ്ക്കോപ്പാ) എന്നിവർ കൂടെക്കൂടെ അച്ചനെ സന്ദർശിക്കുകയും സൗഹൃദബന്ധം ഉറപ്പിക്കുകയും ചെയ്തിരുന്നു. ഇവരുടെ പുനരൈക്യത്തിനു ശേഷം തിരുവനന്തപുരം അതിരൂപതയിലെ മുതിർന്ന പുരോഹിതന്മാരായിരുന്നു ഇവരെല്ലവരും. ഒരിക്കൽ ഒരു പ്രത്യേക കാര്യത്തിനെപ്പറ്റി ആലോചിക്കാനായി ഏതാനും വൈദികർ അച്ചന്റെ വീട്ടിലെത്തി. അച്ചനാകട്ടെ "തിരുവനന്തപുരം ആർച്ച് ബിഷപ്പിന്റെ നേരെ അവർക്കുണ്ടായിരുന്ന അതൃപ്തിയെപ്പറ്റി, അവരെ ഗുണദോഷിക്കുകയും ഡെലിഗേറ്റിന്റെ പേർക്ക് ഹർജി അയയ്ക്കരുതെന്നു പ്രത്യേകം ഏർപ്പാടു ചെയ്യുകയും ചെയ്തു." (1938 ജനുവരി 11)

## അഞ്ചലിന്റെ അഭ്യുദയകാംക്ഷി

അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപനത്തെ തുടർന്ന് രണ്ടു വർഷത്തോളം അവിടത്തെ എല്ലാ ചുമതലയും ബ. മത്തായി അച്ചന്റെ ചുമലിലായിരുന്നു. 1110- ൽ വികാരിയായി വന്ന ബ. ബർസ്ലിബാ അച്ചനും അതിനുശേഷം വികാരിമാരായിരുന്ന ബ. വല്യവീട്ടിൽ അലക്സാണ്ടർ അച്ചനും, ബ. ജോസഫ് തച്ചേട്ട് അച്ചനും ഇടവക സംബന്ധമായ കാര്യങ്ങളിൽ ബ. മത്തായി അച്ചന്റെ ഉപദേശം തേടിയിരുന്നു. ശ്രീ. പി. ജി. എം. ദാസ് ഇപ്രകാരം അഭിപ്രായപ്പെട്ടിരുക്കുന്നു: "ഇന്ന് അഞ്ചലിൽ കത്തോലിക്കാ തിരുസഭവഴിയുണ്ടായിട്ടുള്ള ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ ഉയർച്ചകൾക്കും ആ ധന്യാത്മാവല്ലേ കാരണഭൂതൻ എന്നു ചിന്തിച്ചുപോകുന്നതിൽ അപാകതയില്ലെന്നു കരുതുന്നു..... കത്തോലിക്കാ തിരുസഭ ഇന്നാട്ടിൽ അനുസ്യൂതം അഭിവൃദ്ധിപ്പെടാൻ ത്യാഗാത്മക ജീവിതം അനുഷ്ഠിച്ച അദ്ദേഹത്തിനു കത്തോലിക്കാ സഭയുടെ ഇന്നാട്ടിലെ അത്യത്ഭുതമായ വളർച്ച കണ്ടുകൊണ്ടു ദൈവസന്നിധിയിലേക്കു പോകാൻ കഴിഞ്ഞതു നിസ്സാരകാര്യമല്ലല്ലോ".

കൊല്ലം രൂപതയിലെ അംഗമായിരുന്നു കൊണ്ടു തിരുവനന്തപുരം അതിരൂപതയുടെ ആഭിമുഖ്യത്തിലുള്ള പുനരൈക്യപ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിൽ കൊല്ലം രൂപതാധികൃതർക്കു അതൃപ്തിതോന്നിയെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഈ അതൃപ്തി മൂലം അച്ചനെ പെട്ടെന്നു

www.malankaralibrary.com

അഞ്ചലിൽ നിന്നു കടയ്ക്കലേക്കു സ്ഥലം മാറ്റുകയും ചെയ്തു.

## കൊല്ലത്തെ മെത്രാഭിഷേകം

ബെൻസിഗർ തിരുമേനിയുടെ സ്ഥാനത്യാഗത്തെ തുടർന്നു അഞ്ചു വർഷക്കാലം വൈധവ്യം അനുഭവിച്ച കൊല്ലം രൂപതയുടെ മേലദ്ധ്യക്ഷനായി 1936-ൽ ഫാ. വിൻസെന്റ് വി. ഡെരേരെ ഒ. സി. ഡി. നിയമിക്കപ്പെട്ടു. 1936 മെയ് 17-നു കൊല്ലത്തുവച്ച് മാർപ്പാപ്പയുടെ ഇന്ത്യയിലെ പ്രതിനിധി അഭിവന്ദ്യ ലെയോ കിയർക്കൽസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിയുടെയും ആർച്ച് ബിഷപ്പ് ബെൻസിഗറിന്റേയും സഹകാർമ്മികത്വത്തിലും നടന്ന മെത്രാഭിഷേക കർമ്മത്തിൽ ബ. മത്തായി അച്ചൻ പങ്കുകൊണ്ടു.

## പ്രഥമ ദേശീയ മെത്രാൻ

1937 ജൂലൈ 1-നു കൊല്ലം രൂപതയെ വീണ്ടും വിഭജിച്ചതോടെ ബിഷപ്പ് ഡെരേരെയെ പുതിയ തിരുവനന്തപുരം (ലാറ്റിൻ) രൂപതയുടെ മെത്രാനായി സ്ഥലം മാറ്റി. കൊല്ലം രൂപതയ്ക്കാകട്ടെ ഇദംപ്രഥമമായി തദ്ദേശീയ മെത്രാനെ ലഭിക്കുകയും ചെയ്തു. 36-ാമത്തെ വയസ്സിൽ ഫാ. ജെറോം എം. ഫെർണാണ്ടസ് 1937 സെപ്തംബർ 29-നു കൊല്ലത്തെ ആദ്യത്തെ ഏതദ്ദേശീയ മെത്രാനായി പ്രഖ്യാപിക്കപ്പെട്ടു. അഞ്ചൽ വി. കൊച്ചുത്രേസ്യായുടെ പെരുന്നാൾ ആഘോഷവേളയിൽ ഈ സന്തോഷവാർത്ത പരസ്യപ്പെടുത്തുകയുണ്ടായി.

മേല്പറഞ്ഞ രണ്ടു മെത്രാൻമാരും ഇടവക സന്ദർശനത്തിന്റെ സമയത്തു അച്ചന്റെ വീട്ടിൽ ചെല്ലുകയും സല്ക്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അജപാലന സന്ദർശനത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഡയറിയിൽ കൊടുത്തിട്ടുണ്ട്. (ഇങ്ങനെയുള്ള ഒരു സന്ദർശനവേളയിലായിരുന്നു ഈ ഗ്രന്ഥകാരന്റെ ബാല്യകാലത്തു ജെറോം തിരുമേനിയുടെ മുമ്പിലേക്കാനയിച്ചു സെമിനാരിയിൽ പ്രവേശിപ്പിക്കുന്ന കാര്യം ആദ്യമായി സൂചിപ്പിച്ചത്. ഇപ്പോഴത്തെ കൊല്ലം ബിഷപ്പ് ജോസഫ് ഫെർണാണ്ടസ് തിരുമേനിയുടെ പൗരോഹിത്യ സ്വീകരണത്തിനു ശേഷം 1950-ൽ അച്ചന്റെ ക്ഷണം സ്വീകരിച്ചു വീട്ടിൽ വന്നിട്ടുണ്ട്.)

## സഹൃദയബന്ധങ്ങൾ

അഞ്ചൽ സ്വദേശികളിൽ അന്തർദ്ദേശീയ പ്രസിദ്ധി നേടിയ ഒരു

www.malankaralibrary.com

വ്യക്തിയായിരുന്നു പനയഞ്ചേരി കൊച്ചു പുന്തല മഠത്തിലെ എച്ച്. ഹരിഹരയ്യരുടെ ആറാമത്തെ പുത്രനായ എച്ച്. പി. വാറൻ എന്നറിയപ്പെട്ടിരുന്ന എച്ച്. പരമേശ്വരയ്യർ. വിദേശത്തുനിന്നും ഊർജ്ജതന്ത്രത്തിൽ രണ്ടു ഡോക്ടറേറ്റ് ബിരുദങ്ങൾ നേടിയ ശേഷം ആദ്ദേഹത്തെ തിരുവിതാംകൂർ ഇൻഡസ്ട്രീസ് വകുപ്പ് ഡയക്ടറായി നിയമിക്കുകയുണ്ടായി. ഐ. സി. എസ്.പരീക്ഷ പാസ്സായിരുന്ന അദ്ദേഹം തിരുവിതാംകൂർ യുണിവേഴ്സിറ്റി വൈസ് ചാൻസലറായും പബ്ലിക്ക് സർവ്വീസ് കമ്മിഷണറായും ജോലി നോക്കിയിട്ടുണ്ട്. തിരുവനന്തപുരത്തു സാനഡു ബംഗ്ലാവിലായിരുന്നു സ്ഥിരതാമസമെങ്കിലും അഞ്ചൽ എറനാട്ടു വിളയിൽ അദ്ദേഹത്തിനു സ്വന്തം പുരയിടവും കെട്ടിടവുമുണ്ടായിരുന്നു. (ഈ പുര്യിടമാണു പില്ക്കാലത്തു തിരുവനന്തപുരം അതിരൂപത വിലയ്ക്കെടുത്തു സെന്റ് ജോൺസ് കോളജും സെന്റ് ജോസഫ്സ് ഹോസ്പിറ്റലും മറ്റും സ്ഥാപിച്ചത്). 1113 വൃശ്ചികം 24 നു ബ. മത്തായി അച്ചൻ മറ്റു രണ്ടു വൈദികരുമൊന്നിച്ച് പരമേശ്വരന്റെ മഠത്തിൽ പോയി സൽക്കാരങ്ങൾ സ്വീകരിക്കുകയുണ്ടായി.

അനുഗ്രഹീത കവിയായിരുന്ന അഞ്ചൽ ആർ. വേലുപ്പിള്ള അച്ചന്റെ സുഹൃദ് സംഘത്തിൽ പെട്ടിരുന്നു. അദ്ദേഹത്തെ ഡോ. പി. വിനയചന്ദ്രൻ ഇപ്രകാരം വർണ്ണിച്ചിരുക്കുന്നു. "*ഒരു സന്യാസി വര്യന്റേതായിരുന്നു ആ ജീവിതം. കാഷായ വസ്ത്രധാരി, കൃശഗാത്രൻ, ഒരു ദേശാടനക്കാരൻ. വെളുത്ത തുണി തയ്ച്ചിട്ട ശീലക്കുടയുമായി നാടായ നാടൊക്കെ ചുറ്റും. ആരെക്കണ്ടാലും സ്നേഹവായ്പ്പോടെ കുശലം ചോദിക്കും. എന്നാൽ മിതഭാഷിയാണുതാനും. സഹൃദയരിൽ നിന്നും സ്നേഹപൂർവ്വം കിട്ടുന്നതു വാങ്ങും. തൃപ്തനാവും*" ('ഒരു തുള്ളി വെളിച്ചം' പേജ് 12)

1939 ജൂലൈ 7-നു അഞ്ചൽ ആർ. വേലുപ്പിള്ളയെ അതിഥിയായി സ്വീകരിച്ചു സല്ക്കരിച്ച വിവരം ഡയറിയിൽ എഴുതിയിട്ടുണ്ട്. അച്ചന്റെ പിതാവും ആർ. വി. യുടെ ഗുരുഭൂതനുമായിരുന്ന കോരുതു വാദ്ധ്യാർ (ഒന്നാം സാർ) അന്തരിച്ചതിന്റെ പിറ്റെക്കൊല്ലമായിരുന്നു ഈ സംഭവം. പരേതനെപ്പറ്റി മഞ്ജരി വൃത്തത്തിൽ നിമിഷകവിയായ ആർ. വി. എഴുതിക്കൊടുത്ത കവിത ഡയറിയിൽ നിന്ന് നേരത്തെ പകർത്തിയിട്ടുണ്ട്.

കൊല്ല വർഷം 1109 മകരം 7- നു കൊല്ലത്തു പോയി മഹാത്മാ ഗാന്ധിയുടെ പ്രസംഗത്തിൽ സംബന്ധിച്ചതും 1116 കുഭം 17-നു പുനലൂർ പേപ്പർ മില്ലിൽ ദിവാൻ സർ. സി. പി. രാമസ്വാമി അയ്യരുടെ യോഗത്തിൽ സംബന്ധിച്ചതും ഡയറിക്കുറിപ്പുകളിലുണ്ട്. 1109 ഇടവം

www.malankaralibrary.com

17 രാത്രി 10 മണിയോടുകൂടി ഉണ്ടായ 'സാമാന്യ' ഭൂകമ്പത്തെക്കുറിച്ചും എഴുതിയിട്ടുണ്ട്.

ഡയറിയിൽ അങ്ങിങ്ങായി പകർത്തിയെഴുതിയിട്ടുള്ള കവിതാശകലങ്ങളും, ഗാനങ്ങളും കഥാപുരുഷന്റെ സാഹിത്യാഭിരുചിയെ വെളിപ്പെടുത്തുന്നവയാണ്. അച്ചന്റെ അന്തേവാസികളിൽ ഇന്നാട്ടുകാർക്കു സുപരിചിതനായ ശ്രീ. പി. ജി. എം. ദാസും (മത്തായി സാർ) പരേതനായ ശ്രീ. എം. ഒ. ശാസ്ത്രിയും (പില്ക്കാലത്ത് ബ. തേവലപ്പുറത്തു ഉണ്ണൂണ്ണി ശാസ്ത്രി അച്ചൻ) ഉൾപ്പെടുന്നു. ഇവരെ കൂടാതെ ശ്രീ നാരായണദാസ്, ഉമയനല്ലൂർ ബാലകൃഷ്ണപിള്ള, സി. എ. ജോസഫ് മോനിപ്പള്ളി എന്നിവരുടെ പേരുകളും എടുത്തു പറയേണ്ടതായിട്ടുണ്ട്. കുളത്തൂപ്പുഴ താമസിച്ചിരുന്ന ശ്രീ. ഫ്രാൻസിസ് ആറാടനും (പ്രാക്കുളം), എരൂർ ശ്രീ. ആന്റണി ശാസ്ത്രിയും അദ്ദേഹത്തിന്റെ സുഹൃദ്ഗണത്തിൽപ്പെട്ടിരുന്നു. "അഞ്ചലിലെ പുഷ്പവർഷം" എന്ന ലേഖനം എഴുതി അയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചലിൽ അക്കാലത്തു ആരംഭിച്ചുകഴിഞ്ഞ ഇംഗ്ലീഷ് സ്കൂളിൽ (ഇപ്പോഴത്തെ ഗവ. ഈസ്റ്റ് ഹൈസ്ക്കൂൾ) ഒന്നിലധികം പ്രാവശ്യം പോയി യോഗങ്ങളിൽ ആധ്യക്ഷം വഹിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്.

## ചില ഉപകാരികൾ

ഫാദർ സി. കെ. മത്തായി കത്തോലിക്കാ സഭയിൽ ചേർന്നതിനു ശേഷം യാക്കോബായക്കാരായ തന്റെ പഴയ സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും പല വിധത്തിലുമുള്ള അവഗണനകൾക്കു പാത്രമായിത്തീർന്നു. കുറച്ചു നാളത്തേക്കു ഏകാന്തതയും മാനസികമായ ഒറ്റപ്പെടലും അദ്ദേഹത്തിനു അനുഭവപ്പെട്ടു. ഈ സന്ദർഭങ്ങളിൽ പഴയ കൂറ്റുകാരായ പല വൈദികരുടെയും അല്മായ സഹോദരങ്ങളുടെയും പ്രോത്സാഹനവും സഹകരണവും അദ്ദേഹത്തിനു വലിയ ആശ്വാസമായി ഭവിച്ചു. പ്രധാന ഉപകാരികളിൽ ചങ്ങനാശ്ശേരി സെന്റ് ബെർക്കുമെൻസ് കോളജ് റിട്ട. പ്രിൻസിപ്പൽ റവ. ഫാ. മാത്യു പുരയ്ക്കൽ, റിട്ട. ജഡ്ജി റ്റി. ജെ. ജോസഫ് തുമ്പശ്ശേരി, അഡ്വ. ജോസഫ് പഞ്ഞിക്കാരൻ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കേണ്ടതുണ്ട്.

## കുടുംബനായകൻ

തീക്ഷ്ണതയേറിയ ഒരു അജപാലകനായി പ്രവർത്തിച്ചതോടൊപ്പം കഥാപുരുഷൻ സ്നേഹനിധിയായ ഒരു കുടുംബനാഥനെന്ന നിലയിലും പ്രശോഭിച്ചിരുന്നു. മക്കളുടെ വിദ്യാഭ്യാസം, സ്വഭാവ സംസ്ക്കരണം തുട

www.malankaralibrary.com

ങ്ങിയ കാര്യങ്ങളിൽ അദ്ദേഹം വളരെയധികം ശ്രദ്ധപതിപ്പിച്ചിരുന്നു. യാക്കോബായ സഭയിൽ നിന്നും പിരിഞ്ഞതിനു ശേഷം മൂത്ത പെൺമക്കളുടെ വിവാഹം നടത്തുന്നതിനു പല വൈതരണികളും കടക്കേണ്ടിവന്നു. മലങ്കര കത്തോലിക്കാ സമുദായം അതിന്റെ ശൈശവ ദശയിലായിരുന്നതിനാൽ അനുരൂപന്മാരായ വരന്മാരെ അവരുടെയിടയിൽ നിന്നും ലഭിക്കുക ദുഷ്ക്കരമായിരുന്നു. അതേ സമയം, കത്തോലിക്കാ സഭയ്ക്കു പുറത്തു മക്കളെ കെട്ടിച്ചയക്കുന്നതിനു അച്ചനു താല്പര്യവുമില്ലായിരുന്നു. മാത്രമല്ല, ഈ വിഷയത്തിൽ അന്നത്തെ സഭാനിയമങ്ങൾ വളരെ കർക്കശവുമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള വിശാലമായ എക്യുമെനിക്കൽ കാഴ്ചപ്പാടല്ലായിരുന്നു അന്നു നിലവിലിരുന്നത്. സ്വന്തം പിതാവിന്റെ ശവസംസ്ക്കാരത്തിൽ സംബന്ധിക്കാൻ യാക്കോബായ ദേവാലയത്തിൽ പോകുന്നതിനുപോലും അനുവാദം തേടേണ്ടിയിരുന്നു.

ഇങ്ങനെയുള്ള സാഹചര്യത്തിൽ അച്ചന്റെ ദൃഷ്ടി പമ്പയ്ക്ക് വടക്കുള്ള പഴയ കൂറ്റു സമുദായത്തിലേക്കു തിരിഞ്ഞു. ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ, മുതലായ സ്ഥലങ്ങളിലുള്ള കത്തോലിക്കാ വൈദികരുമായി ബന്ധപ്പെട്ടു സ്വന്തം പെൺമക്കൾക്കും പുനരൈക്യപ്പെട്ട മറ്റു കുടുംബാംഗങ്ങൾക്കും യോഗ്യന്മാരായ വരന്മാരെ കണ്ടു പിടിച്ചു. അങ്ങനെ, തന്നോടുകൂടി കത്തോലിക്കാ സഭയിലേക്കു വന്ന കുടുംബങ്ങളിലെ പല പെൺകുട്ടികളെയും കത്തോലിക്കാ സഭയിൽ തന്നെ കെട്ടിച്ചയച്ചു.

ആൺമക്കളെല്ലാം വിദ്യാർത്ഥികളായിരുന്നപ്പോൾ തന്നെ അച്ചൻ മരിച്ചെങ്കിലും എല്ലാവരും സാമാന്യ വിദ്യാഭ്യാസം പൂർത്തിയാക്കി ഒരോ രംഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. സാമ്പത്തികമായി മക്കൾക്കു വലുതായൊന്നും നീക്കിവയ്ക്കുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ അദ്ദേഹത്തിന്റെ ധന്യമായ ജീവിത മാതൃക കുടുംബാംഗങ്ങൾക്കു ലഭിച്ച വിലപിടിപ്പുള്ള പൈതൃകമാണ്.

## വൈദിക പിൻതുടർച്ച

ഇത്തരുണത്തിൽ തന്റെ സീമന്ത പുത്രനെ (ഈ ലേഖകനെ) അദ്ദേഹം വിശേഷ വിധിയായി പരിശീലിപ്പിക്കുന്നതിൽ പതിപ്പിച്ച ശ്രദ്ധ നന്ദി നിറഞ്ഞ ഹൃദയത്തോടു കൂടി മാത്രമേ സ്മരിക്കാൻ കഴിയൂ. മറ്റൊരിടത്തു ഞാൻ പ്രസ്താവിച്ചിട്ടുള്ളതു പോലെ എന്റെ വന്ദ്യ പിതാവു തന്നെയായിരുന്നു പൗരോഹിത്യ ശുശ്രൂഷയിലേയ്ക്കു എനിക്കു പ്രചോ

www.malankaralibrary.com

ദനം നല്കിയ പ്രധാന വ്യക്തി. ബാല്യകാലം മുതല്ക്കേ അൾത്താര ശുശ്രൂഷയിൽ സജീവ പങ്കാളിത്തം വഹിക്കുന്നതിനു എനിക്കു സന്ദർഭം ലഭിച്ചു. മാത്രമല്ല, അപ്പച്ചന്റെ സൈക്കിളിന്റെ പിറകിലിരുന്നു സവാരി ചെയ്തു മിഷൻ രംഗങ്ങൾ അടുത്തു കാണുന്നതിനും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സംഗതിയായി. അങ്ങനെ `വീടാണ് ആദ്യത്തെ സെമിനാരി' എന്ന ചൊല്ല് എന്നെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായി. ഭക്തയും നിഷ്ഠാവതിയുമായ എന്റെ അമ്മയും എന്റെ ദൈവ വിളിക്കു നിദാനമായി. 1939 മേയ് 2-നു കൊല്ലം സെന്റ് റഫേൽസ് സെമിനാരിയിൽ കൊണ്ടുപോയി ചേർത്തതു മുതൽ 1949 മാർച്ച് 19നു കൊല്ലം തങ്കശ്ശേരി പ്രോക്കത്തീഡ്രലിൽ വച്ച് എന്റെ പൗരോഹിത്യ സ്വീകരണത്തിൽ സംബന്ധിക്കുന്നതു വരെ അദ്ദേഹം എന്നോടുകൂടി ഉണ്ടായിരുന്നു. ഇന്നും ആ ദിവ്യ സാന്നിദ്ധ്യമുണ്ടെന്ന് എനിക്ക് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നു.

## ജീവിതാന്ത്യം

1112 മുതൽ അപ്പച്ചന്റെ ആരോഗ്യം മോശമായി തുടങ്ങിയതായ സൂചനകളുണ്ട്. വയറുകടി, വാതം, പനി എന്നീ രോഗങ്ങളാണു പറഞ്ഞിട്ടുള്ളതെങ്കിലും അവിരാമമായ അദ്ധ്വാനത്തിന്റെ ഫലമായി ഉദരത്തിൽ ഉണ്ടായ അൾസർ ശ്രദ്ധിക്കാതെ കൊണ്ടു നടന്നതിന്റെ ഫലമായാണ് അദ്ദേഹം അകാലചരമമടഞ്ഞത്. 1946 നവംബർ 14-നു ബിഷപ്പ് ജെറോം തിരുമേനി അയച്ച ഒരു കത്തിൽ അപ്പച്ചന്റെ `മോശമായ ആരോഗ്യസ്ഥിതിയെ'പ്പറ്റി എഴുതിയിട്ടുണ്ട്. ഇക്കാരണത്താലായിരുന്നു 1949-ൽ ഈ ലേഖകൻ പട്ടമേറ്റു കഴിഞ്ഞു ഒരു വർഷത്തേക്ക്, തന്നെ സഹായിക്കാനായി എന്റെ സേവനം ആവശ്യപ്പെട്ടത്. എന്നാൽ 1952-ൽ എന്നെ ഉപരിപഠനത്തിനയക്കാൻ തീരുമാനിക്കുകയും മദ്രാസിലും തിരുവനന്തപുരത്തും പ്രവേശനം ലഭിക്കുകയും ചെയ്തപ്പോൾ "തിരുവനന്തപുരത്തു പോയാൽ മതി" എന്നുപദേശിക്കുകയാണുണ്ടായത്. അതുകൊണ്ട് രോഗം മൂർച്ഛിച്ച സന്ദർഭത്തിൽ ഓടിയെത്തി അദ്ദേഹത്തെ പരിചരിക്കുന്നതിനും അത്യാവശ്യ വൈദ്യശുശ്രൂഷ ലഭ്യമാക്കുന്നതിനും സാധിച്ചു. മരിക്കുന്നതിനു ഏതാനും ദിവസം മുമ്പ് താമസം പള്ളിമേടയിലേക്കു മാറ്റുകയാൽ അവിടെ വച്ചാണ് 1952 ആഗസ്റ്റ് 23-നു അന്ത്യമുണ്ടായത്. അന്നു വൈകിട്ടു തന്നെ പള്ളിയുടെ പാർശ്വത്തിൽ കൊല്ലം ബിഷപ്പ് ജെറോം ഫെർണാണ്ടസ് തിരുമേനിയുടെ കാർമ്മികത്വത്തിലും 36-ൽ പരം വൈദികരുടെയും അനേകം വിശ്വാസികളുടെയും സാന്നിദ്ധ്യത്തി

www.malankaralibrary.com

ലും അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സംസ്ക്കരിക്കപ്പെട്ടു. സന്നിഹിതരായ വൈദികരുടെ കൂട്ടത്തിൽ എന്റെ സഹപാഠികളായ ബ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി അച്ചനും (പില്ക്കാലത്തു തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ) ഫാദർ ജോസഫ് ജി. ഫെർണാണ്ടസും (ഇപ്പോഴത്തെ കൊല്ലം മെത്രാൻ) ഉണ്ടായിരുന്നു. (25-ാം ചരമവാർഷികം പ്രമാണിച്ച് 1977 ആഗസ്റ്റ് 23-നു അഞ്ചൽ സെന്റ് ജോസഫ്സ് ആശുപത്രിയോടനുബന്ധിച്ച് രോഗികളായ വൈദികർക്കു വേണ്ടി പണി തീർത്ത വാർഡിന്റെ ഉദ്ഘാടനം ദിവംഗതരായ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ്, കൊല്ലം ബിഷപ്പ് ഡോ. ജെറോം എം. ഫെർണാണ്ടസ് എന്നീ തിരുമേനിമാർ നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത സന്ദർഭത്തിൽ `അഞ്ചലച്ചൻ അഥവാ റവ. ഫാ. സി. കെ. മത്തായി' എന്ന ഒരു ലഘു പത്രികയും പ്രകാശനം ചെയ്യപ്പെട്ടു). ചരമത്തെ തുടർന്നു 1952 സെപ്റ്റംബർ 6-ലെ ദീപിക ദിനപ്പത്രം `പരേതനായ അഞ്ചലച്ചൻ - ഒരു അനുസ്മരണം' എന്ന ലേഖനം ഒന്നാം പേജിന്റെ മദ്ധ്യഭാഗത്തു ചിത്രസമേതം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ലേഖനം താഴെ കൊടുക്കുന്നു.

## "പരേതനായ ബ. അഞ്ചലച്ചൻ"
## ഒരു അനുസ്മരണം

(സി. എ. ജെ.)

*മദ്ധ്യതിരുവിതാംകൂറിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നോടികളിലൊരാളായ അഞ്ചൽ പള്ളി വികാരി റവ. ഫാ. സി. കെ. മത്തായി അവർകൾ ഉദരസംബന്ധമായ രോഗം നിമിത്തം ആഗസ്റ്റ് 23-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 57 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ശവ സംസ്കാര കർമ്മം അന്നു വൈകിട്ടു കൊല്ലം ബിഷപ്പ് റൈറ്റ് റവ. ഡോ. ജെറോം ഫെർണാണ്ടസ് തിരുമനസിലെ പ്രധാന കാർമ്മികത്വത്തിലും മൂന്നു റീത്തുകളിലുമുൾപ്പെട്ട മുപ്പത്തിയാറിൽ പരം വൈദികരുടെ സഹകരണത്തിലും വമ്പിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.*

*പരേതൻ 33 കൊല്ലം മുമ്പ് യാക്കോബായ സഭയിൽ പൗരോഹിത്യം സ്വീകരിച്ച് പ്രശസ്തമായ നിലയിൽ ജോലി നോക്കിയ ശേഷം 1105-ൽ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. കൊല്ലം രൂപതയിലെ കിഴക്കൻ മിഷനിൽ ഇക്കഴിഞ്ഞ 23 കൊല്ലമായി നിസ്വാർത്ഥ സേവനമനുഷ്ഠിച്ച ഒരു ഉത്തമ പ്രേഷിത വര്യനായിരുന്നു ബ. മത്തായിയച്ചൻ. അദ്ദേഹത്തിന്റെ മൂത്ത പുത്രൻ ഒരു വൈദികനും മറ്റൊരു പുത്രൻ*

www.malankaralibrary.com

ഇൻഡോർ മിഷനിൽ ഒരു വൈദികാർത്ഥിയുമാണ്.

ഏതാണ്ട് കാൽ ശതാബ്ദത്തിനപ്പുറം - മലങ്കര സഭയിൽ റീത്തു പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പ് തന്നെ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട ഒരു വന്ദ്യവൈദികനാണ് ബഹുമാനപ്പെട്ട `അഞ്ചലച്ചൻ' എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന റവ. ഫാ. സി. കെ. മത്തായി. പ്രലോഭനങ്ങൾക്ക് അടിമപ്പെടാതെ ഒരു മാതൃകാ വൈദികനായി ജീവിച്ച് ഭാഗ്യമരണം പ്രാപിച്ച അദ്ദേഹത്തിന്റെ ജീവിതം അത്ഭുതകരവും വിസ്മയനീയവുമായ ദൈവ പരിപാലനത്തിനു അതുല്യമായ ദൃഷ്ടാന്തമാണ്.

ഒരു വിധത്തിലും കത്തോലിക്കാ വിശ്വാസം പ്രചരിക്കുവാൻ നിവൃത്തിയില്ലാതിരുന്ന ഒരു സ്ഥലത്ത് ആ സാഹചര്യങ്ങളിൽ തിരുസഭയെപ്പറ്റി അനേകം അബദ്ധ വിശ്വാസങ്ങളും തെറ്റിദ്ധാരണകളും നിറഞ്ഞിരുന്ന ഒരു ജനസമൂഹത്തിന്റെയിടയിൽ അവരുടെ ആദ്ധ്യാത്മിക ശുശ്രൂഷകനായി ജീവിതരംഗത്തിറങ്ങിയ ഒരാളാണ് ബ. അഞ്ചലച്ചൻ. യാക്കോബായ സഭയിൽ സമുന്നതമായ ഒരു സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. കാതോലിക്കാ ബാവായുടെ സെക്രട്ടറിയായും പന്ത്രണ്ടിലധികം പ്രധാന പള്ളികളുടെ വികാരിയായും അദ്ദേഹം യാക്കോബായ സഭയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റവ. ഫാ. സി. കെ. മത്തായിയുടെ കുടുംബവും യാക്കോബായ സഭയിലെ പ്രബലവും പുരാതനവുമായ കുടുംബങ്ങളിലൊന്നായിരുന്നു. സന്മാർഗനിരതരും ഈശ്വരഭക്തരുമായ മാതാപിതാക്കളിൽ നിന്നും 1071 കർക്കടകം 20-ാം തീയതി അദ്ദേഹം പത്തനാപുരം താലൂക്കിൽ അഞ്ചൽകരയിൽ ചങ്ങരംപള്ളിൽ എന്ന പ്രസിദ്ധ കുടുംബത്തിൽ ഭൂജാതനായി. സാമാന്യവിദ്യാഭ്യാസത്തിനു ശേഷം കോട്ടയം, പരുമല, കുണ്ടറ മുതലായ സെമിനാരികളിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി 1919 സെപ്റ്റംബറിൽ നവപൂജയർപ്പിച്ചു.

ഒരു പുരോഹിതനായിത്തീർന്ന അദ്ദേഹം ക്രൈസ്തവ സഭകളുടെ വിവിധത്വത്തെപ്പറ്റി കാര്യമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. മാതൃസഭയിൽ നിന്നും വിട്ടുപോയ ബന്ധുജനത്തെയും സ്വസമുദായത്തെയും സത്യമാർഗത്തിലേക്കു പിന്തിരിക്കണമെന്നും കാതോലികവും ശ്ലൈഹികവുമായ സത്യസഭ ഒന്നുമാത്രമേയുള്ളുവെന്നും അതു വിശുദ്ധ കത്തോലിക്കാ സഭയാണെന്നും മനസിലാക്കി അദ്ദേഹം 1105 ധനു 26-ാം തീയതി കത്തോലിക്കാസഭയിൽ പ്രവേശിച്ചു. തൽഫലമായി ആവിർഭവിച്ച നിരവധി വൈഷമ്യങ്ങളെ സസന്തോഷം സ്വീകരിച്ചു ത്യാഗത്തിലും സേവനത്തിലും കൂടി ജീവിതം അങ്ങനെ നീട്ടി.

www.malankaralibrary.com

*ബ. അഞ്ചലച്ചന്റെ പുനരൈക്യ കാലത്തു മദ്ധ്യതിരുവിതാംകൂറിൽ മിഷൻ വേല ചെയ്തുകൊണ്ടിരുന്നത് ബെൽജിയൻ കർമ്മലീത്താ മിഷനറിയായ റവ. ഫാ. ജോൺ മേരി അവർകളായിരുന്നു. ജോൺ മേരിയച്ചന്റെ ഉപദേശവും സഹകരണവും മാത്രമായിരുന്നു കത്തോലിക്കാ സഭാപ്രവേശനത്തിനു അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ച അപ്രധാനമല്ലാത്ത കാരണം.*

*സഭാപ്രവേശം സമ്പൽസമൃദ്ധിയുടെ ഉപരിതലത്തിൽ നിന്നും ബ. അച്ചനെ ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലേക്കു താഴ്ത്തി. അവയിലൊന്നും കുലുങ്ങാത്ത മനസ്സോടും വ്യതിചലിക്കാത്ത വിശ്വാസത്തോടും കൂടി അദ്ദേഹം തീക്ഷ്ണമായി മിഷൻ പ്രവർത്തനം തുടരുകയും, അഞ്ചലിലും പരിസരങ്ങളിലുമായി പത്തിലധികം കത്തോലിക്കാ മിഷൻ കേന്ദ്രങ്ങൾ തുറക്കുകയും ചെയ്തു.*

*റവ. ഫാ. സി. കെ. മത്തായിയുടെ പുനരൈക്യ കാലഘട്ടത്തിൽ ഈ പ്രദേശങ്ങളിൽ കത്തോലിക്കരായി അദ്ദേഹവും ഒരു ജ്യേഷ്ഠ സഹോദരനും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ നൂറുകണക്കിനു കത്തോലിക്കർ തിങ്ങി വസിക്കുന്ന പ്രദേശങ്ങളാണ് ആ മിഷൻ പ്രവർത്തന കേന്ദ്രങ്ങൾ. എരിവോടും ശുഷ്കാന്തിയോടും കൂടിയുള്ള പ്രയത്നത്തിൽ ദൈവാനുഗ്രഹം കൂടിക്കലർന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണല്ലോ അത്. തന്റെ പ്രേഷിതവൃത്തി അനുസ്യൂതം തുടർന്നുകൊണ്ടു പോകുന്നതിനും ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിനുമായി കനിഷ്ഠ സന്താനത്തെ വൈദിക പദവിയിലേക്ക് ഉയർത്തുന്നതിനും മരിക്കുന്നതിനു അല്പകാലം മുമ്പ് മറ്റൊരു പുത്രനെ ഇൻഡോർ മിഷനിലേക്കു അയക്കുന്നതിനും ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചിട്ടുണ്ട്.*

*ഇപ്രകാരം ക്രിസ്തുവിന്റെ രാജ്യത്തിനു വേണ്ടി അവിശ്രാന്തം പ്രയത്നിച്ച ആ മിഷനറി തനിക്കായി സജ്ജമാക്കിയിരിക്കുന്ന നിത്യസമ്മാനം പ്രാപിക്കുവാൻ തന്റെ ആത്മീയ മക്കളെ അവസാനമായി വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളട്ടെ.*

(ശ്രീ. സി. ഏ. ജോസഫ് മോനിപ്പള്ളി വെഞ്ചേമ്പ് ഇടവകാംഗവും ബ. മത്തായിയച്ചന്റെ ഒരു സഹപ്രവർത്തകനുമായിരുന്നു. അദ്ദേഹത്തിന്റെ ഈ ലേഖനം 1952 സെപ്റ്റംബർ 6 (1128 ചിങ്ങം 21) ശനിയാഴ്ചത്തെ 'ദീപിക'യുടെ ഒന്നാം പേജിൽ മദ്ധ്യഭാഗത്തായി പ്രത്യേക പ്രാധാന്യം കൊടുത്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ശവസംസ്ക്കാര ശുശ്രൂഷയുടെ ഒരു ചിത്രവും ഒപ്പമുണ്ടായിരുന്നു.)

www.malankaralibrary.com

## അനുശോചന സന്ദേശങ്ങൾ

1 Rt. Rev. Dr. Vincent V. Dereere O. C. D
Bishop of Trivandrum.

Dear and Rev. Father C. M. George,

Please accept my heart-felt condolence on the sad occasion of the death of your dear father Rev. Fr. Mathai for whom I have always had a high appreciation.

I assure you of my earnest prayers for the repose of the soul of the dear departed. May his soul rest in peace.

I regret to say that I could not possibly be present for the burial as I received your telegram too late.

With my best blessing

yours devotedly in X to et Ma
Fr. Vincent V Dereere OCD
Bishop of Trivandrum.

Dated Bishop's House
Vellayambalam
Kawdiar P.O
Trivandrum
24th August 1952.

www.malankaralibrary.com

2. Rt. Rev. Mgr. Bernard D'cruz
Vicar General
Diocese of Quilon

My very dear Fr. George,

On the 20th instant I had the happiness to run up to Anchal and whisper words of comfort to your dear deceased father Rev. Fr. Mathai. May his soul rest in peace. I have prayed much for his Reverence and offered a Holy Mass for him.

Accept, please, my sincere condolence and convey the same to all the members of your family.

With love,

Yours very sincerely
in Our Lord
Fr. Bernard D'cruz

Bishop's House
Quilon, South India.
Dated 29-8-1952

3. Rt. Rev. Mgr. Victor Fernandez D. D
Rector, St. Raphael's Seminary
Quilon.

Dear Rev. Fr. George,

I offer you my sincere condolence and to all the members of your family on the demise of your beloved father. I regret I am unable to attend the funeral. I shall pray for the eternal rest of the departed soul.

Yours sincerely in Christ
Fr. V. Fernandez

Dated St. Raphael's Seminary
Quilon S. India
Aug 23 /1952

www.malankaralibrary.com

4. Rt. Rev. Mgr. Remban Philipose Cheppad,
Domestic Prelate to H. H. the Pope

Dear Rev. Father,

അച്ചന്റെ പിതാവും എന്റെ ആപ്തമിത്രവുമായ മത്തായി അച്ചന്റെ ദേഹവിയോഗത്തെപറ്റി അയച്ച വ്യസനകരമായ കത്തുകിട്ടി. എന്റെ ദുഃഖവും നിങ്ങളോട് കൂടിയുള്ള എന്റെ സഹതാപവും അറിയിക്കുന്നു. പരേതൻ എന്റെ സഹപാഠിയും ഉറ്റ ഒരു സ്നേഹിതനും ആയിരുന്നു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ട ശാന്തി നല്കുവാനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. അച്ചന്റെ അമ്മയെയും, സഹോദര സഹോദരിമാരെയും ഞാൻ പ്രത്യേകം ചോദിച്ചിരിക്കുന്നതായി പറയണം. ദൈവം അനുഗ്രഹിക്കട്ടെ. എന്നു

ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ

Archbishop's House
Pattom, Trivandrum,
S. India
Dated 28-8-52

5. Fr. Joseph Kuriathadom M. A
Principal
St. Thomas College, Palai.

Rev. and dear Father,

I am really sorry to hear about the sad demise of your beloved father. Let me convey my heartfelt expression of condolence. I have prayed for him and shall continue to do so in my holy Mass. He is one who has served our Lord faithfully. God will reward his faithful servant. I saw an appreciation of his work published in the

www.malankaralibrary.com

paper.

Yours in Christ Jesus

Dated: Palai
7-9-1952

Fr. J. Kuriathadom

6. Rev. Fr. Norbert OCD
(Belgian Missionary)

My dear Rev. Father,

I was really very sorry to hear about the demise of your beloved father and my dear friend.

I 'll surely pray in a special manner for the repose of his soul. R. I. P

Kindly accept my sincere condolences in your bereavememt.

Dated: Balaramapuram

Sincerely yours in X to

30-8-52

Fr. Norbert O. C. D

7. The Editor,
The Deepika
Kottayam.

Rev. and dear Fr.,

My sincere condolence on your beloved father's death. After knowing his history, I took special interest in giving special promi-

www.malankaralibrary.com

nence in the paper, which of course is a thing that ought to be done as seen from the life history. May God give him eternal rest.

In union of prayers,

Dated: Kottayam
17-9-52

Fr. Meletius T. O. C. D

8. Rev. Fr. Charles M. Fernandez
(later V. G. Quilon)

My dear Rev. Fr. George,

My hearty condolence to you, and assurance of prayers for the repose of the soul of your beloved father.

Your loving brother in Xt

Fr. Charles M. Fernandez

Valiaperumpuzha
Mavelikkara P. O
S. India
Dated: 27-8-52

9. Very Rev. Fr. Aurelian O.C.D
Rector, St. Joseph's Apostolic Seminary
Alwaye (T. C. State)

Rev. and dear Father,

Sorry to understand the demise of your dear Rev. Father. I join you in recommending him to God that he may enjoy eternal

www.malankaralibrary.com

rest. I passed the card to the brothers and am sure that they too will remember him in their prayers. Kindly accept our condolence.

With kindest regards,

Sincerely yours in O. L.
Fr. Aurelian O.C.D
Rector

Dated: Alwaye
2nd Sept. 1952

10. Rev. Fr. J. Kunnappally
Professor,
St. Joseph's Apostolic Seminary
Alwaye.

Dear Rev. Father,

അങ്ങയുടെ വന്ദ്യപിതാവിന്റെ ചരമവർത്ത കാണിച്ച് അയച്ച കത്തിന് നന്ദിപറയുന്നു. ഹൃദയംഗമമായ അനുശോചനങ്ങൾ സ്വീകരിച്ചാലും. പരേതനു വേണ്ടി പ്രത്യേകിച്ചു ദിവ്യബലിയിൽ പ്രാർത്ഥിക്കുന്നതാണ്. ദൈവത്തിന്റെ വിശ്വസ്ത ശുശ്രൂഷകനായി ജീവിച്ച അദ്ദേഹം വിളംബം വിനാ നിത്യാനന്ദത്തിലേക്ക് സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം.

പ്രാർത്ഥനൈക്യത്തിൽ

സ്വന്തം

Fr. J. Kunnappally

Dated: Mangalapuzha (Alwaye)
2-9-52

www.malankaralibrary.com

11. Rev. Fr. Peter Verhaelen S. V. D.
Rector
Mission Seminary
Mhow M. B.

Dear Rev. Father,

I came just from an outing with the boys when I read your letter with that very sad news.

All the boys said the rosary soon after their arrival from the picnic for your father. Next morning I said a requiem Mass at the high altar.

I feel with you and the whole family in these days and promise my prayer esp. at holy mass

Yours sincerely in O. L
Fr. Peter Verhaelen S. V. D

Dated: Mhow
3-9-52

12. Rev. Fr. Raphael C. D'cruz

My dear Rev. Father,

My most hearty condolence at the demise of your beloved father, the saintly missionary Father Mathai.

All who hear about his death say that he was really a zealous missionary and is gone to get the reward of his labour.

I promise you my earnest prayers for the repose of his soul. I

www.malankaralibrary.com

know the loss is irreparable. God will protect the family, be assured.

Yours ever in Jesus
Fr. R.C. D'cruz

Dated: Kottiyam
25-8-52

13. Mother M. Clare
Superior,
Adoration Monastery
Quilon.

My dear Reverend Father George,

Pax et bonum.

With deepest sentiments of heartfelt sympathy we join you in prayer and sacrifice for your beloved father and "saintly priest" who has left this vale of tears for a better Home. How beautiful that he really died at his post of duty. The grand soul!

I received your kind letter with the picture of your dear father, with yourself. I treasure it. Ever so many thanks, dear Father.

Only this afternoon we were told of your dear father. So we at once said special prayers. He surely must have a very beautiful place in heaven.

Respectfully yours in Jesus & Mary
Mother M. Clare

Dated: Quilon
Aug. 25, 1952

www.malankaralibrary.com

14. Mother General
Immaculate Heart of Mary Convent
Pattathanam, Quilon.

Dear and Rev. Father,

അച്ചന്റെ പിതാവിന്റെ സുഖക്കേടുവിവരം കാണിച്ചെഴുതിയിരുന്ന കത്ത് നേരത്തെതന്നെ കിട്ടി. ഞങ്ങൾ എല്ലാവരും പ്രാർത്ഥിച്ചു. എന്തൊ, ദൈവ തിരുമനസ് മറിച്ചായിരുന്നു. പിറ്റേ ദിവസം തന്നെ അച്ചൻ മരിച്ചു എന്ന വാർത്തയും അറിഞ്ഞു. ആയതിൽ അച്ചനോടൊന്നിച്ചു ഹാർദ്ദ മായി സഹതപിക്കുന്നു. എല്ലാം ദൈവതിരുമനസെന്നറിഞ്ഞു നമുക്കു സമാധാനിക്കാം. അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കാം.

മിശിഹായിൽ വിനീത

Dated: Quilon
31-8-52

Sr. Henrica Mary
Mother General

15. ഫാ. ഗീവറുഗീസ് പീടികയിൽ

കർത്താവിൽ പ്രിയ അക്കാമ്മയും വാത്സല്യ കുഞ്ഞുങ്ങളും അറിയുന്നതിനു,

എന്റെ ആത്മമിത്രമായ ബ. അച്ചന്റെ മരണവാർത്ത അറിഞ്ഞു. പെട്ടെന്നു ഞെട്ടി കുറെ നേരം സ്തംഭിച്ചു നിന്നു പോയി...... ബ. അച്ചൻ ഹൃദയപരമാർത്ഥതയും വിശുദ്ധിയും ഉള്ള ഒരു ദേഹമായിരുന്നു. ദൈവ സ്നേഹം കൊണ്ടും പരസ്നേഹം കൊണ്ടും എരിഞ്ഞുകൊണ്ടിരുന്ന ഒരു ഹൃദയമാണ് അച്ചനുണ്ടായിരുന്നത്. തന്മൂലം സകല ജാതി മതസ്ഥ ന്മാർക്കും സുസമ്മതനും ആയിരുന്നു. തിരുസഭയെയും തന്റെ ആടുക

www.malankaralibrary.com

ളെയും പറ്റി വളരെ ശുഷ്ക്കാന്തിയുള്ളവനുമായിരുന്നു. അക്കാമ്മയ്ക്ക് ഏറ്റം ഉത്തമനായ ഒരു ഭർത്താവും കുഞ്ഞുങ്ങൾക്ക് ഒരു മാതൃകാ പിതാവും ആയിരുന്നു അദ്ദേഹം. എന്നെ സംബന്ധിച്ചാണെങ്കിൽ ഇത്രമാത്രം സ്നേഹിച്ച ഒരു സ്നേഹിതൻ വേറെയില്ലായിരുന്നു....... ഒരു മാടപ്രാവിനെപ്പോലെ അദ്ദേഹത്തിന്റെ ആത്മാവ് കർത്താവിന്റെ സന്നിധിയിലേക്ക് പറന്നു പോയി. അച്ചന്റെ വേർപാടിൽ ഞങ്ങൾ നിങ്ങളോടു കൂടി ദുഃഖിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു......

ഫാ. ഗീവറുഗീസ് പീടികയിൽ

Dated: ഓമല്ലൂർ
26-8-1952

16. Rev. Fr. Lukose Mannikarottu

My dear Rev. Father,

പ്രിയ പിതാവിന്റെ മരണവാർത്ത അറിയിച്ചുകൊണ്ട് അയച്ച വ്യസനകരമായ കാർഡ് കിട്ടി. അതുകണ്ട മാത്രയിൽ ഞങ്ങൾ എല്ലാം ഞെട്ടിപ്പോയി. പരേതൻ എന്റെ ബന്ധുവെന്നു മാത്രമല്ല, ഒരുമിച്ച് ഒരു ദിവസം ശെമ്മാശു പട്ടമേറ്റ നാൾ മുതൽ വെട്ടിയാൽ വേർപെടാത്ത നിലയിൽ ഉള്ള ഒരു ബന്ധമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. ഒരു ആത്മസുഹൃത്തിന്റെ വേർപാടിൽ നിർവ്യാജം ദുഃഖിക്കുകയും കുടുംബാംഗങ്ങളോടു കൂടി അനുശോചിക്കുകയും ചെയ്തു കൊള്ളുന്നു. അദ്ദേഹം ആശ്വാസത്തിന്റെ സ്ഥലത്തിൽ വിശ്രമം കൊള്ളുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അത്ര പരമാർത്ഥിയും ശുദ്ധഹൃദയനുമായിരുന്നു. അദ്ദേഹം നമുക്കുവേണ്ടി പ്രാർത്ഥിക്കാനും വഴി ഒരുക്കാനും മുൻപേ പോയിരിക്കുന്നതിനാൽ നമുക്ക് ആശ്വസിക്കുക തന്നെ ചെയ്യാം. നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊള്ളുന്നു.

Dated: Aenathimangalam
Kadica 30-8-52

Father Lukose Mannikarottu
Medayil

www.malankaralibrary.com

17. Miss Saramma Pothan
Advocate.

Dear Rev. Father,

I was shocked when I read in the paper about the sad and untimely departure from our midst of your beloved father. I really do not know what words I can offer by way of consolation because I know very well what an irreparable loss it is.

I have had the privilege of meeting your father only about two or three times, and he has impressed me as being a saintly person. I am sure our Heavenly Father who will judge us according to His mercy rather than according to his justice will give the dear departed eternal rest. I shall offer my humble prayers also on his behalf.

Please say a little prayer for me once in a way.

With kind regards,

Yours sincerely
Saramma Pothan

Dated: Ernakulam
10-9-1952

18. P. G. M. Das
Charummood

വ. ബ. അച്ചാ,

എന്താണ് എഴുതേണ്ടത് എന്നെനിക്കറിഞ്ഞുകൂടാ. ആ കാർഡ് സ്കൂളിൽ ഞാൻ ക്ലാസെടുത്തു കൊണ്ട് നില്ക്കുമ്പോഴാണ് കിട്ടിയത്. ഞാൻ ജീവച്ഛവമായിപ്പോയി.

www.malankaralibrary.com

ആ സ്നേഹമൂർത്തിയായ അവിടുത്തെ വ. പിതാവിനെ - അല്ല, എന്റെ വ. ബ്. പിതാവിനെ ഒരു നോക്കു കൂടെ വന്നു കാണുവാൻ കഴിഞ്ഞില്ലല്ലോ! എന്നു ഞാൻ വ്യസനിക്കുന്നു.

ആ സംപൂജ്യവും നിഷ്ക്കളങ്കവുമായ വദനം! സ്വർഗത്തിൽ നമ്മെ നോക്കി പുഞ്ചിരി കൊ ള്ളുന്നു. ഈ ലോകത്തും അദ്ദേഹം ആശ്വാസത്തോടെ ആനന്ദത്തോടെ, സമാധാനത്തോടെ ജീവിച്ചു. ഞാൻ അറിഞ്ഞിടത്തോളം ഇത്ര ഗംഭീരമായ ഒരു ശവസംസ്ക്കാരം ഒരു വൈദികനും ലഭിച്ചതായി കേരളക്കര സ്വപ്നം പോലും കണ്ടുകാണുകയില്ല. അതെല്ലാം ആ ശുദ്ധഹൃദയത്തിനവകാശപ്പെട്ടതു സർവ്വശക്തൻ നല്കി. അദ്ദേഹത്തിന്റെ വേർപാടിൽ സന്തപ്തചിത്തരായ ഏവരോടും കൂടി എന്റെ ഹൃദയവും വേദന അനുഭവിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നു.

Dated: Charummood
Nooranad. P.O
3-9-52

സ്വ. മത്തായി സാർ

19. Mr. P. M. Philip,
Govt. Medical Store, Pugee Road
Dar - Es - Salaam

Dear Rev. Father,

We are all very much shocked to hear about the sad demise of your beloved Appachan. I must say he was an asset to the Catholic community and was admired and loved by all. We will be remembering him in our prayers and we firmly believe and trust that he is enjoying beatific vision. May his soul rest in peace.

Please convey our heartfelt sympathy to the members of your family.

With best wishes and regards

Yours affly
Kunjachan

Dated: Dar - es - Salaam
25-9-52

www.malankaralibrary.com

20. M. P. Paul
Lambak Estate
Kluang, Johore.

My dear Achan,

ഏറ്റവും സങ്കടകരമായ വാർത്ത അടങ്ങിയ എഴുത്തു കിട്ടി. വായിച്ചതിൽ അതിയായി വ്യസനിക്കുന്നു. അച്ചനു നല്ല സുഖമില്ലാതെയിരിക്കുന്നുവെന്നു കുറച്ചു മുൻപെ അറിഞ്ഞിരുന്നുവെങ്കിലും ഇത്രപെട്ടെന്നു നമ്മളെ വിട്ടുപോകുമെന്നു ഒരിക്കലും വിചാരിച്ചില്ല. പരമപിതാവിന്റെ ആജ്ഞയെ തടുക്കുവാൻ ആർക്കു സാധിക്കും? ഇത്രയും കാലമെങ്കിലും നമ്മളൂടെ കൂടെ ഇരിക്കുവാൻ സാധിപ്പിച്ചുതന്ന ദൈവത്തെ സ്തുതിച്ച് ആവിടുത്തെ ആഗ്രഹപ്രകാരം നമുക്കു മുൻപോട്ടു പോകാം. സങ്കടത്തിലിരിക്കുന്ന കൊച്ചമ്മയ്ക്കും കുഞ്ഞുങ്ങൾക്കും ആശ്വാസവും സമാധാനവും കൊടുക്കുന്നതിനു ഞങ്ങളും മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. സകല ദുഃഖങ്ങളേയും ഇല്ലാതാക്കുന്ന പരമപിതാവായ ദൈവം നമുക്ക് ഒരോരുത്തർക്കും സമാധാനം തരട്ടെ.

Yours affly
Chittappan

Dated: Kluang, Johore
14-10-52

21. K. A. Mathew Mappila
St. Joseph's College (S.H.Hostel)
Teppakulam, Trichinopoly

My dear and Rev. Fr,

നമ്മുടെ ബഹുമാനപ്പെട്ട വല്യച്ചന്റെ മരണവാർത്ത എത്രമാത്രം ഹൃദയഭേദകമായിരുന്നു എന്നു പറഞ്ഞറിയിക്കാൻ പ്രയാസം. വല്യച്ചന്റെ

www.malankaralibrary.com

മരണം നമുക്കെല്ലാവർക്കും ഒരു തീരാനഷ്ടമാണ്. ഇത്രവേഗം അദ്ദേഹം നമ്മെ എല്ലാം വിട്ട് പരലോകത്തേക്കു പോകുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

അച്ചന്റെ മരണമോർക്കുമ്പോൾ "ഗുണികളൂഴിയിൽ നീണ്ടു വാഴാ" എന്ന ആപ്തവാക്യമാണു ഞാൻ സ്മരിക്കുന്നത്. അച്ചന്റെ പരോപകാര തല്പരത, ദീനദയാലുത, വിനയസമ്പൂർണ്ണമായ പെരുമാറ്റം, തീക്ഷ്ണമായ ഭക്തി മുതലായ ഗുണങ്ങൾ എത്ര തന്നെ പ്രശംസിച്ചാലും മതിയാകുന്ന തല്ല.

എന്റെ ഒരു അഭ്യുദയകാംക്ഷി എന്ന നിലയിൽ അദ്ദേഹം ചെയ്തി ട്ടുള്ള സഹായങ്ങളും ഉപദേശങ്ങളും ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അച്ചന്റെ സ്നേഹമസൃണമായ പെരുമാറ്റങ്ങൾക്കു ബാല്യം മുതൽ പാത്രീ ഭൂതനായ എനിക്കു അദ്ദേഹത്തോടു ഒരു പ്രത്യേക കടപ്പാടുണ്ട്.

എന്നു തമ്പി
K. A. Mathew Mappila

Dated: Trichinopoly
27th August 1952

22. K. A. Oommen
48, New Ready Money Bldg.,
Clare Road, Byculla, Bombay-8

My dear Achan,

വല്യച്ചന്റെ മരണവാർത്തയറിഞ്ഞു ഞാൻ സ്തംഭിച്ചുപോയി. ഞാൻ ബോംബെയിൽ വന്നിട്ടു ഇതുവരെയും ഇത്രമാത്രം ഹൃദയഭേദകമായ ഒരു വാർത്ത എനിക്കു എങ്ങുനിന്നും ലഭിച്ചിട്ടില്ല. അത്രമാത്രം അഭേദ്യ മായിട്ടുള്ള ഒരു സ്നേഹബന്ധമായിരുന്നു വല്യച്ചനും ഞാനുമായുണ്ടാ യിരുന്നത്. വളരെ ചെറുപ്രായത്തിൽ വച്ചു തന്നെ അദ്ദേഹത്തിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ള പ്രചോദനങ്ങളും സഹായങ്ങളും ഒരു കാലത്തും മറക്കുന്നതിനു നിവൃത്തിയില്ല. നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി മാത്രമേ

www.malankaralibrary.com

ആ കരുണാമൂർത്തിയെ എനിക്കു സ്മരിക്കുന്നതിനു സാധിക്കുകയുള്ളു. വാസ്തവത്തിൽ ഇതെഴുതുന്ന അവസരത്തിൽ ഞാനറിയാതെ തന്നെ എന്റെ കണ്ണുകൾ രണ്ടും നിറഞ്ഞുപോകുന്നു.

അദ്ദേഹത്തിന്റെ സേവനങ്ങൾ ഇനിയും നമുക്കു വേണ്ടിയിരുന്നു. ഏതായാലും അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള നിസ്വാർത്ഥ സേവനങ്ങൾ ഒന്നും തന്നെ ലോകം വിസ്മരിക്കുകയില്ല.

അദ്ദേഹത്തിന്റെ നിത്യ ശാന്തിക്കുവേണ്ടി വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നു.

എന്ന്, ഉമ്മച്ചൻ

Dated, Bombay
September 1, 1952

K. A. Oommen

www.malankaralibrary.com


അച്ചനും മകനും: റവ. ഫാ. സി. കെ. മത്തായി റവ. ഫാ. സി. എം. ജോർജിന്റെ പ്രഥമദിവ്യബലിയർപ്പണ വേളയിൽ

www.malankaralibrary.com



റവ. ഫാ. സി. കെ. മത്തായിയുടെ ശവസംസ്ക്കാരശുശ്രൂഷ.
കൊല്ലം ബിഷപ്പ് ജെറോം എം. ഫെർണാണ്ടസ് നിർവഹിക്കുന്നു.

www.malankaralibrary.com

# രണ്ടാം ഭാഗം

www.malankaralibrary.com

## ദേശത്തു പട്ടക്കാരൻ

കൊല്ല വർഷം 1095 ചിങ്ങം 13- നു യാക്കോബായ സഭയിലെ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടതു മുതൽ 1105 വൃശ്ചികം 9-നു അഞ്ചൽ സെന്റ് ജോർജ്ജ് പള്ളിയോടു വിട പറഞ്ഞിറങ്ങുന്നതു വരെ ഈ പ്രദേശത്തുള്ള പന്ത്രണ്ടു യാക്കോബായ (ഓർത്തഡോക്സ്) പള്ളികളുടെ വികാരിയായി സ്തുത്യർഹമായ സേവനം കാഴ്ച വച്ചു എന്ന ബഹുമതിയായിരുന്നു ബ. സി. കെ. മത്തായിക്കത്തനാർക്കുണ്ടായിരുന്നത്. ആദ്യത്തെ അഞ്ചു വർഷക്കാലത്തു (1095 മുതൽ 1100 വരെ) `പള്ളിവക കണക്കുപുസ്തകം' എന്ന പേരിൽ ഇടവകയിലെ പ്രധാനപ്പെട്ട സംഭവങ്ങളായിരുന്നു രേഖപ്പെടുത്തിയിരുന്നത്. (അക്കാലത്തു ഇടവക രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുന്ന ഏർപ്പാടു് ആരംഭിച്ചിട്ടില്ലായിരുന്നു എന്നു മനസ്സിലാക്കുന്നു.) ഈ പ്രദേശങ്ങളിലുള്ള പഴയ തലമുറയിലെ ക്രൈസ്തവരുടെ മാമ്മോദീസാ, വിവാഹം, ശവസംസ്ക്കാരം ആദിയായ രേഖകൾ ഈ ഡയറികളിലുണ്ടു്. 1100-ാ മാണ്ടു മുതൽ പ്രൈവറ്റു ഡയറി പുസ്തകമായിട്ടാണെഴുതിയിരുന്നത്.

### കാതോലിക്കാവാഴ്ച

ഈ കാലഘട്ടത്തിൽ മലങ്കര യാക്കോബായ സഭാചരിത്രത്തിലെ ഒരു നിർണ്ണായക സംഭവമായിരുന്നല്ലോ 1912-ൽ അബ്ദൽ മിശിഹാ പാത്രിയർക്കീസ് കണ്ടനാട്ടു മാർ ഇവാനിയോസിനെ പ്രഥമ കാതോലിക്കായായി വാഴിച്ചത്. പിറ്റെക്കൊല്ലം തന്നെ പുതിയ കാതോലിക്കാ കാലം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ പിൻഗാമിയെ നിയമിക്കുവാൻ പന്ത്രണ്ടു നീണ്ട വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. 1925 ഏപ്രിൽ 30-ന് നിരണത്തു പള്ളിയിൽ വച്ച് കോട്ടയം ഇടവകയുടെ മാർ ഫീലക്സിനോസിനെ (വാകത്താനം) ദ്വിതീയ കാതോലിക്കായായി അഭിഷേകം ചെയ്തു. പ്രസ്തുത സംഭവത്തെക്കുറിച്ചു ഡയറിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"1100 മേടം 21- അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും കാതോലിക്കായെ വാഴിച്ച വിവരം സവിസ്തരം പ്രസ്താവിക്കുകയും ചെയ്തു."

തുടർന്നു 1104- ൽ തന്റെ ഗുരുഭൂതനും ആത്മീയ പിതാവുമായിരുന്ന കുണ്ടറ മാർ ഗ്രിഗോറിയോസ്, കാതോലിക്കായായി സ്ഥാനമേറ്റ സംഭവവും വിവരിച്ചിട്ടുണ്ട്.

www.malankaralibrary.com

"1104 കുംഭം 6-. അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. ബസേലിയോസ് ദ്വിതീയൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തെ സംബന്ധിച്ചു ഞാനും, മി. വർഗ്ഗീസും പ്രസംഗിച്ചു."

## വട്ടിപ്പണക്കേസ്

യാക്കോബായ സഭയിൽ കോളിളക്കം സൃഷ്ടിച്ച മറ്റൊരു പ്രശ്നമായിരുന്നു വട്ടിപ്പണക്കേസ്. വായനക്കാരുടെ അറിവിനായി പ്രസ്തുത കേസിന്റെ ചരിത്രം സംക്ഷിപ്തമായി കുറിക്കുകയാണ്. "മാർത്തോമ്മാ ഏഴാമൻ ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ എട്ടു ശതമാനം പലിശയ്ക്കു സ്ഥിര നിക്ഷേപമായി 3000 പൂവരാഹൻ (10500 രൂപാ) ഏല്പിച്ചിരുന്നു. വർഷം തോറും ലഭിക്കുന്ന വട്ടി (പലിശ) സമുദായത്തിന്റെ സാമൂഹിക സേവനത്തിനു ഉപയോഗിക്കാനായിരുന്നു തീരുമാനം. വട്ടിപ്പണത്തിൽ 840 പൂവരാഹൻ (2940 രൂപ) മാർത്തോമ്മാ ആറാമൻ പിരിച്ചു ബ്രിട്ടീഷ് റെസിഡന്റ് മെക്കാളെയെ ഏൽപ്പിച്ചതാണ്. ബാക്കി 2160 പൂവരാഹൻ (7560 രൂപ) തിരുവിതാംകൂർ സർക്കാർ നൽകിയതാണ്. പള്ളികൾ നശിപ്പിച്ചവരിൽ നിന്ന് നഷ്ടപരിഹാരമായി തുക ഈടാക്കിയാണ് സർക്കാർ ഈ തുക നൽകിയത്.

വട്ടിപ്പണത്തിന്റെ പലിശയ്ക്കായി ജോസഫ് മാർ ദിവന്നാസ്യോസിന്റെ പിൻഗാമി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും എതിർ വിഭാഗത്തിന്റെ (പാത്രിയർക്കീസ് വിഭാഗം) മെത്രാനും തമ്മിൽ നടന്ന വ്യവഹാരമാണ് വട്ടിപ്പണക്കേസ്.

വട്ടിപ്പണക്കേസിനു കാരണമായത് വട്ടശ്ശേരി മാർ ദിവന്നാസ്യോസിനെ അബ്ദല്ലാ പാത്രിയർക്കീസ് മുടക്കിയ സംഭവമാണ്. പാത്രിയർക്കീസിനു ലൗകികാധികാരം സമ്മതിച്ചു കൊടുക്കുന്ന ഉടമ്പടിയിൽ ഒപ്പ് വയ്ക്കാൻ വട്ടശ്ശേരി മാർ ദിവന്നാസ്യോസ് വിസമ്മതിച്ചു. പാത്രിയർക്കീസ് ഉടനെ യോഗം വിളിച്ചുകൂട്ടി മാർ കൂറിലോസിനെ മലങ്കര മെത്രാനാക്കി. ഇതിനെതിരെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് നീങ്ങി.

അതുവരെ വട്ടിപ്പണത്തിന്റെ പലിശയായി ഉണ്ടായിരുന്ന 3306 രൂപാ തിരുവനന്തപുരം ജില്ലാക്കോടതിയിൽ ബ്രിട്ടീഷ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് കെട്ടിവച്ചു യഥാർത്ഥ അവകാശികൾക്കു കൊടുക്കാൻ 1913-ൽ ജില്ലാക്കോടതിയിൽ ഇന്റർപ്ലീഡർ കേസ് ഫയൽ ചെയ്തു. ഇതിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും ട്രസ്റ്റിമാരും 1, 2, 3 പ്രതികളും, കൂറിലോസും ട്രസ്റ്റികളും 4, 5, 6 പ്രതികളുമായിരുന്നു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കിയത് അസാധുവാണെന്ന് കോടതി വിധിച്ചു.

www.malankaralibrary.com

വട്ടിപ്പണ പലിശ വാങ്ങാൻ 1, 2, 3 പ്രതികൾക്കു അവകാശമുണ്ടെന്നു വിധിയായി.

എന്നാൽ 1923-ൽ ഹൈക്കോടതിയിലുണ്ടായ അപ്പീൽ വിചാരണയിൽ ജില്ലാക്കോടതിയുടെ വിധി അസ്ഥിരപ്പെടുത്തുക മാത്രമല്ല വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മുടക്കു ശരി വയ്ക്കുകയും ചെയ്തു. 1928-ൽ ഹൈക്കോടതിയിൽ ഇതേ വിധി തന്നെ പുനർവിചാരണ ചെയ്ത് മാർ ദിവന്നാസ്യോസിന്റെ അവകാശങ്ങളെല്ലാം സ്ഥാപിച്ചു കൊടുത്തു". (മലയാള മനോരമ 1995 ജൂൺ 20, P.9)

മേല്പറഞ്ഞ വിധിയെക്കുറിച്ച് ഡയറിയിൽ ഇപ്രകാരം പരാമർശിക്കുന്നു.

"1103 മിഥുനം 25- അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. സാമാന്യം ജനം കൂടിയിരുന്നു. വട്ടിപ്പണക്കേസിലെ വിധി പ്രസ്താവിച്ചു.

1103 മിഥുനം 32-പുനലൂർ പള്ളിയിൽ വട്ടിപ്പണക്കേസിനെപ്പറ്റി പ്രസ്താവിച്ചു."

## യാക്കോബായ(ഓർത്തഡോക്സ്)പള്ളികൾ

### 1. അഞ്ചൽ സെന്റ് ജോർജ്ജ് പള്ളി

അച്ചന്റെ ആദ്യത്തെ പത്തു വർഷത്തെ അജപാലന ശുശ്രൂഷ അഞ്ചൽ കേന്ദ്രമാക്കിയായിരുന്നു. അഞ്ചലിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയമായ സെന്റ് ജോർജ്ജ് ചർച്ച് 1069-ൽ സ്ഥാപിതമായി. ഇതിന് ആവശ്യമായ സ്ഥലം ഈശ്വര ഭക്തനും, ധനവാനുമായിരുന്ന പുത്തേത്തു കോണത്ത് രാമൻ വൈദ്യൻ അവർകളിൽ നിന്നും വിലയ്ക്കു വാങ്ങുകയായിരുന്നു. മറ്റു ക്രിസ്തീയ ദേവാലയങ്ങളെ അപേക്ഷിച്ച് ഈ ദേവാലയത്തിനു ഒരു പ്രത്യേകതയുണ്ട്. ഹൈന്ദവർ മാത്രം താമസിക്കുന്ന സ്ഥലത്തിന്റെ മദ്ധ്യേയാണ് ഇതു സ്ഥിതി ചെയ്യുന്നത്. ദേവാലയത്തിനു സമീപം ഒരു ക്രിസ്തീയ ഭവനം പോലും ഇന്നും ഇല്ല. സമീപവാസികളായ ഹൈന്ദവ സഹോദരങ്ങൾ ദേവാലയ സ്ഥാപനം മുതൽ ഇന്നു വരെ വളരെ ഭക്ത്യാദരങ്ങളോടെയാണ് ഇതിനെ സൂക്ഷിക്കുന്നത്. കൂടാതെ പതിവായി നേർച്ച കാഴ്ചകൾ അർപ്പിക്കുന്നവരും ധാരാളമുണ്ട്.

ഈ ദേവാലയത്തിന്റെ സ്ഥാപനത്തിൽ അച്ചന്റെ പിതാവ് കോരുതു

www.malankaralibrary.com

വാദ്ധ്യാർ വഹിച്ച പങ്കിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കാലാനുസൃതമായ മാറ്റങ്ങളോടെ ഈ ദേവാലയം രണ്ടു പ്രാവശ്യം പുതുക്കി പണിതിട്ടുണ്ട്. ബ. സി. കെ. മത്തായിക്കത്തനാർ വികാരിയായിരുന്ന കാലത്തു പള്ളി പണിയെപ്പറ്റി ആലോചിക്കുകയുണ്ടായി. ഡയറിയിൽ ഇങ്ങനെ കാണുന്നു:

"1104 മകരം 25- ഇന്നേ ദിവസം പുതിയ പള്ളിക്കും, കിണറിനും സ്ഥാനം കാണുന്നതിനായി അഞ്ചൽ പള്ളിയിൽ പോയി. പുനലൂർക്കാർ ആശാരിമാരും, മുത്തു എന്ന കല്ലനും ഉണ്ടായിരുന്നു. ഇടവകക്കാരായ വേങ്കിരഴികത്തു കൊച്ചുകുഞ്ഞ്, അപ്പൻ (കോരുതു വാദ്ധ്യാർ), കണ്ടത്തിൽ മാത്തുമാപ്പിള (ഭാര്യാപിതാവ്) പൂവത്താംകാവിൽ കുഞ്ചാണ്ടിച്ചൻ ഇത്രയും പേരും ഞാനും ഉണ്ടായിരുന്നു. കിണറിന്റെ സ്ഥാനം കണ്ടപ്പോൾ പുഷ്പം അടുക്കാഴികയാൽ എല്ലാവർക്കും വിഷമമുണ്ടായി. പള്ളി പണി ദീർഘകാലം കൊണ്ടു മാത്രമേ പൂർത്തിയാകുകയുള്ളു, എന്ന ലക്ഷണം ഉണ്ട് എന്നു മേസ്ത്രി പറഞ്ഞു." (ഇപ്പോഴുള്ള പള്ളിക്ക് തറക്കല്ലിട്ടത് 1968-ലും, പണിപൂർത്തിയാക്കി കൂദാശ നടത്തിയത് 1985-ലുമാണ്)

അഞ്ചൽ പള്ളിയെ സംബന്ധിച്ചിടത്തോളം പ്രധാന സംഭവം ആണ്ടുതോറും കർക്കടകം 22-നു നടത്തുന്ന `അഞ്ചലച്ച'ന്റെ ഓർമ്മപ്പെരുന്നാളാണ്. "പ്രാർത്ഥന, ഉപവാസം, ജീവിത വിശുദ്ധി എന്നിവ കൃത്യനിഷ്ഠയോടെ പാലിച്ച ഒരു പുരോഹിതശ്രേഷ്ഠൻ 150 കൊല്ലങ്ങൾക്കുമുമ്പ് ഈ പ്രദേശത്ത് ജീവിച്ചിരുന്നു. മരുന്തിലഴികത്തു കുടുംബാംഗമായ യൗനാൻ കത്തനാർ `അഞ്ചലച്ചൻ' എന്ന നാമത്തിൽ അറിയപ്പെട്ടിരുന്നു. ജാതിമത ഭേദമന്യേ അനേകർ ഈ ആചാര്യന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട് നേർച്ചകാഴ്ച്ചകൾ അർപ്പിക്കുന്നു." (തിരുവനന്തപുരം ഭദ്രാസന ഡയറക്ടറി പേജ് 15)

1096 മുതൽ 1103 വരെയുള്ള ഡയറികളിൽ അഞ്ചലച്ചന്റെ പെരുന്നാൾ ആചരണത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്.

"1096 കർക്കടകം 22- അഞ്ചൽ കശീശോ മോർ യോനായുടെ പെരുന്നാൾ സംബന്ധിച്ചു കുർബാന ചൊല്ലി. അപ്പൻ പ്രസംഗിച്ചു.

1097 കർക്കടകം 22- അഞ്ചൽ അച്ചന്റെ പെരുന്നാൾ നടത്തി.

1100 കർക്കടകം 22- അഞ്ചലച്ചന്റെ പെരുന്നാൾ കഴിക്കുകയും മരുന്തിരഴിയത്തു പ്രത്യേക സദ്യയിൽ സംബന്ധിക്കുകയും ചെയ്തു.

www.malankaralibrary.com

1101 കർക്കടകം 22- അഞ്ചലച്ചന്റെ പെരുന്നാൾ കഴിച്ചു. മിക്കവാറും പള്ളി നിറയെ ജനങ്ങൾ വന്നിരുന്നു. വിശിഷ്യാ മാവേലിക്കരക്കാരൻ മാമ്മനും ഉണ്ടായിരുന്നു. പ്രസ്തുത പെരുന്നാളിനെ സംബന്ധിച്ച് അപ്പൻ (കോരുതു വാദ്ധ്യാർ) സമഷ്ടിയായ ഒരു പ്രസംഗം നടത്തുകയുണ്ടായി.

1102 കർക്കടകം 22- അഞ്ചൽ അച്ചന്റെ പെരുന്നാൾ കഴിക്കുകയും മരുന്തിരഴിയത്തു പോയി സദ്യ കഴിക്കുകയും ചെയ്തു.

1103 കർക്കടകം 22- ഇന്നേ ദിവസം അഞ്ചൽ പരേതനായ പരിശുദ്ധ യൗനാനച്ചന്റെ പെരുന്നാൾ നടത്തുകയുണ്ടായി. സാമാന്യം ജനം കൂടിയിരുന്നു. വിശിഷ്യ കലയപുരത്ത് കൊച്ചുണ്ണൂണ്ണിയും, സബ് രജി. മി. ജെയ്ക്കബും ഉണ്ടായിരുന്നു. രജിസ്ത്രാർ അവർകളുടെ പ്രസംഗം ഉണ്ടായിരുന്നു. കുർബാനാനന്തരം എന്റെ പ്രസംഗവുമുണ്ടായിരുന്നു. മരുന്തിരഴിത്തു സദ്യയുമുണ്ടായിരുന്നു.

## 2. ആയൂർ മർത്തമറിയം പള്ളി

അച്ചന്റെ മറ്റൊരു പ്രധാന ശുശ്രൂഷ മേഖല ആയൂരായിരുന്നു. ആയൂർ സെന്റ് മേരീസ് (ഓർത്തഡോക്സ്) പള്ളിയെപ്പറ്റി തിരുവനന്തപുരം ഭദ്രാസന ഡയറക്ടറിയിൽ ഇപ്രകാരം കാണുന്നു. "ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ കുന്നുംപുറത്ത് പള്ളി എന്ന പേരിൽ പള്ളി സ്ഥാപിച്ചു. 1091 മിഥുന മാസത്തിൽ ഗീവറുഗീസ് ദ്വിതീയൻ ബാവാ പള്ളിക്ക് അംഗീകാരം നല്കി. ഗവൺമെന്റിൽ നിന്ന് പുതുവലായി പള്ളിക്കനുവദിച്ച 1 ഏക്കർ 6 സെന്റ് സ്ഥലം മുളയറ ശ്രീ. ജേക്കബ് രജിസ്ട്രാരുടെ പേരിൽ ആദ്യം പതിഞ്ഞു കിട്ടിയത് പിന്നീട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കാതോലിക്കാ സിംഹാസനത്തിലേക്കു എഴുതിക്കൊടുത്തു. അട്ടായിക്കുളത്ത് ദിവ്യശ്രീ മത്തായിക്കത്തനാരായിരുന്നു പ്രഥമ വികാരി" (പേജ് 19)

ബ. സി. കെ. മത്തായിക്കത്തനാർ വികാരിയായിരുന്നപ്പോൾ പള്ളി പണിയുന്നതിന് ആലോചിക്കുകയുണ്ടായി.

"1099 ഇടവം 12- ആയൂർ പള്ളിയിൽ പോയി വി. കുർബാനയർപ്പിച്ചു. പള്ളി പണിയെ പറ്റി ആലോചിച്ചു. കണക്കു കേട്ടു. 70 രൂപാ കെട്ടിയിരിപ്പുണ്ട്.

1100 ചിങ്ങം 28- ആയൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. പള്ളി പണി പൂർത്തീകരിക്കുന്നതിനു വരി ഇട്ടു. എന്റെ വക 3 രൂപാ കൂടി

www.malankaralibrary.com

വരിയിൽ ഉൾപ്പെടുത്തി. രജിസ്ട്രാർ പ്രസംഗിച്ചു. അധികം ജനമുണ്ടായി രുന്നു.

1102 വൃശ്ചികം 27- ആയൂർ പള്ളിയിൽ കുർബാനാനന്തരം രജിസ്ട്രാർ അവർകൾ പ്രസംഗിക്കുകയുണ്ടായി. പള്ളിപണി എത്രയും വേഗത്തിൽ നടത്തണമെന്നും മദ്ബഹാ എങ്കിലും കെട്ടി അടയ്ക്കണമെന്നും മറ്റും ഞാൻ പ്രസ്താവിച്ചതിനാൽ ഒരു യോഗം കൂടി എന്റെ അഭിപ്രായം ഐകകണ്ഠ്യേന സ്ഥിരപ്പെടുത്തി.

(ഇതെഴുതുമ്പോൾ ഇപ്പോഴത്തെ വികാരി റവ. ഫാ. തോമസ് റ്റി. വർഗീസിന്റെ നേതൃത്വത്തിൽ ഈ പള്ളി വിപുലമാക്കി പണി നടത്തി ക്കൊണ്ടിരിക്കുകയാണ്. ഗ്രന്ഥകർത്താവ്)

ആയൂർ പള്ളിയിലെ പെരുന്നാളാഘോഷത്തിന്റെ വിവരണം അത്യന്തം രസാവഹമാണ്.

"1-7-1101- ഇന്നേ ദിവസം ആയൂർ പള്ളിയിൽ പോയി പെരുന്നാൾ ഘോഷയാത്രയായി നീറായിക്കോട്ടു വരെ രാത്രിയിൽ പോയി. വഴിമദ്ധ്യേ കുറുക്കംകോട്ടുകാരുടെ കാപ്പികുടി കഴിഞ്ഞു വീണ്ടും അട്ടായിക്കുളത്ത ച്ചനോടു കൂടി പള്ളിയിൽ വന്നു. പാപ്പിജ്യേഷ്ഠന്റെ വീട്ടിൽ ചെന്ന ശേഷം അച്ചനോടു കൂടി ചാക്കോച്ചന്റെ വസതിയിൽ പോയി.

2-7-1101- വി. കുർബാനയും, ഭക്ഷണവും കഴിഞ്ഞു വണ്ടിയിൽ ശൂലാ പ്പാലം വരെ പോയി മടങ്ങി 4 മണിക്കു പള്ളിയിൽ വന്നെത്തി. ചെണ്ട കൊട്ടുകാർക്ക് സമ്മാനം കൊടുത്തശേഷം നെടുവിളയിൽ പോയി.

3-ാം തീയതി രാവിലെ മാക്കുളത്തു പള്ളിയിൽ പോയി. വി. കുർബാനാ നന്തരം നെടുവിളയിൽ വന്നു ഭക്ഷണവും, ധൂപവും കഴിഞ്ഞു വീട്ടിൽ വന്നു ചേർന്നു. (1949-ൽ ഈ ലേഖകന്റെ പൗരോഹിത്യ സ്വീകരണ ത്തിനു ശേഷം വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ ആയൂർ ജങ്ഷനിൽ വച്ചു നടത്തിയ ഒരു പൊതുയോഗത്തിൽ എന്നെ ക്കൊണ്ടു പോയി പ്രസംഗിപ്പിച്ച കാര്യം ഇപ്പോഴും ഓർക്കുന്നു. ആ അവസരത്തിൽ അപ്പച്ചന്റെ പഴയ ഇടവകക്കാർ എന്നെ സ്നേഹപൂർവ്വം സ്വീകരിക്കുകയും എനിക്കു സ്വാഗതമരുളുകയും ചെയ്യുകയുണ്ടായി. ഗ്രന്ഥകർത്താവ്.)

### 3. ഇളമ്മാടു് സെന്റ് തോമസ് പള്ളി

ആയുരിന് സമീപമുള്ള ഇളമ്മാടു് സെന്റ് തോമസ് പള്ളി കഥാപു

www.malankaralibrary.com

രുഷന്റെ ഒരു പ്രധാന പ്രവർത്തന രംഗമായിരുന്നു. പ്രസ്തുത പള്ളിയുടെ ചരിത്രം ഭദ്രാസന ഡയറക്ടറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "കാലം ചെയ്ത പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് കൊല്ലം മെത്രാപ്പോലീത്ത ആയിരുന്നു കാലം 1099 മകരം 18- ാം തീയതി (1923) താൽക്കാലിക ദേവാലയ പ്രതിഷ്ഠാകർമ്മം നടത്തി........ അഞ്ചൽ ചങ്ങരംപള്ളിൽ ദിവംഗതനായ മത്തായി അച്ചനായിരുന്നു ആദ്യ വികാരി" (പേജ് 21)

പള്ളിപ്പെരുന്നാളുകളെ പറ്റി ഡയറിയിൽ പരാമർശിച്ചിട്ടുണ്ട്.

"1101 മകരം 19- ഇളമാട്ടു പള്ളിപ്പെരുന്നാൾ നടത്തി. സാമാന്യം ജനം കൂടിയിരുന്നു. താമസം ലൂക്കോച്ചന്റെ വസതിയിലായിരുന്നു. വിശിഷ്യാ കെ. എം. മാത്യു മാടപ്പാംകിഴക്കതിൽ (പുനലൂർ) ഉണ്ടായിരുന്നു.

1102 കർക്കടകം 3- ഇളമ്മാടു പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ കഴിച്ചു".

ഇളമ്മാട്ടെ ഒരു രോഗീ സന്ദർശനത്തിന്റെ വിവരണം പലതുകൊണ്ടും ശ്രദ്ധേയമാണ്. അത് അതേപടി ഇവിടെ പകർത്തുന്നു.

"1101 വൃശ്ചിക മാസം 28- ഇളമ്മാട്ടു പള്ളിയിൽ വി. കുർബാനയർപ്പിക്കുന്നതിലേക്കായി ശനിയാഴ്ച ദിവസം പാലാംകോണത്ത് പോയി താമസിച്ചു. എന്നോടൊന്നിച്ചു ആയൂർ വാർപ്പുപുരയിൽ അബ്രഹാം കൂടിയുണ്ടായിരുന്നു. ഞായറാഴ്ച വി. കുർബാന കഴിഞ്ഞു ടി പാലാംകോണത്തു ചെന്നു ഭക്ഷണം കഴിച്ചു. പൊരിയ്ക്കൽ തോട്ടത്തിൽ ശെമ്മാശ്ശന്റെ ദീനമറിവാൻ പോയിരുന്നു. അവിടെ ചെന്നപ്പോൾ ശെമ്മാശ്ശൻ എന്നോട് വളരെ സ്നേഹം പ്രദർശിപ്പിച്ചു. എനിക്കു വളരെ മനസ്താപം തോന്നി. കരഞ്ഞു പോയി. അപ്പോത്തിക്കിരിയെ (അലോപ്പതി ഡോക്ടർ) കൊണ്ടു വരണമെന്ന് അഭിപ്രായപ്പെട്ടതിൽ പലർക്കും എതിരഭിപ്രായമുണ്ടായതു കൊണ്ടും കൊച്ച് എന്നൊരാളുമായി ചില്ലറ വാദപ്രതിവാദങ്ങളുമുണ്ടാകയാലും അയാൾ വൈദ്യനെ (ആയുർവേദം) വിളിക്കാൻ പോകയാലും ഞാൻ പിൻവലിഞ്ഞു. എംകിലും പോകാമെന്ന് വച്ചു വഴിയിൽ ഇറങ്ങിയപ്പോൾ പണമില്ലാഴികയാൽ ഒരാൾ വീണ്ടും ശെമ്മാശ്ശന്റെ വീട്ടിൽ പോയി പണം കൊണ്ടു വരാമെന്നു പറഞ്ഞതനുസരിച്ചു തിര്യെപ്പോയ ആൾ വരുമ്പോൾ വണ്ടിക്കാരനുമായി ആയൂരിൽ വന്നു ചേരണമെന്നും രജിസ്ട്രാർ അവർകളുടെ വീട്ടിൽ അന്വേഷിക്കണമെന്നും പറഞ്ഞിരുന്നു. ആരും വരാഴികയാൽ അന്നു ഞാൻ അവിടെ താമസിച്ചു. പിറ്റെ ദിവസം

www.malankaralibrary.com

ഞാൻ ഇവിടെപ്പോരുകയും ചെയ്തു."

## 4. മാക്കുളം പള്ളി

മാക്കുളം പള്ളികൂദാശയെ പറ്റി ഡയറിയിൽ ഇപ്രകാരം കാണുന്നു. "1097 മകരം 25- മാക്കുളത്തു പള്ളി കൂദാശ ചെയ്തു."

പ്രസ്തുത പള്ളിയുടെ ചരിത്രം ഭദ്രാസന ഡയറക്ടറിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"പെരുങ്ങള്ളൂർ മാർത്തോമ്മാ ഇടവകയിൽ നിന്നും പിരിഞ്ഞു കൊല്ല വർഷം 1070-ൽ.......... പള്ളി സ്ഥലം വാങ്ങി താല്ക്കാലികമായി ഒരു പള്ളി പണി കഴിപ്പിക്കുകയും പള്ളിയിൽ ആദ്യ വി. കുർബാന കൊട്ടാരക്കര കൈപ്പടയ്ക്കൽ ബ. മത്തായി അച്ചൻ നിർവ്വഹിക്കുകയും ചെയ്തു". (പേജ് 68)

## 5. വേങ്ങൂർ പള്ളി

ഇളമാട്ടിനു സമീപമുള്ള മറ്റൊരു ദേവാലയമാണ് വേങ്ങൂർ പള്ളി. ഇതിന്റെ സ്ഥാപനത്തെ പറ്റി ഭദ്രാസന ഡയറക്ടറിയിൽ ഇങ്ങനെ കാണുന്നു.

"വർഷങ്ങൾക്കു മുമ്പ് ചെങ്കുളത്തു നിന്നും മന്ന്യോട്ടു വീട്ടിലെ സഹോദരന്മാർ ഈ സ്ഥലത്ത് കുടിയേറി പാർത്തു. അന്ന് ആരാധനയ്ക്ക് സൗകര്യമില്ലായ്കയാൽ ഈ കുടുംബത്തിൽ പെട്ട സഹോദരന്മാർ ഗവൺമെന്റ് അനുവാദത്തോടെ ഒരു പള്ളി സ്ഥാപിച്ചു. മുടങ്ങാതെ ആരാധനയും നടന്നു വന്നു." (പേജ് 93)

പള്ളിക്കൂദാശയുടെ വിവരങ്ങൾ ഡയറിയിലുണ്ട്:

"1103 കുംഭം 7- മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ കല്പന പ്രകാരം വേങ്ങൂർ സുറിയാനിപ്പള്ളിയുടെ കൂദാശ നടത്തി. ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു". ഈ പള്ളിയിൽ വച്ചു 1103-ൽ (1928) ചെങ്കുളം സെന്റ് ജോർജ്ജ് ഇടവകാംഗമായ കൂട്ടറഴികത്തു വീട്ടിൽ കുര്യാക്കോസിന്റെയും, ശോശാമ്മയുടെയും മകൻ മത്തായിയെ മാമ്മോദീസാ മുക്കിയ സംഭവം പ്രസ്താവാർഹമാണ്. കൊല്ലം (ഓർത്തഡോക്സ്) ഭദ്രാസനാധിപനായി വാഴുന്ന നി. വ. ദിവ്യശ്രീ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്തയായിരുന്നു ഈ ശിശു. മാമോദീസായ്ക്കു കൊണ്ടു വന്നപ്പോൾ കുഞ്ഞിനു നൽകേണ്ട പേരിനെക്കുറിച്ച് വീട്ടുകാർ തമ്മിൽ തർക്കമുണ്ടായതിനെ തുടർന്ന്, "നിങ്ങൾ തർക്കിക്കേണ്ട.

www.malankaralibrary.com

എന്റെ പേരു തന്നെ കൊടുത്താൽ മതി", എന്നു വികാരി ബ. സി. കെ. മത്തായി അച്ചൻ പറഞ്ഞാണു മാമ്മോദീസാ മുക്കിയത്. (തിരുമേനി തന്നെ ഈ ലേഖകനോടു പറഞ്ഞിട്ടുള്ള കാര്യമാണിത്.)

## 6. പട്ടംകോട്ടു പള്ളി

ഇളമ്മാട്ടിനടുത്തുള്ള പട്ടംകോട്ടു പള്ളിയിൽ ഞായറാഴ്ചകളിൽ വി. കുർബാനയർപ്പിച്ചതായി ഡയറിയിൽ അങ്ങിങ്ങായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ദേവാലയം പിൽക്കാലത്ത് നിന്നു പോയതായി അറിയുന്നു. ഭദ്രാസന ഡയറക്ടറിയിലും ഇതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

## 7. മണ്ണൂർ മർത്തമറിയം പള്ളി

ഭദ്രാസന ഡയറക്ടറിയിൽ നിന്നു്: "വിശുദ്ധ മാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിൽ കൊല്ല വർഷം 1090-ൽ വി. ആരാധന തുടങ്ങി................ മറ്റു ക്രിസ്തീയ ദേവാലയങ്ങൾ ഒന്നും ഇല്ലാതിരുന്ന ആദ്യ കാലഘട്ടത്തിൽ ചണ്ണപ്പേട്ട, മുളപ്പമൺ, ചേറാട്ടുകുഴി, മണ്ണൂർ, വയലാ എന്നീ അഞ്ചു കരഭാഗങ്ങളിൽ നിന്നായി നാണൂറോളം കുടുംബങ്ങൾ ഈ ദേവാലയത്തിൽ അംഗങ്ങളായിരുന്നു" (P. 67)

മണ്ണൂർ പള്ളിപ്പെരുന്നാളിനെക്കുറിച്ചു് ഡയറിയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്.

"1101 മകരം 17- മണ്ണൂർ പള്ളിയിൽ പോയിരുന്നു. പെരുന്നാളിനു ഏകദേശം 500-ൽ പരം ആളുകളുണ്ടായിരുന്നു. വിശിഷ്യാ ബ. കലയപുരത്തു കണിച്ചേരി അച്ചനുമുണ്ടായിരുന്നു. താമസം ചെറുക്കാട്ടു (കോശി ചിറ്റപ്പന്റെ വീട്ടിൽ) ആയിരുന്നു."

മണ്ണൂർ പള്ളിയിലെ അസമാധാനത്തെപ്പറ്റിയും പരാമർശമുണ്ട്.

"1102 കുംഭം 29- മണ്ണൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. സാമാന്യം ജനം ഉണ്ടായിരുന്നു. ഏതാനും പേർ, പിഴച്ചുണ്ടായ ഒരു കുട്ടിയെ മാമോദീസാ മുക്കണമെന്ന് നിർബന്ധിക്കുകയും മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനകൂടാതെ സാധിക്കുകയില്ലെന്നും വേണമെങ്കിൽ തിരുമേനിയെ കാണാൻ ഞാൻ കൂടെ ചെല്ലാമെന്നും പറഞ്ഞിട്ടും അവർ തൃപ്തരാകാതെ ക്ഷോഭിക്കുകയും കാരണം കൂടാതെ അവർ വഴക്കുണ്ടാക്കുന്നതിനു ശ്രമിക്കുകയും ഞാൻ വളരെ താഴ്മയായി സംസാരിച്ചിട്ടും വക വയ്ക്കാതെ ഇനിയും വഴക്കുണ്ടാക്കുമെന്നു ചിലർ പറയുകയും ചെയ്തി

www.malankaralibrary.com

രിക്കുകയാൽ വിവരത്തിനു, മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധിയിൽ റിപ്പോർട്ട് അയച്ചിട്ടുണ്ട്"

തുടർന്നുള്ള വഴക്കുകളെക്കുറിച്ചും വിവരിച്ചിട്ടുണ്ട്.

"1104 കന്നി 29- ഇന്നേ ദിവസം രാവിലെ ഇവിടെ നിന്നും മണ്ണൂർ പള്ളിയിൽ വി. കുർബാനയർപ്പിക്കുന്നതിനായി മണ്ണൂർ ചെറുക്കാട്ടു ചെന്നപ്പോൾ കപ്യാർ കൊച്ചു കുഞ്ഞു കല്ലു കൊണ്ടുള്ള ഇടിയേറ്റു, ചെവിയിൽ നിന്ന് രക്തം ഒലിപ്പിച്ചു കൊണ്ട് അവശനായി കിടക്കുന്നത് കണ്ടു. വിവരം അന്വേഷിച്ചതിൽ........, .........., .......... എന്നിവർ കൂടി രാത്രിയിൽ കപ്യാരെ ഉപദ്രവിച്ചുവെന്നും രാവിലെ (29നു) ആ വിവരം ചിലരോടു പറഞ്ഞു കൊണ്ടു നില്ക്കുമ്പോൾ........... എന്നു പറഞ്ഞവൻ ഒരു കല്ലെടുത്ത് ചെവിക്കു ഇടിച്ചതാണെന്നുമറിയുകയാൽ, പെട്ടിയും എടുപ്പിച്ചു അഞ്ചൽ പള്ളിയിൽ വന്നു വി. കുർബാനയർപ്പിക്കുകയുണ്ടായി. മണ്ണൂർ നിന്ന് വരുന്ന വഴിയിൽ മങ്കുഴിക്കൽ നൈനാച്ചന്റെ വീട്ടിൽ കയറി പ്രസ്തുത സംഭവങ്ങൾ അറിയിക്കുകയുണ്ടായി."

"1104 തുലാം 6- രാവിലെ (കുണ്ടറ) സിമ്നാരിയിൽ ചെന്നു തിരുമേനിയുടെ കൈ മുത്തിയ ശേഷം കാപ്പികുടി കഴിഞ്ഞു വീണ്ടും തിരുമുമ്പിൽ ചെന്നു. മണ്ണൂർ പള്ളിയിൽ ഉണ്ടായ വഴക്കുകളെപ്പറ്റി സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. രാത്രി ഇവിടെ വന്നു."

"1104 തുലാം 7- രാവിലെ മണ്ണൂർ ചിറ്റപ്പൻ (പരേതനായ ബ. കെ. ഗീവറുഗീസ് അച്ചന്റെ പിതാവ്) അപ്പനുമായി (കോരൂതു വാദ്ധ്യാർ) വന്നു ചേർന്നു. മണ്ണൂർ പള്ളിയിലെ വഴക്കു രാജിയാക്കി."

പിറ്റെ ഞായറാഴ്ച മുതൽ മണ്ണൂർ പള്ളിയിൽ പോയി, വി. കുർബാനയർപ്പിച്ചെങ്കിലും യാക്കോബായ പള്ളികളിൽ നിലനിന്നിരുന്ന ശിക്ഷണരാഹിത്യം കഥാപുരുഷനെ ആ സഭ വിടുന്നതിനു പ്രേരിപ്പിച്ചു.

## 8. ചണ്ണപ്പേട്ട (മീൻകുളം) പള്ളി

ഇപ്പോഴത്തെ മീൻകുളം മാർ ഏലിയാസ് പള്ളിയുടെ ആരംഭത്തെപ്പറ്റി ഡയറിയിൽ പ്രസ്താവിക്കുന്നുണ്ട്.

"1099 ഇടവം 5- ഇന്നു മണ്ണൂർ പള്ളിയിൽ വി. കുർബാന നടത്തിയതിനു ശേഷം ഉച്ച കഴിഞ്ഞ് ചണ്ണപ്പേട്ടക്കാർക്കു പള്ളിസ്ഥലം നോക്കി നിശ്ചയിച്ചു."

www.malankaralibrary.com

ഈ പള്ളിയുടെ ചരിത്രം ഭദ്രാസന ഡയറക്ടറിയിൽ കൊടുത്തിരിക്കുന്നതിപ്രകാരമാണ്.

"കല്ലട, കൊടുവിള, കുണ്ടറ, തേവലക്കര എന്നീ പ്രദേശങ്ങളിൽ നിന്ന് വിശ്വാസികളായ പിതാക്കന്മാർ ഈ സ്ഥലത്ത് ഓരേക്കർ ഭൂമി വാങ്ങി 1927-ൽ ഒരു പള്ളിക്കു തുടക്കം കുറിച്ചു കൊണ്ട് ചാപ്പൽ ഉണ്ടാക്കുകയും മുടങ്ങാതെ ആരാധന നടത്തി വരികയും ചെയ്തു" (P. 64)

## 9. പുനലൂർ വലിയ പള്ളി (ചെമ്മന്തൂർ)

ബ. സി. കെ. മത്തായിക്കത്തനാർ പട്ടമേറ്റ കാലത്തു പുനലൂരിൽ ചെമ്മന്തൂർ പള്ളി മാത്രമേ ഉണ്ടായിരുന്നുള്ളു. ഡയറിയിൽ ചെമ്മന്തൂർ പള്ളി വലിയ പള്ളിയെന്നും, വാളക്കോട്ടു പള്ളി ചെറിയ പള്ളിയെന്നുമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

"27-5-1102 ഇന്നു പുനലൂർ വലിയ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. ധാരാളം ജനം കൂടിയിരുന്നു. രാത്രി കേമമായ ഘോഷയാത്ര നടത്തുകയുണ്ടായി."

പരേതനായ ബ. കണ്ടമത്തു ഗീവറുഗീസ് അച്ചന്റെ ദൈവവിളിയെക്കുറിച്ച് ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം വിജ്ഞാനപ്രദമാണ്.

"1102 മിഥുനം 5- പുനലൂർ (ചെമ്മന്തൂർ) പള്ളിയിൽ വി. കുർബാനയർപ്പിച്ചു. സാമാന്യം ജനം കൂടിയിരുന്നു. പട്ടം കൊടുക്കുന്നതിനു കണ്ടമത്തു വറീത് ഉമ്മന്റെ മകൻ ഉണ്ണിയെന്ന കൊച്ചനെ തെരഞ്ഞെടുത്തു. എല്ലാവരും ഐകകണ്ഠ്യേന സ്ഥിരപ്പെടുത്തി. മാർ ഗ്രിഗോരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധിയിലേക്ക് ഒരു ഹർജി തയാറാക്കി ഒപ്പിടുവിക്കുകയും ഉടനെ ശെമ്മാശുപട്ടം കൊടുക്കത്തക്കവണ്ണം വ്യവസ്ഥകൾ ചെയ്യുകയും ചെയ്തു."

## 10. പുനലൂർ ചെറിയ പള്ളി (വാളക്കോട്)

1102 മകരം 3-നായിരുന്നു വാളക്കോട് പള്ളിയുടെ കൂദാശ നടന്നത്. ഡയറിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"1102 മകരം 3- പുനലൂർ കൊച്ചുപള്ളി കൂദാശ ചെയ്തു. ധാരാളം ജനം കൂടിയിരുന്നു."

www.malankaralibrary.com

ഡയറക്ടറിയിൽ ഈ പള്ളിയുടെ ചരിത്രം വായിക്കുക: (പേജ് 59) "കൊല്ലവർഷം 1096-ാ മാണ്ട് ബഹു. ദിവ്യശ്രീ ഹരിപ്പാട്ട് പി. റ്റി. ഗീവർഗീസ് കത്തനാരും സഭാസ്നേഹികളായ സർവ്വശ്രീ സി. കെ. വർഗ്ഗീസ് (മത്തായിയച്ചന്റെ ജ്യേഷ്ഠ സഹോദരൻ)......... മുതലായവരുടെ ശ്രമഫല ത്താൽ ഈ പള്ളി സ്ഥാപിച്ചിരിക്കുന്ന സ്ഥലം വിലയാധാരം എഴുതി വാങ്ങുകയും ഒരു താൽക്കാലിക ഷെഡ് സ്ഥാപിച്ച് ആരാധന നടത്തു കയും ചെയ്തു." എന്നാൽ ഹരിപ്പാട്ട് അച്ചൻ മാർത്തോമ്മാ സഭയിൽ ചേർന്നതിനെത്തുടർന്ന് "ഇടവകയുടെ അനാഥ നിലയിൽ പരേതനായ അഞ്ചൽ ദിവ്യശ്രീ സി. കെ. മത്തായിക്കത്തനാർ വികാരി സ്ഥാനം ഏറ്റെടുക്കുകയും, ആ സമയത്ത് റിട്ട. എക്സി. ഇഞ്ചിനിയർ ശ്രീ ജോർജ് ഫിലിപ്പ്, ബി. ബി. എസ്റ്റേറ്റ് മാനേജർ ശ്രീ റ്റി. കെ. അലക്സാണ്ടർ, ശ്രീ റ്റി. കെ. ഉമ്മൻ എന്നിവരുടെ പരിശ്രമ ഫലമായി താൽക്കാലിക ഷെഡിന്റെ സ്ഥാനത്ത് ഒരു ദേവാലയം പണിയുകയും ചെയ്തു." (പഴയ പള്ളി പിൽക്കാലത്ത് പുതുക്കിപ്പണിതു ഇന്നു കാണുന്ന ബൃഹത്തായ ദേവാലയമായി മാറി.)

## 11. കരവാളൂർ പള്ളി

കരവാളൂർ സെന്റ് ജോർജ് പള്ളിയുടെ ചരിത്രം ഭദ്രാസന ഡയറ ക്ടറിയിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "1095-ൽ തെക്കേയറ്റത്തു പുത്തൻവീട്ടിൽ മറിയാമ്മ സഭയ്ക്ക് വേണ്ടി ദാനം ചെയ്ത സ്ഥല ത്താണ് വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ ഈ പള്ളി സ്ഥാപി ച്ചിരിക്കുന്നത്" (P. 32)

ഫാ. സി. കെ. മത്തായി പട്ടമേറ്റതു മുതൽ (1095) അവിടെ വി. കുർബാന അനുഷ്ഠിച്ചിരുന്നു. 1101 മീനം 8-നു അദ്ദേഹത്തെ ടി പള്ളി യുടെ വികാരിയായി സ്ഥിരപ്പെടുത്തിയതായി എഴുതിയിട്ടുണ്ട്.

## 12. തിങ്കൾകരിക്കം പള്ളി

1992- ൽ പ്ലാറ്റിനം ജൂബിലി ആഘോഷിച്ച തിങ്കൾകരിക്കം പള്ളി കുളത്തൂപ്പുഴ പ്രദേശത്തെ ആദ്യത്തെ ക്രൈസ്തവ ദേവാലയം ആണ്. "മലങ്കര യാക്കോബായ സഭയിലെ ഒരു ഇടവകയായി രൂപം കൊണ്ട ഈ ദേവാലയത്തിന്റെ രണ്ടാമത്തെ വികാരിയായിരുന്നു ആനപ്പുഴയ്ക്കൽ ദിവ്യശ്രീ സി. കെ. മത്തായിക്കത്തനാർ". (മാർത്തോമ്മാ ഇടവക-തിങ്കർക രിക്കം-പ്ലാറ്റിനം ജൂബിലി സ്മരണിക P. 15)

തിങ്കൾകരിക്കം യാക്കോബായ പള്ളിയുടെ കൂദാശ നടത്തിയ വിവരം

www.malankaralibrary.com

ഡയറിയിൽ ഇപ്രകാരം കാണുന്നു:

"1099 മകരം 7- തിങ്കൾകരിക്കത്തിൽ പോയി പള്ളികൂദാശ നടത്തി. വിശ്യഷ്യാ, അട്ടായിക്കുളത്തു വലിയച്ചൻ, രജിസ്ട്രാർ മുതലായവരുണ്ടായിരുന്നു"

പ്രസ്തുത പള്ളിയുടെ മുറ്റത്ത് കുരിശു പ്രതിഷ്ഠിച്ച കാര്യം സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്.

"1104 ചിങ്ങം 19- കമ്പിപ്യൂൺ (ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിലെ പ്യൂൺ) കൊച്ചിട്ടി ഈപ്പനോടൊന്നിച്ചു നെടുവന്നൂർകടവിൽ ചെന്നു. ചാക്കോച്ചൻ, വാദ്ധ്യാർ, കുഞ്ചാണ്ടിച്ചൻ (തിങ്കൾകരിക്കം), തോമ്മാസ് (വാദ്ധ്യാരുടെ മകൻ), കല്ലുംമൂട്ടിൽ ഒരു കൊച്ചൻ, വേറെ പലയാളുകളോടുമൊന്നിച്ച് കട്ടിളപ്പാറയിൽ ചെന്നു. അതു കണ്ടശേഷം വീണ്ടും തിരിച്ചു, മുൻ പോയിരുന്ന മൂന്ന് പേർ, കട്ടിളപ്പാറയ്ക്കു രണ്ടര മൈലിനടുത്ത് കുരിശുമായി വന്നു ചേർന്നു. കുരിശ് വണ്ടിയിൽ കയറ്റി, നെടുവന്നൂർ കടവിൽ വന്നു. അത്താഴം ഊൺ കഴിഞ്ഞ് ഞാനും, കുഞ്ചാണ്ടിച്ചനും സൈക്കിളിൽ തിങ്കൾകരിക്കത്ത് ചെന്ന് ഉറങ്ങി. ശേഷം ആളുകൾ വണ്ടിയിൽ ചെന്നിരുന്നു. അതിരാവിലെ (20 ന്) പള്ളിമുറ്റത്ത് പ്രതിഷ്ഠിച്ചു."

## മെത്രാപ്പോലീത്തായുടെ സന്ദർശനം

താൻ ഏറ്റവും അധികം ബഹുമാനിച്ചിരുന്ന, തന്റെ ഗുരുഭൂതൻ കൂടിയായ കുണ്ടറ മാർ ഗ്രിഗോരിയോസ് മെത്രാപ്പോലിത്തായുടെ ഇടവക സന്ദർശനം സവിസ്തരം ഡയറിയിൽ വിവരിച്ചിട്ടുണ്ട്.

"1101 മീനം 8- മെത്രാപ്പോലീത്താ തിരുമേനി 8-ാം തീയതി കാലത്ത് ആയൂർ പള്ളിയിൽ എഴുന്നെള്ളുകയും ഉച്ചകഴിഞ്ഞ് അഞ്ചൽ പള്ളിയിൽ എഴുന്നെള്ളി വി. കുർബാനയർപ്പിക്കുകയുമുണ്ടായി. 8-ാം തീയതി വൈകിട്ട് 7 മണിക്ക് കരവാളൂർ പള്ളിയിലേക്ക് നീങ്ങി. പള്ളിക്കാരുടെ ഹർജികൾ സ്വീകരിച്ചു. കള്ള ഹർജിയെ ആക്ഷേപിച്ച് പ്രസംഗിച്ചു........... എന്നെ കരവാളൂർ പള്ളിയുടെ വികാരിയായി സ്ഥിരപ്പെടുത്തി."

"9-ാം തീയതി മുതൽ 10-ാം തീയതി ഉച്ച വരെ പുനലൂർ റ്റി. ബി. യിൽ താമസിച്ചു. 9-ന് വൈകുന്നേരം തിരുമനസ്സ്കൊണ്ട്, പള്ളിയിൽ ഹൃദയസ്പർശിയായ ഒരു പ്രസംഗം ചെയ്തു. പിറ്റെ ദിവസം (10) റെയിൽ കേറി തെന്മല ചെന്നു. വർഗ്ഗീസ് മേസ്തിരി വണ്ടി അയച്ചിരുന്നതിനാൽ കുളത്തൂപ്പുഴ പോയി റ്റി. ബി. യിൽ താമസിച്ചു. 11-നു കാലത്തു

www.malankaralibrary.com

തിങ്കൾകരിക്കത്തിൽ പോയി പള്ളിക്കാരെ റ്റി. ബി. യിൽ വരുത്തി സംഗതികൾ പറഞ്ഞശേഷം തിരുമനസ്സുകൊണ്ട് ഉച്ച വണ്ടിയിൽ കൊട്ടാരക്കരയ്ക്കു എഴുന്നെള്ളിപ്പോയി."

## വിശിഷ്ട സന്ദർശകർ

ദേവാലയ ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്ന വിശിഷ്ട വ്യക്തികളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഡയറിക്കുറിപ്പുകൾ ഉദ്ധരിക്കുന്നു.

"1101 മേടം 17- പെസഹാദിവസം അഞ്ചൽ പള്ളിയിൽ ആയൂർ, തിങ്കൾകരിക്കം എന്നീ സ്ഥലങ്ങളിൽ നിന്നും പല ആളുകൾ വന്നിരുന്നു. പള്ളിയകത്തും വെളിയിലുമായി ആളുകൾ നില്ക്കുകയായിരുന്നു. പെസഹായെക്കുറിച്ച് സുദീർഘമായ ഒരു പ്രസംഗം നടത്തുകയുണ്ടായി. പന്തളം മലഞ്ചരുവിൽ മത്തായി സാറിന്റെ (ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസിന്റെ പിതാവ്) പ്രസംഗമുണ്ടായിരുന്നു. ടിയാനോടുകൂടി ഒരു സാമുവേലുമുണ്ടായിരുന്നു.

1101 ഇടവം 3-ഇന്ന് വാളക്കോട്ടു പള്ളിയിൽ വി. കുർബാനയർപ്പിച്ചു. മി. സി. കെ. വർഗ്ഗീസിന്റെ (അച്ചന്റെ ജ്യേഷ്ഠൻ) വീട്ടിൽ താമസിക്കുകയുണ്ടായി. സിക്രട്ടറി മി. (പി. ഏ) ജോഷ്വായുടെ വസതിയിൽ വച്ച് മി. കെ. സി. മാമ്മൻ മാപ്പിളയെ കണ്ടു പല കാര്യങ്ങൾ പറഞ്ഞു.

1104 മേടം 23-പുനലൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. മി. കെ. സി. മാമ്മൻ മാപ്പിളയും കുടുംബാംഗങ്ങളും പെസഹാ മുതൽ ഉയിർപ്പു വരെ സംബന്ധിച്ചിരുന്നു." (മി മാമ്മൻ മാപ്പിളയുടെ വകയായി പുനലൂർ ദോശക്കുന്ന് എന്ന സ്ഥലത്തുണ്ടായിരുന്ന തോട്ടത്തിന്റെ കാര്യസ്ഥൻ എന്റെ അമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവും ബ. പീടികയിൽ ഗീവറുഗീസ് അച്ചന്റെ അനുജനുമായ മി. പി. ഏ. ജോഷ്വാ ആയിരുന്നു. പുനലൂരിലെ ഒരു പ്രശസ്ത വ്യക്തിയായിരുന്ന ആദ്ദേഹം വാളക്കോട്ടു പള്ളിയുടെ സെക്രട്ടറിയുമായിരുന്നു. ജോഷ്വാ അപ്പച്ചനുമായി എന്റെ അപ്പച്ചൻ അതീവ സൗഹൃദം പുലർത്തിയിരുന്നു. 1113 തുലാം 24 - ന് അദ്ദേഹം ഇഹലോകവാസം വെടിയുന്നതു വരെ കൂടെക്കൂടെ അവിടെ പോകുകയും അവിടെ താമസിക്കുകയും ചെയ്തിരുന്നു. ഗ്രന്ഥകർത്താവ്)

www.malankaralibrary.com

## സിലോണിൽ

കഥാപുരുഷന്റെ ഏറ്റവും മൂത്ത സഹോദരൻ കെ. കോശി സിലോണിൽ (ശ്രീലങ്ക) ഒരു തോട്ടത്തിൽ അപ്പോത്തിക്കിരി (ഡോക്ടർ) ആയിരുന്നു. അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച് റവ. ഫാ. സി. കെ. മത്തായി 1099-ൽ സിലോൺ സന്ദർശിക്കുകയും രണ്ടാഴ്ചക്കാലം അവിടെ താമസിക്കുകയും ചെയ്തു. സിലോൺ വാസക്കാലത്ത് തമിഴ് അക്ഷരമാല വശമാക്കുകയും തമിഴിൽ എഴുതാനും വായിക്കാനും പ്രാപ്തി നേടുകയും ചെയ്തു. (എന്റെ ബാല്യകാലത്തു എന്നെയും തമിഴ് അക്ഷരങ്ങൾ പഠിപ്പിച്ചു. അന്ന് പഠിച്ച തമിഴ് പില്ക്കാലത്ത് കന്യാകുമാരി ജില്ലയിൽ രണ്ടു കോളജുകളിൽ പ്രിൻസിപ്പൽ ആയിരുന്ന കാലത്തു എനിക്ക് അത്യന്തം പ്രയോജനപ്പെടുകയുണ്ടായി. ഗ്രന്ഥകർത്താവ്)

"1099 മിഥുനം 23- സിലോണിൽ ഹൽദുമുല്ലാ ഡിസ്പെൻസറിയിൽ വി. കുർബാനയർപ്പിച്ചു. മലയാളികളായ രണ്ടുമൂന്ന് ആളുകളുണ്ടായിരുന്നു"

## കപ്യാരുടെ മരണം

അച്ചന്റെ വിശ്വസ്ത സഹകാരിയായിരുന്ന യോഹന്നാൻ കപ്യാരുടെ അപകടമരണത്തെക്കുറിച്ചുള്ള വിവരണം ചിന്തോദ്ദീപകമാണ്.

"1103 വൃശ്ചികം 21- രാത്രിയിൽ കപ്യാരെ വിഷം തീണ്ടിയ വിവരം അറിഞ്ഞു. ചന്തയിൽ വച്ചു വണ്ടിയിൽ കിടക്കുന്നത് കണ്ടു. സർക്കാർ വൈദ്യനെ വിളിച്ച് പരിശോധിച്ചപ്പോൾ പാമ്പു കടിച്ച് മരിച്ചതാണെന്നും, വേന്ദ്രനാണ് കടിച്ചതെന്നും പറഞ്ഞു. വീണ്ടും കുരീപ്പുഴ മേത്തനെ കാണിക്കുകയും സർക്കാർ വൈദ്യന്റെ അഭിപ്രായത്തെ പിൻതാങ്ങുകയും ചെയ്കയാൽ കപ്യാരുടെ വീട്ടിൽ തിര്യെ കൊണ്ടുപോയി. കപ്യാർ മത്തായി, മേസ്ത്രി ചാക്കോച്ചൻ, തണ്ണിച്ചാലിൽ ഉണ്ണൂണ്ണി, വിളയിൽ കോരുത്, മേലേതിൽ കൊച്ചുകുഞ്ഞ്, അപ്പി മുതലായവരും ഉണ്ടായിരുന്നു. അഞ്ചൽ പള്ളിയിൽ കൊണ്ടു വന്നു. ശുശ്രൂഷാ മദ്ധ്യേ രജിസ്ത്രാർ അവർകളുടെ പ്രസംഗവും, എന്റെ ചില അനുഭവസാക്ഷിയുമുണ്ടായിരുന്നു. 22-നു ചൊവ്വാഴ്ച 2 മണിക്ക് സംസ്ക്കരിക്കപ്പെട്ടു."

ആശ്രിത വത്സലനായ അച്ചൻ കപ്യാരുടെ കുടുംബത്തെ യഥോചിതം സഹായിക്കുകയും ചെയ്തു.

"1103 ധനു 3- അഞ്ചൽ പള്ളിയിൽ കുർബാനാനന്തരം ധൂപം വച്ച ശേഷം കപ്യാർ യോഹന്നാന്റെ ചരമവാർത്ത പ്രസ്താവിച്ചു. അധികം

www.malankaralibrary.com

ജനം കൂടിയിരുന്നു. കപ്യാർക്ക് ഇടവകക്കാർ വല്ല സഹായവും ചെയ്യണമെന്ന് തീരുമാനിച്ചു."

## വൈ. എം. സി. ഏ.

അഞ്ചലിൽ വൈ. എം. സി. ഏ. ഔദ്യോഗികമായി സ്ഥാപിച്ചിട്ട് 26 വർഷം മാത്രമേ ആയിട്ടുള്ളുവെങ്കിലും, 75 വർഷം മുമ്പ് തന്നെ ഈ പ്രദേശങ്ങളിലെ പള്ളികളോടനുബന്ധിച്ച് വൈ. എം. സി. ഏ. യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഞായറാഴ്ച തോറും വി. കുർബാനയ്ക്കു ശേഷം അതിന്റെ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അന്നത്തെ ചില യോഗങ്ങളുടെ റിപ്പോർട്ട് ശ്രദ്ധിക്കുക.

"1096 മിഥുനം 27- അഞ്ചൽ പള്ളിയിൽ വൈ. എം. സി. ഏ. യോഗത്തിൽ അപ്പൻ (കോരുതു വാദ്ധ്യാർ) ആദ്ധ്യക്ഷം വഹിക്കുകയും ഞാൻ ചില സംഗതികൾ പ്രസ്താവിക്കുകയും ചെയ്ത ശേഷം 2 മണിക്ക് യോഗം പിരിഞ്ഞു.

1096 കർക്കടകം 23- അഞ്ചൽ പള്ളിയിൽ കുർബാന കഴിഞ്ഞു വൈ. എം. സി. ഏ. യോഗത്തിൽ മിസ്റ്റർ യാക്കൂബ് (രജിസ്ത്രാർ) ആദ്ധ്യക്ഷം വഹിച്ചു.

1102 തുലാം 29- അഞ്ചൽ പള്ളിയിൽ കുർബാന കഴിഞ്ഞു വൈ. എം. സി. ഏ. യോഗം നടത്തുകയും, അഞ്ചലിലെ താൽക്കാലിക സ്ഥിതികളെക്കുറിച്ച് വിശദമായ ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. ജനം സാമാന്യം കൂടിയിരുന്നു.

25-5-1102- മണ്ണൂർ പള്ളിയിൽ കുർബാനാനന്തരം പള്ളിയകത്തു വച്ചു കെ. കോശിയുടെ (അച്ചന്റെ ചിറ്റപ്പൻ) അദ്ധ്യക്ഷതയിൽ വൈ.എം.സി.ഏ. യോഗം നടത്തുകയുണ്ടായി.

1102 മകരം 17- പുനലൂർ പള്ളിയിൽ കുർബാന കഴിഞ്ഞു വൈ.എം.സി.ഏ. യോഗം നടത്തി.

# കൊല്ലം രൂപതയിൽ

## മെത്രാഭിഷേകം

1936 മെയ് 17-നു ബിഷപ്പ് വിൻസെന്റ് പി. ദെരേരയെ മെത്രാനായി വാഴിച്ച സംഭവത്തെക്കുറിച്ച് പ്രസ്താവിച്ചിരുന്നല്ലോ. ഈ മംഗള

www.malankaralibrary.com

കർമ്മത്തിൽ സംബന്ധിച്ച വിവരം വായിക്കുക.

"1111 ഇടവം 4- ഞായർ. വെളുപ്പിലെ 5 മണിക്ക് കൊല്ലം സെന്റ് ത്രേസ്യാസ് സിമ്നാരിയിൽ വി. കുർബാനയർപ്പിച്ചു. 7 മണിക്ക് ഡെലിഗേറ്റിന്റെ എതിരേല്പിനു പോയി. 8 മണിക്ക് (മെത്രാഭിഷേക) ശുശ്രൂഷ ആരംഭിച്ചു. 12 മണിക്കുള്ള ഡിന്നറിലും 3 മണിക്കുള്ള മീറ്റിംഗിലും സംബന്ധിച്ചു."

1937 സെപ്റ്റംബർ 29-നു ബിഷപ്പ് ജെറോം ഫെർണാണ്ടസിനെ മെത്രാനായി നിയമിക്കുകയുണ്ടായി. ഈ സന്തോഷവാർത്ത അഞ്ചൽ പള്ളിയിൽ വി. കൊച്ചു ത്രേസ്യായുടെ പെരുന്നാൾ ആഘോഷവേളയിൽ പ്രസിദ്ധപ്പെടുത്തി.

"1113 കന്നി 17 ഞായർ. അഞ്ചൽ വി. കുർബാനയർപ്പിച്ചു. പ്രസംഗിച്ചു. മെത്രാനച്ചൻ തിരുമനസ്സിലെ തെരഞ്ഞെടുപ്പിനെപ്പറ്റി പ്രസ്താവിച്ചു....... കൂടിയിരുന്ന സകല ജനങ്ങൾക്കും കേമമായ വിധത്തിൽ സദ്യയുണ്ടായിരുന്നു. റവ. ഫാ. സ്റ്റീഫനും (ഫെലിക്സ്) ഉണ്ടായിരുന്നു.

## അജപാലന സന്ദർശനം

(പാസ്റ്ററൽ വിസിറ്റ്)

മേല്പറഞ്ഞ രണ്ടു മെത്രാന്മാരുടെയും ഇടവക സന്ദർശന റിപ്പോർട്ട് ശ്രദ്ധിക്കുക.

"1112 മകരം 29 (1937 ഫെബ്രുവരി 13)- രാവിലെ ഏഴര മണിക്കു (ബിഷപ്പു വിൻസെൻറ്) തിരുമേനിയും പരിവാരങ്ങളും വന്നു ചേർന്നു. വി. കുർബാനയും മറ്റും കഴിഞ്ഞു. കാപ്പി കുടിച്ച ശേഷം പുനലൂർ പോയി."

അഭിവന്ദ്യ ബിഷപ്പ് ജെറോം 1940 ജനുവരി 2-നു (1115 ധനു 18) അഞ്ചൽ പള്ളിമേടയിൽ വന്നു താമസിച്ചു. പിറ്റെ ദിവസത്തെ പരിപാടി ഇപ്രകാരമായിരുന്നു.

"1940 ജനുവരി 3/1115 ധനു 19- അഞ്ചൽ പള്ളിയിൽ തിരുമേനിയും മറ്റും വി. കുർബാനയർപ്പിച്ചു. കാപ്പികുടി കഴിഞ്ഞ് ഏരൂർ, കുളത്തൂപ്പുഴ, മടത്തറ, കടയ്ക്കൽ, നിലമേൽ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഉച്ചയ്ക്ക് എന്റെ വസതിയിൽ വന്നു ഭക്ഷണം കഴിച്ചു. 4 മണിക്ക് കാപ്പികുടികഴിഞ്ഞു തിരുമേനിയും മറ്റും പുനലൂർ പോയി."

www.malankaralibrary.com

മറ്റൊരു സന്ദർശനത്തെപ്പറ്റിയും പരാമർശിക്കുന്നുണ്ട്.

"1116 മിഥുനം 9- അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. 4 മണിക്ക് മെത്രാനച്ചൻ തിരുമേനി വന്നു. 2 സ്ഥലങ്ങളും (ഏരൂർ, കുളത്തൂപ്പുഴ) നോക്കി തൃപ്തിപ്പെട്ടു."

## കത്തോലിക്കാ പള്ളികൾ

### 1. ആനപ്പുഴയ്ക്കൽ സെന്റ് ത്രേസ്യാസ് (ലാറ്റിൻ) പള്ളി.

ആനപ്പുഴയ്ക്കൽ അച്ചന്റെ വീടിനു സമീപം പള്ളി വയ്ക്കുന്നതിനുള്ള ആലോചന അച്ചൻ കത്തോലിക്കാ സഭയിൽ ചേർന്നു കഴിഞ്ഞയുടനെ ആരംഭിച്ചു. അതിന്റെ വിശദവിവരങ്ങൾ ഡയറിയിൽ നിന്നും പകർത്തുന്നു.

"1105 കുംഭം 27- രാത്രി നാലു മണിക്കു സ്ഥലം (ആനപ്പുഴയ്ക്കൽ) പള്ളിക്കൂടത്തിൽ വി. കുർബാനയർപ്പിച്ചു. (ഭാര്യാ പിതാവ്) കണ്ടത്തിൽ മാത്യു മാപ്പിള, വെട്ടിക്കവെല ലൂക്കോസ് എന്നിവരോടു കൂടി മീൻ കുളത്തു പോയി. രാവിലെ 8 മണിക്കു വികാരി ജനറൽ (മൊൺ. ബെർണർഡിൻ) ഫാ. ഫ്രാൻസിസ് (സെക്രട്ടറി) ഫാ. ഇൽഡഫോൺസ് (ഓ. സി. ഡി), ഫാ. (ഡൊമിനിക്ക്) തോട്ടാശ്ശേരി, ഫാ. (ജോസഫ്) കോയിത്തുറ മുതലായി 12 അച്ചന്മാരുണ്ടായിരുന്നു. ഉച്ചമേശയും മി. ദേവസ്യാ (ഒറ്റപ്ലാക്കൽ) യുടെ വസതിയിലെ കാപ്പിസൽക്കാരവും കഴിഞ്ഞ് അഞ്ചൽ പള്ളിക്കൂടത്തിന്റെ അടുത്തുള്ള സ്ഥലങ്ങൾ കണ്ടതിനു ശേഷം ബ. അച്ചന്മാർ പുനലൂരേക്കു പോയി.

1105 മേടം 25 (1930 ഏപ്രിൽ 7)- ഇന്നേ ദിവസം പള്ളിസ്ഥലം സർവ്വേ ചെയ്തു.

1105 മിഥുനം 9/1930 ജൂൺ 28- പള്ളിസ്ഥലം കാടു തെളിച്ചു. റ്റി. ഡി. എസും പത്തു പേരും ഉണ്ടായിരുന്നു.

1105 കർക്കടകം 19 (1930 ആഗസ്റ്റ് 3)- വാനം തോണ്ടുന്ന വേല ആരംഭിച്ചു.

www.malankaralibrary.com

1106 ചിങ്ങം 13- ഫാ ജോൺ മേരി, മി. ജോഷ്വാ, മജിസ്ട്രേട്ട് മുതലായവർ പള്ളിസ്ഥലം കാണാൻ വന്നിരുന്നു.

1931 മെയ് 28- ഫാ. ഡൊമിനിക്കും (ഓ. സി. ഡി.) ഫാ. ഏബ്രഹാമും വന്നിരുന്നു. പള്ളിസ്ഥലം കണ്ടു.

1931 ജൂലൈ 6- പുനലൂർ പോയി. (പള്ളിയിലേക്കുള്ള) റോഡിനു സ്ഥലം എഴുതിക്കുന്നതിനു അനുവാദം വാങ്ങിച്ചു.

1931 ജൂലൈ 9- കുഞ്ഞു മാധവൻ ചാന്നാർ, പുനലൂർ ഉണ്ണൂണ്ണി എന്നിവരോടൊന്നിച്ച് ചടയമംഗലത്തു പോയി 25 രൂപായ്ക്ക് പള്ളിയിലേക്കുള്ള റോഡിനു സ്ഥലം വാങ്ങിച്ചു."

ആനപ്പുഴയ്ക്കൽ പള്ളിക്കൂദാശയുടെ വിവരണം ചരിത്രത്തിന്റെ ഏടുകളിൽ സ്ഥലം പിടിക്കേണ്ടതാണ്.

"1107 ചിങ്ങം 18/1931 സെപ്റ്റംബർ 3-വ്യാഴം രാവിലെ ബ. തുമ്പമൺ (പുത്തൻ വീട്ടിൽ) അച്ചൻ (മലങ്കര) റീത്തിൽ കുർബാനയർപ്പിച്ചു. കുർബാനാനന്തരം കാപ്പികുടി കഴിഞ്ഞു വേങ്കിരഴികത്തിന്റെ വാതുക്കൽ പോയി വികാരി ജനറാളിനെയും 9 യൂറോപ്യൻ അച്ചൻമാരെയും 8 നാട്ടച്ചൻമാരെയും എതിരേറ്റു പള്ളിയിൽ കൊണ്ടുവന്നു. അനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ കൂദാശ മംഗളമായി കഴിഞ്ഞു."

തുടർന്നുള്ള ആണ്ടുകളിൽ ഒക്ടോബർ മാസത്തിൽ വി. കൊച്ചുത്രേസ്യായുടെ പെരുന്നാൾ ആഘോഷങ്ങളുടെ സമ്പൂർണ്ണമായ വിവരങ്ങളുണ്ട്. 1112-ലെ പ്രസ്തുത പെരുന്നാൾ വേളയിലാണ് ജെറോം തിരുമേനിയുടെ തെരഞ്ഞെടുപ്പ് വാർത്ത അറിയിച്ചത്. 1938 ഫെബ്രുവരിയിൽ (1113 കുംഭം) റവ. ഫാ. മരിയാൻ ഡൊമിനിക്കിനെ പുനലൂർ ഡിസ്ട്രിക്ററ് വികാരിയായി നിയമിച്ചെങ്കിലും മൂന്നു മാസത്തിനകം അദ്ദേഹം റവ. ഫാ. നോർബർട്ട് ഒ. സി. ഡി യെ ചാർജ്ജ് ഏല്പിക്കുകയാണുണ്ടായത്. ഒരു വർഷത്തിനകം അഞ്ചൽ ഡിസ്ട്രിക്റ്റിന്റെ മുഴുവൻ ചാർജ്ജും റവ. ഫാ. സി. കെ. മത്തായിയെ ഏല്പിച്ചു കൊണ്ട് ഫാ. നോർബർട്ട് തിരുവനന്തപുരം (ലാറ്റിൻ) രൂപതയിലേക്കു സ്ഥലം മാറിപ്പോയി. തുടർന്ന് പുനലൂർ ഡിസ്ട്രിക്റ്റിന്റെ ഭരണം ഫാ. വി. ഫ്രാൻസിസ് (പുളിക്കൽ) ഏറ്റെടുക്കുകയുണ്ടായി. ഇക്കാലയളവിൽ റവ. ഫാ. ഏലിയാസ് ജോസ്, റവ. ഫാ. ആൻറണി ജോൺ എന്നിവർ പത്തനാപുരത്തും റവ. ഫാ. സിറിൽമോത്താ ആയൂരും വികാരിമാരായിരുന്നു.

www.malankaralibrary.com

1939-ലെ വി. കൊച്ചു ത്രേസ്യായുടെ പെരുന്നാളിനു ഈ വൈദികരെല്ലാവരും ഉണ്ടായിരുന്നു. 1940 ഒക്ടോബർ 14 (1116 കന്നി 29) നു വി. ത്രേസ്യായുടെ പെരുന്നാളിന്റെ വേസ്പര (സന്ധ്യാപ്രാർത്ഥന) കഴിഞ്ഞയുടനെയാണ് ഇറ്റാലിയൻ സ്വദേശിയായ റവ. ഫാ. പയസ് ഓ. സി. ഡി. യെ യുദ്ധകാല നിയമമനുസരിച്ച് അറസ്റ്റു ചെയ്ത് കോൺസന്റ്റേഷൻ ക്യാംപിലേക്കു കൊണ്ടു പോയത്. തുടർന്നു പുനലൂർ ഡിസ്ട്രിക്ട് വികാരിയായി റവ. ഫാ. ജി. അൽഫോൺസ് നിയമിതനായി. 1942-ലെ ഡയറി അവസാനിക്കുന്നത് പുനലൂർ നിന്നും മിലിറ്ററി ചാപ്ലിൻ ആയി പഞ്ചാബിലെ ജലന്തറിലേക്കു സ്ഥലം മാറിപ്പോയ റവ. ഫാ. അൽഫോൺസിന്റെ പുതിയ മേൽവിലാസത്തോടുകൂടിയാണ്. തുടർന്നുള്ള വർഷങ്ങളിൽ റവ. ഫാ. ക്രിസ്റ്റഫർ മോറിസ്, ഫാ. എലിയാസ് വർഗ്ഗീസ് എന്നിവർ പുനലൂരും റവ. ഫാ. വിൻസെന്റ് വലിയതറയിൽ ആയൂരും വികാരിമാരായി വന്നു.

ബ. മത്തായി അച്ചന്റെ വൈദിക സുഹൃത്തുക്കളിൽ ഫാ. സിറിൽ മോത്തായ്ക്കു പ്രത്യേകം സ്ഥാനം ഉണ്ടായിരുന്നു. ദീർഘകാലം ആയൂരും മീൻകുളത്തും (പോത്തൻപാറ) കടയ്ക്കലും വികാരിയായിരുന്ന അദ്ദേഹം കൂടെക്കൂടെ അച്ചനെ സന്ദർശിക്കുന്നതായും പള്ളിപ്പെരുന്നാളുകളിൽ `ദീർഘ'വും `കേമ'വും `ഗംഭീര'വു മായ പ്രസംഗങ്ങൾ ചെയ്തിരുന്നതായും പറയുന്നു.

ഈ കാലഘട്ടത്തിൽ പഴയകൂറ്റുകാരായ സുറിയാനി കത്തോലിക്കരുടെ ഒരു വലിയ പ്രവാഹം സമീപ പ്രദേശങ്ങളിലേക്കുണ്ടായതു നിമിത്തം അവർക്കുവേണ്ടി വെഞ്ചേമ്പിലും പത്തായക്കുഴി (ഇപ്പോഴത്തെ ഫിൽഗിരി) യിലും ആരാധനാകേന്ദ്രങ്ങൾ തുറക്കുകയുണ്ടായി. അവയുടെ ചരിത്രം വെവ്വേറെ കുറിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ ഈ രണ്ടു സ്ഥലങ്ങളിൽ നിന്നും ആബാലവൃദ്ധം ജനങ്ങൾ ഞായറാഴ്ചതോറും കാൽനടയായി ആനപ്പുഴയ്ക്കൽ പള്ളിയിൽ വന്നായിരുന്നു വി. കുർബാനയിൽ സംബന്ധിച്ചിരുന്നത്. എല്ലാ ഞായറാഴ്ചയും പള്ളി നിറയെ ജനങ്ങളുണ്ടായിരുന്നു. (ബ. മത്തായി അച്ചന്റെ വിയോഗത്തിനു ശേഷം ഫാ. വില്യം ഫെർണാണ്ടസ്, ഫാ. സെബാസ്റ്റ്യൻ നസ്രേത്ത് എന്നീ വൈദികർ അഞ്ചലിൽ താമസിച്ച് പ്രവർത്തിച്ചു. എന്നാൽ അചിരേണ ആനപ്പുഴയ്ക്കൽ പള്ളി ആയൂർ വികാരിയുടെ ഭരണത്തിൻ കീഴിലായി. 1988 ഫെബ്രുവരി 15-നു കപ്പുച്ചിൻ ആശ്രമം ഉദ്ഘാടനം ചെയ്യപ്പെട്ടതു മുതൽ പ്രസ്തുത സഭാംഗങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്.)

www.malankaralibrary.com

## 2. ആയൂർ സെന്റ് ജോർജ്ജ് (ലാറ്റിൻ) പള്ളി

1105-ാമാണ്ട് അവസാനത്തോടെ (1931 ആരംഭത്തിൽ) ആയൂർ മിഷൻ പ്രവർത്തനം തുടങ്ങിയെങ്കിലും സെന്റ് ജോർജ്ജ് പള്ളി സ്ഥാപനത്തിനുള്ള ആലോചനയ്ക്കു തുടക്കമിടുന്നത് 1107-ാമാണ്ട് ആരംഭത്തിലാണ്. ഇതിനകം പുനരൈക്യപ്പെട്ടു കഴിഞ്ഞിരുന്ന ആയൂർ കോയിക്കലഴികത്ത് ചെറിയാൻ വാദ്ധ്യാരുടെ (പരേതനായ ബ. കുര്യാക്കോസ് കോയിക്കൽ അച്ചന്റെ പിതാവ്) ഉത്സാഹത്തിലാണ് പ്രസ്തുത മിഷൻ രൂപം കൊണ്ടത്.

"1107 ചിങ്ങം 22-വി. കുർബാനാനന്തരം ചെറിയാൻ സാറിനോടൊന്നിച്ചു കൊല്ലത്തു പോയി.

കന്നി 1- രാത്രി പുനലൂർ പള്ളിയിൽ ചെന്ന് അച്ചന്മാരെ കണ്ടു. ആയൂർ സ്ഥലം എഴുതിക്കുന്നതിനു അനുവാദം വാങ്ങി.

1108 മകരം 7- 4 മണിക്ക് ആയൂർ പോയി ഷെഡ് നോക്കി.

ആയുർ പള്ളിക്കൂദാശയുടെ റിപ്പോർട്ട്:

"1109 കർക്കടകം 28 ഞായർ. കടയ്ക്കൽ കുർബാനയർപ്പിച്ചശേഷം 8 മണിക്കു ആയൂർ വന്നു. എട്ടര മണിക്കു അഡ്മിനിസ്ട്രേറ്റർ, ഫാ. നോർബർട്ട് ഓ. സി. ഡി., ഫാ.സക്കറിയാസ് (തൈക്കൂടത്ത്) മുതൽ പേർ വന്നു. 11 മണിക്കു കൂദാശ നടന്നു. 12 മണിക്കു ഉച്ചഭക്ഷണം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു."

ബ. മത്തായി അച്ചനായിരുന്നു ആയൂരെ ആദ്യത്തെ വികാരി. താമസിയാതെ ഫാ. സ്റ്റീഫൻ ഫെലിക്സ് ചാർജെടുത്തെങ്കിലും 1113 ധനു 8 മുതൽ ആയൂർ ഡിസ്ട്രിക്ടിന്റെ ഭരണം വീണ്ടും ബ. മത്തായി അച്ചൻ തന്നെ ഏറ്റെടുക്കുകയുണ്ടായി. തുടർന്നു ഫാ. സിറിൽ മോത്താ, ഫാ. വിൻസന്റ് വലിയതറയിൽ എന്നിവർ വികാരിമാരായിരുന്നിട്ടുണ്ട്.

## 3. കടയ്ക്കൽ മിഷൻ

1109 വൃശ്ചികം 17-നാണ് ബ. മത്തായിഅച്ചനെ കടയ്ക്കൽ വികാരിയായി നിയമിച്ചത്. ആ ആണ്ടിലെ ക്രിസ്മസ് അവിടെ ആഘോഷമായി കൊണ്ടാടി. ലൂഥർ മിഷനിൽ പോയ പലരും തിര്യെ ചേർന്നതായി പറയുന്നു.

ധനു 8-നു കടയ്ക്കൽ വി. കുർബാനയർപ്പിച്ച ശേഷം ചെറിയാൻ

www.malankaralibrary.com

വാദ്ധ്യാരോടൊന്നിച്ചു സാധുക്കളുടെ ഭവനത്തിൽ പോയതായി പറഞ്ഞിരിക്കുന്നു. മിഥുനം 1 മുതൽ 4 വരെ കടയ്ക്കൽ താമസിക്കുകയുണ്ടായി.

1113 കുംഭം 11-നു വീണ്ടും കടയ്ക്കലേക്കു സ്ഥലം മാറ്റത്തിനു ഓർഡർ കിട്ടി.

1938 മെയ് 8-ഒന്നാം കുർബാന ആയൂരും രണ്ടാമത്തേതു നിലമേലും മൂന്നാമത്തേതു കടയ്ക്കലും നടത്തി.

ആയിടയ്ക്കാണ് കടയ്ക്കൽ ലഹള എന്ന രാഷ്ട്രീയ സ്വാതന്ത്യ വിപ്ലവം നടന്നത്. സർ. സി. പി. യുടെ പോലീസ് വിപ്ലവം അടിച്ചമർത്തി.

"1114 കന്നി 27/1938 ഒക്ടോബർ 14- കൊട്ടാരക്കര പോയി മജിസ്ട്രേറ്റ് സ്വാമിയെ കണ്ടു. കടയ്ക്കലെ കത്തോലിക്കർക്ക് ഉപദ്രവം വരാതിരിക്കാൻ വേണ്ട ഏർപ്പാടു ചെയ്തു.

1940 ഏപ്രിൽ 1-നു ആയൂർ വഴി കൊല്ലത്തു പോയി ബിഷപ്പ് തിരുമേനിയെ കണ്ടതായും കടയ്ക്കൽ സ്ഥലം വാങ്ങുന്നതിനെപ്പറ്റി ആലോചിച്ചതായും പറയുന്നു.

"1115 മേടം 11- ആയൂർ നിന്നും ഉച്ച കഴിഞ്ഞ് കടയ്ക്കൽ പോയി അക്കൗണ്ടന്റ് കേശവപിള്ളയെ കണ്ടു സ്ഥലം എഴുതിക്കുന്നതിനെപ്പറ്റി സംസാരിച്ചു."

(കടയ്ക്കൽ മിഷനിൽ ദീർഘകാലം പ്രവർത്തിച്ച റവ. ഫാ. സിറിൽ മോത്തായായിരുന്നു നിത്യസഹായ മാതാവിന്റെ നാമത്തിലുള്ള ദേവാലയം പണി തീർത്തത്.)

## 4. ഏരൂർ (അയിലറ) മിഷൻ

ബ. മത്തായി അച്ചൻ കത്തോലിക്കാ സഭയിൽ പ്രവേശിച്ചു കഴിഞ്ഞതു മുതൽ ഏരൂർ കരിമ്പനാൽ തോട്ടത്തിൽ പോയി കുടിയേറ്റക്കാരായ സുറിയാനി കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കൊടുത്തിരുന്നെങ്കിലും 1107 മുതലാണ് കൊല്ലം രൂപതയുടെ ആഭിമുഖ്യത്തിൽ അയിലറ എന്ന സ്ഥലത്ത് ഒരു മിഷൻ ആരംഭിക്കുന്നത്.

"1107 കർക്കടകം 24/1932 ആഗസ്റ്റ് 17- അയിലറ പോയി സ്ഥലം നോക്കി."

www.malankaralibrary.com

തുടർന്നുള്ള വർഷങ്ങളിൽ കൂടെക്കൂടെ അവിടെപ്പോയി ബഹുശതം പേരെ മാമ്മോദീസാ മുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1111- ലാണ് അയിലറ പള്ളി പണിയുടെ സൂചന ലഭിക്കുന്നത്.

"1111 മകരം 20- ഞായർ. ഏരൂർ പള്ളി എത്രയും വേഗം പണിയുന്നതാണെന്നുള്ളതിനു കൊല്ലത്തു നിന്ന് ഓർഡർ കിട്ടി.

1111 മേടം 12- പുനലൂർ നിന്നും 1 മണിക്കു തിരിച്ച് ഏരൂർ നെട്ടയത്തെ സ്ഥലം കണ്ടു.

1111 ഇടവം 14- ഏരൂർ ഷെഡ് വീണുപോയതിനെപ്പറ്റി കൊല്ലത്തേയ്ക്ക് റിപ്പോർട്ട് അയച്ചു.

1117 മകരം9/1941 ജൂൺ 22- 10 മണിക്കു റവ. ഫാ. അൽഫോൺസുമൊന്നിച്ച് അയിലറപ്പോയി ഷെഡ് പണിയെപ്പറ്റി വേണ്ട ഏർപ്പാടു ചെയ്തു.

1117 മകരം 29- ഏരൂർ പോയി, ബ. അൽഫോൺസ് അച്ചനും ഞാനും കൂടി പള്ളിക്കു കല്ലിട്ടു. അച്ചൻ ഉച്ച ഭക്ഷണം കഴിഞ്ഞു പുനലൂർക്ക് പോയി.

1117 കുംഭം 22- റവ. ഫാ. അൽഫോൺസും ഞാനും കൂടി അയിലറപ്പോയി പള്ളി പണി പരിശോധിച്ചു.

1117 മിഥുനം 11- ഏരൂർ പോയി അയിലറ പള്ളിയുടെ കൂദാശ കർക്കടകം 18-നു (1942 ആഗസ്റ്റ് 3) ആണെന്നുള്ള വിവരം എല്ലാവരെയും തിര്യപ്പെടുത്തി.

1117 കർക്കടകം 18 (1942 ആഗസ്റ്റ് 3) തിങ്കൾ. ആദ്യത്തെ കുർബാന ഏരൂർ ഞാൻ ചൊല്ലി. രണ്ടാമത്തേതു ഫാ. ഫ്രാൻസിസ് ചൊല്ലി. 7 മണിക്കു റവ. ഫാ. സിറിൽ വന്നു. 8 മണിക്ക് (ജെറോം) മെത്രാനച്ചൻ തിരുമേനിയും റവ. ഫാ. അൽഫോൺസ്, റവ. ഫാ. ജോസഫ് (പ്രൊക്കുറേറ്റർ) എന്നിവരും വന്നു. 8 മണിക്ക് കൂദാശ തുടങ്ങി. കുർബാനമദ്ധ്യേ ഞാൻ പ്രസംഗിച്ചു. കുർബാന കഴിഞ്ഞ് മീറ്റിംഗിൽ തിരുമേനിയും റവ. ഫാ. അൽഫോൺസും ചെറിയ ഒരോ പ്രസംഗം നടത്തി.

(അന്നു പണിയിച്ച പള്ളി ഇന്നും അഞ്ചൽ-കുളത്തൂപ്പുഴ റോഡിൽ കൂടി യാത്ര ചെയ്യുമ്പോൾ ഇടതു വശത്തുള്ള ഒരു ചെറുകുന്നിന്റെ മുകളിൽ കാണാവുന്നതാണ്)

www.malankaralibrary.com

## 5. കുളത്തൂപ്പുഴ മിഷൻ

ഈ മിഷന്റെ ചരിത്രം ആരംഭിക്കുന്നത് അവിടത്തുകാരൻ ഒരു ലക്ഷ്മണൻ വൈദ്യൻ മാമ്മോദീസാ സ്വീകരിച്ചതോടു കൂടിയാണ്. (1110 മിഥുനം 11). അതേ തുടർന്ന് കർക്കടകം 4-നു അവിടെ ഒരു ചാപ്പൽ ശരിപ്പെടുത്തി.

"1111 മേടം 8. കുളത്തൂപ്പുഴ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. പ്രസംഗിച്ചു. അരയൻമാരെ സഭയിൽ ചേർക്കത്തക്ക വിധത്തിൽ ഏർപ്പാടു ചെയ്തു." കുളത്തൂപ്പുഴ മിഷനിലെ ആദ്യത്തെ പ്രധാന സംഭവം 1111 ഇടവം 15-നു അഞ്ചൽ വേങ്കിരഴികത്തു ലൂക്കോസ് യാക്കോബായ സഭയിൽ നിന്നു കത്തോലിക്കാസഭയിൽ ചേർന്നു ഗോമസിന്റെ മകൾ ജോർജിനായെ പുതിയ ചാപ്പലിൽ വച്ചു വിവാഹം ചെയ്തതാണ്. (പാശ്ചാത്യ രീതിയിൽ നടത്തിയ വിവാഹാഘോഷത്തിൽ സംബന്ധിച്ചത് ഈ ലേഖകൻ ഇപ്പോഴും ഓർക്കുന്നു. പള്ളിയിൽ പ്രസംഗിച്ചതും പന്തലിൽ ടോസ്റ്റു പറഞ്ഞതും അപ്പച്ചനായിരുന്നു.)
1117 കുംഭം 11 നു പ്രസ്തുത ചാപ്പലിൽ കുർബാന നടന്നുകൊണ്ടിരിക്കുമ്പോൾ മേഞ്ഞിരുന്ന പുല്ലിനു തീ പിടിച്ചതും തദവസരത്തിൽ അവിടെയുണ്ടായിരുന്ന അച്ചന്റെ ഒരു ബന്ധു (ഇന്നും ജീവിച്ചിരിക്കുന്ന വയലാ കുഞ്ഞുകുഞ്ഞ്) അത്ഭുതാവഹമായി അച്ചനെ രക്ഷപ്പെടുത്തിയതും ടിയാൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

"1117 മീനം 1- കുളത്തൂപ്പുഴ (പുതിയ) ഷെഡ് ഉണ്ടാക്കുന്നതിനു അനുവാദത്തിനു മെത്രാനച്ചന്റെ പേർക്കു എഴുതി അയച്ചു.

മീനം 14-നു പുതിയ ഷെഡിന്റെ പണി പൂർത്തിയാകുകയും അതിൽ വി. കുർബാന നടത്തുകയും ചെയ്തു.

1117 കർക്കടകം 18/1942 ആഗസ്റ്റ് 3-നു അയിലറ പള്ളി കൂദാശ കഴിഞ്ഞ് മെത്രാനച്ചനും അച്ചന്മാരും കുളത്തൂപ്പുഴ പോയി പുതിയ ചാപ്പലിന്റെ പണികണ്ടു. അതിനു ശേഷം ഫിലിപ്പോസ് വക്കീലിന്റെ സ്ഥലം നോക്കി. 20 ഏക്കർ നിലവും 17 ഏക്കർ കരയും കൂടി സെന്റിനു 51 രൂപാ വിലയ്ക്കു വാങ്ങിക്കത്തക്കവിധം തീരുമാനിച്ചു." (പ്രസ്തുത ഇടപാട് നടന്നതായി അറിവില്ല.)

(പുനലൂർ രൂപതയിലെ ഒരു പ്രധാനപ്പെട്ട ഇടവകയായി കുളത്തൂപ്പുഴ മിഷൻ ഇന്നു വളർന്നിട്ടുണ്ട്. ഇപ്പോൾ ഈ മിഷന്റെ ചുമതല

www.malankaralibrary.com

ഓബ്ളേററ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസ സഭയ്ക്കാണ്.)

## 6. മീൻകുളം (പോത്തൻപാറ) ലാറ്റിൻ പള്ളി

പുനലൂർ ഡിസ്റ്റ്റിക്ടിലെ ഏറ്റവും പഴക്കമുള്ള ഒരു ഇടവക യാണു മീൻകുളം (പോത്തൻപാറ) സെന്റ് ജോൺസ്. പ്രസ്തുത ദേവാ ലയത്തിന്റെ സുവർണ്ണ ജൂബിലി 1979-ൽ ആഘോഷിച്ചപ്പോൾ അവിടെ ദീർഘകാലം വികാരിയായിരുന്ന യശഃശരീരനായ ഫാദർ സിറിൽ മോത്താ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1927-ൽ കൊല്ലം രൂപ തയ്ക്കു വേണ്ടി സുപ്രസിദ്ധ മിഷനറിയായിരുന്ന ഫാദർ ജോൺ മേരി ശ്രീ. റ്റി. ഡി. സാമുവൽ ഉപദേശിയുടെ പക്കൽ നിന്നും 16 ഏക്കർ സ്ഥലം വാങ്ങുന്നതോടുകൂടി ഈ മിഷന്റെ ചരിത്രം ആരംഭിക്കുന്നു. ആദ്യം ഒരു ഷെഡ് നിർമ്മിച്ചു. അതു ചണ്ണപ്പേട്ടയിലെ ആദ്യത്തെ പ്രൈമറി സ്കൂളായി രൂപം കൊണ്ടു.

1929-ൽ മനോഹരമായ സെന്റ് ജോൺസ് ദേവാലയത്തിന്റെ പണി പൂർത്തിയായി. ആരംഭകാലത്തു മിഷൻ രംഗത്തും പുനരൈക്യ രംഗത്തും ഗണ്യമായ വിജയം വരിക്കാൻ സാധിച്ചില്ലെങ്കിലും വടക്കുനി ന്നുള്ള സുറിയാനി കത്തോലിക്കരുടെ കുടിയേറ്റത്തിനു മീൻകുളം വേദി യായിത്തീർന്നു. 1931 മെയ് 3-നു ഫാദർ ജോൺമേരി ഇൻഡ്യവിടാൻ നിർബന്ധിതനായതിനെത്തുടർന്ന് മീൻകുളം പള്ളിയുടെ ഭരണവും ബ. മത്തായി അച്ചൻ ഏറ്റെടുത്തു. അക്കാലത്ത് ഫാ. വി. റ്റി തോമസ് (മാവേലിക്കര), ഫാ. ഏബ്രഹാം തരകൻ (ചാരുംമൂട്) എന്നീ വൈദികരും അവിടെ വികാരിമാരായിരുന്നിട്ടുണ്ട്.

1110 അവസാനത്തോടുകൂടി കഥാപുരുഷനെ വീണ്ടും മീൻകുളം വികാരിയായി നിയമിച്ചു. ഈ കാലഘട്ടത്തിലാണ് അച്ചന്റെ ശ്രമഫല മായി പോത്തൻപാറ പള്ളിപ്പുരയിടത്തിൽ ചന്ത സ്ഥാപിച്ചത്. അതിന്റെ പൂർണ്ണ വിവരങ്ങൾ ഡയറിയിലുണ്ട്.

"1111 തുലാം 14- അരമനയിൽ (കൊല്ലം) പോയി. ചന്തയ്ക്കുള്ള അപേക്ഷ അഡ്മിനിസ്റ്റ്റേറ്റർ ഒപ്പിട്ടു തന്നു.

1111 വൃശ്ചികം 15- രാത്രി 8 മണിക്ക് മീൻകുളം ചന്ത അനുവദിച്ചതി നെപ്പറ്റി നോട്ടീസ് കിട്ടി.

1111 വൃശ്ചികം 22- ഞായർ. രാവിലെ മീൻകുളം പള്ളിയിൽ വി. കുർബാനയർപ്പിച്ചു. പെരുന്നാളിനെപ്പറ്റിയും ചന്ത തുറപ്പിനെപ്പറ്റിയും മീറ്റിംഗ്

www.malankaralibrary.com

നടത്തി..

1111 ധനു 12- മീൻകുളം പള്ളിയിൽ പെരുന്നാൾ കുർബാന ചൊല്ലി. ചന്ത തുറന്നു.

(പ്രസ്തുത ചന്ത ഇപ്പോഴും ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിൽ പ്രവർത്തിച്ചു വരുന്നു. മലയോരക്കർഷകർക്കു ഈ ചന്ത വലിയ ഒരനുഗ്രഹമാണ്.)

മീൻകുളം പള്ളി ബിഷപ്പ് വിൻസെന്റ് ദെരേര സന്ദർശിച്ച സംഭവം വിവരിച്ചിട്ടുണ്ട്.

"1112 മകരം 27/1937 ഫെബ്രുവരി 11-രാവിലെ ഏഴര മണിക്ക് കൊല്ലം ബിഷപ്പു തിരുമേനിയും നോർബർട്ടു അച്ചനും സെക്രട്ടറിയും വന്നു. സ്ഥൈര്യലേപനം കഴിഞ്ഞു കാപ്പി, ഡിന്നർ, വൈകുന്നേരം കാപ്പി ഇവ കഴിഞ്ഞു കൊല്ലത്തേയ്ക്കു പോയി." 1113 അവസാനം വരെ അച്ചൻ മീൻകുളം വികാരിയായിരുന്നു.

## 7. ഫിൽഗിരി (പത്തായക്കുഴി) പള്ളി

ബ. മത്തായി അച്ചന്റെ കത്തോലിക്കാ സഭാപ്രവേശത്തിന്റെ കാലം തൊട്ടു ജീവിതാവസാനം വരെ ബന്ധപ്പെട്ടിരുന്ന സ്ഥലമാണ് ഇന്നു ഫിൽഗിരി എന്നറിയപ്പെടുന്ന പത്തായക്കുഴി. അടുത്ത കാലത്തു അവിടത്തെ ബ്രഹ്മാണ്ഡമായ ദേവാലയത്തിന്റെ കൂദാശയോടനുബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ സ്മരണികയിൽ പ്രസ്തുത ഇടവകയുടെ പ്രാരംഭ ചരിത്രത്തെപ്പറ്റി ഈ ലേഖകൻ എഴുതിയിട്ടുണ്ട്. അതിൽ ഉദ്ധരിച്ചിട്ടുള്ള ഡയറിക്കുറിപ്പുകൾ ഇവിടെ പകർത്തുന്നു.

"1107 മേടം 5/1932 ഏപ്രിൽ 17- മീൻകുളം പള്ളിയിൽ വി. കുർബാനയർപ്പിച്ച ശേഷം ഉച്ചഭക്ഷണം കഴിഞ്ഞു റ്റി. ഡി. (ശാമുവേൽ) സാറിനോടുകൂടി പത്തായക്കുഴി എന്ന സ്ഥലം കണ്ട ശേഷം വൈകുന്നേരം വീട്ടിൽ വന്നു ചേർന്നു."

ഈ കാലഘട്ടത്തിൽ അച്ചന്റെ പ്രോത്സാഹനം വഴി ഏതാനും സുറിയാനി കത്തോലിക്കാ കുടുംബങ്ങൾ അവിടെ വന്നു താമസമാക്കിയിരുന്നതുകൊണ്ട് അവരുടെ വീടു വെഞ്ചരിപ്പു തുടങ്ങിയ കാര്യങ്ങൾ കൂടെക്കൂടെ പരാമർശിക്കുന്നുണ്ട്. മാത്രമല്ല, ആനപ്പുഴയ്ക്കൽ പള്ളി

www.malankaralibrary.com

യിലെ വി. കുർബാനയിൽ സംബന്ധിക്കാൻ പത്തായക്കുഴിക്കാർ എത്തുന്ന കാര്യം പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അതേത്തുടർന്നു പത്തായക്കുഴിയിൽ ഒരു ആരാധനാ കേന്ദ്രം തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാനും തുടങ്ങി.

"1115 തുലാം 10- കൊല്ലത്തു പോയി ബിഷപ്പു തിരുമേനിയെക്കണ്ടു. പത്തായക്കുഴിയിൽ വസ്തു വാങ്ങുന്നതിനെപ്പററി തീരുമാനിച്ചു.

1116 ധനു 20- വടക്കുനിന്നും പല ആളുകൾ വന്നു സ്ഥലം നോക്കി.

ധനു 22- ഉച്ച കഴിഞ്ഞു പത്തായക്കുഴിയിൽ പോയി സൺഡേസ്കൂൾ ക്ലാസ് ഏർപ്പെടുത്തി."

1117 മകരം 9-നാണ് പത്തായക്കുഴിയിൽ പ്രത്യേകം പള്ളി പണിയിക്കാൻ ഉദ്ദേശിക്കുന്ന സൂചന ലഭിക്കുന്നത്. മീൻകുളം വികാരിയായിരുന്ന പരേതനായ ബ. സിറിൽ മോത്താ അച്ചന്റെ സഹകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

ആരാധനാലയത്തിനു അനുമതി ലഭിച്ച വിവരം ശ്രദ്ധിക്കുക.

"1943 ഏപ്രിൽ 1- കൊല്ലത്തുപോയി തിരുമേനിയെ കണ്ടു. പത്തായക്കുഴിയിൽ തിരുമേനി ഒരു കപ്പേള അനുവദിച്ചു."

അച്ചന്റെ ആരോഗ്യനില മോശമായതിനെത്തുടർന്നു ബ. സിറിൽ മോത്താ അച്ചന്റെ ഉത്സാഹത്തിലാണ് അവിടെ മുമ്പുണ്ടായിരുന്ന പള്ളി പണി തീർത്തത്.

1952-ൽ ബ. മത്തായി അച്ചൻ മരിക്കുന്നതു വരെ അവിടത്തെ വികാരിയായിരുന്നു. അദ്ദേഹത്തിന്റെ രോഗശയ്യയ്ക്കു ചുറ്റും താൻ സ്നേഹിച്ചിരുന്ന പത്തായക്കുഴിക്കാരെല്ലാവരുമുണ്ടായിരുന്നു.

### 8. വെഞ്ചേമ്പ് (ഏറം) പള്ളി

1111 (1935) മുതലാണു വെഞ്ചേമ്പിലെ സുറിയാനി കത്തോലിക്കാ കുടിയേറ്റത്തെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നത്. അക്കാലത്തു വെഞ്ചേമ്പിലെ കത്തോലിക്കർ ആനപ്പുഴയ്ക്കൽ പള്ളിയിലാണ് ഞായറാഴ്ചതോറും ആരാധനയ്ക്കു വന്നു കൊണ്ടിരുന്നത്. ആയിടയ്ക്കു വെഞ്ചേമ്പിൽ പോയി വീടു കൂദാശ, ചാത്തം മുതലായവ നടത്തിയതിനെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. 1113 ചിങ്ങം 14-നു വെഞ്ചേമ്പിലെ ഒരു ചടങ്ങിൽ ബ. ഏണേക്കാട്ടിൽ ജോസഫ് അച്ചനും എത്തിയിരുന്നു. പിറ്റെ ദിവസം അച്ചനുമൊത്തു ആയൂർ പോയി മി. ശിവശങ്കരൻ നായ

www.malankaralibrary.com

രെക്കണ്ടു പല കാര്യങ്ങൾ പറഞ്ഞതായി എഴുതിയിട്ടുണ്ട്.

"1940 ജനുവരി 1/1115 ധനു 17-നു ഉച്ച കഴിഞ്ഞു പുനലൂർ പള്ളിയിൽ ചെന്നപ്പോൾ മെത്രാനച്ചൻ തിരുമേനി അവിടെയുണ്ടായിരുന്നു. തിരുമേനിയും ബെർണാർഡ് അച്ചനും (പ്രൊക്കുറേറ്റർ) മറ്റുമായി വെഞ്ചേമ്പിൽ പോയി, പള്ളിസ്ഥലം കണ്ടു.

1117 ചിങ്ങം 16/1941 സെപ്റ്റംബർ 1-നു കൊല്ലത്തു പോയി ബിഷപ്പു തിരുമേനിയെക്കണ്ടു. വെഞ്ചേമ്പിലെ സ്ഥലത്തിന്റെ ആധാരം കൊടുത്തു.

1117 ധനു 24/1942 ജനുവരി 7-നു വെഞ്ചേമ്പു പള്ളിയുടെ അപേക്ഷയെപ്പറ്റിയുള്ള മെത്രാനച്ചൻ തിരുമനസ്സിലെ കല്പന കിട്ടി."

(അവിടത്തെ ഇടവകക്കാരിൽ ഭൂരിപക്ഷം വരുന്ന സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി മറ്റൊരു ദേവാലയം വന്നതോടുകൂടി കൊല്ലം രൂപത വക സ്ഥലം വില്ക്കുകയുണ്ടായി. എന്നാൽ അവിടെ സ്ഥാപിച്ചിരുന്ന കുരിശു ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ട്.)

അച്ചന്റെ ശുശ്രൂഷാ രംഗങ്ങളായിരുന്ന അവസാനം പറഞ്ഞ ഈ മൂന്നു പള്ളികളും ഇന്നു ചങ്ങനാശ്ശേരി അതിരൂപതയിലെ സാമാന്യം ഭേദപ്പെട്ട ഇടവകകളാണ്. 1955 ഏപ്രിൽ 29-നു പൗരസ്ത്യ സഭകളുടെ തിരുസംഘം പുറപ്പെടുവിച്ച `മുൾത്തോരും ഫിദേലിയും' എന്ന ഡിക്രിയുടെ താല്പര്യമനുസരിച്ചായിരുന്നു അന്നത്തെ ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കന്യാകുമാരിവരെ നീട്ടിക്കൊടുത്തത്. എന്നാൽ ഫാ. സിറിൽ മോത്തായുടെ വാക്കുകളിൽ "ഭരണക്രമത്തിലുണ്ടായ വ്യത്യാസം ചങ്ങനാശ്ശേരി അതിരൂപതയും കൊല്ലം ലത്തീൻ രൂപതയുമായി ഒരു നൂറ്റാണ്ടോളം നില നിന്ന സൗഹൃദത്തിനും സഹകരണത്തിനും തെല്ലും കോട്ടം വരുത്തിയിട്ടില്ല. മഹത്തായ സേവനത്തിന്റെ പൂർവ്വസ്മരണ കൃതജ്ഞതാപൂർവ്വം പുലർത്തിവരുന്നവരാണ് ഈ പ്രദേശങ്ങളിലുള്ള സീറോ മലബാർ കത്തോലിക്കർ എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്." (മീൻകുളം സെന്റ് ജോൺസ് ദേവാലയ സുവർണ്ണ ജൂബിലി-1979)

## മിഷൻ പ്രവർത്തനം-ഒരു പൊതു വീക്ഷണം

റവ. ഫാ. സി. കെ. മത്തായിയുടെ പ്രേഷിത തീക്ഷ്ണതയെക്കുറിച്ചു കൊല്ലം രൂപതയുടെ മൂന്നു മേലദ്ധ്യക്ഷന്മാർ നല്കിയ പ്രശംസാപത്രങ്ങൾ നേർത്തെ ഉദ്ധരിച്ചിരുന്നു. അച്ചൻ പുതുതായി മാമ്മോദീസാ

www.malankaralibrary.com

മുക്കി സഭയിൽ ചേർത്തവരുടെ ഒരു ഏകദേശ കണക്കു ഡയറിയിൽ നിന്നും പകർത്തുന്നതു വിജ്ഞാനപ്രദമായിരിക്കും.

| | | | | | |
|---|---|---|---|---|---|
| 1105 | മകരം | 20 | അഞ്ചൽ | - | 3 |
| 1105 | കുംഭം | 12 | അഞ്ചൽ | - | 33 |
| 1105 | മിഥുനം | 28 | ആയൂർ | - | 7 |
| 1106 | കന്നി | 25 | അഞ്ചൽ | - | 12 |
| (1930 സെപ്റ്റംബർ 11) | | | | | |
| 1930 | സെപ്റ്റംബർ | 19 | അഞ്ചൽ | - | 4 |
| 1931 | മെയ് | 24 | ആയൂർ | - | 26 |
| 1931 | ജൂൺ | 28 | ആയൂർ | - | 3 |
| 1108 | തുലാം | 7 | അയിലറ | - | 20 |
| 1108 | തുലാം | 21 | അയിലറ | - | 20 |
| 1108 | വൃശ്ചികം | 12 | അയിലറ | - | 11 |
| 1108 | മീനം | 6 | അയിലറ | - | 4 |
| 1108 | കർക്കടകം | 1 | അയിലറ | - | 5 |
| 1108 | തുലാം | 9 | അഞ്ചൽ | - | 1 |
| 1109 | കന്നി | 1 | അഞ്ചൽ | - | 2 |
| 1109 | മിഥുനം | 1 | കടയ്ക്കൽ | - | 9 |
| 1110 | കന്നി | 7 | അഞ്ചൽ | - | 5 |
| 1110 | വൃശ്ചികം | 3 | അഞ്ചൽ | - | 4 |
| 1110 | വൃശ്ചികം | 10 | അഞ്ചൽ | - | 3 |
| 1110 | മിഥുനം | 11 | കുളത്തൂപ്പുഴ | - | 1 |
| 1110 | മിഥുനം | 28 | അയിലറ | - | 10 |
| 1110 | കർക്കടകം | 4 | അയിലറ | - | 2 |
| 1110 | കർക്കടകം | 13 | അഞ്ചൽ | - | 5 |
| 1110 | കർക്കടകം | 26 | അഞ്ചൽ | - | 7 |
| 1111 | തുലാം | 3 | ഏരൂർ | - | 6 |
| 1111 | വൃശ്ചികം | 1 | ഏരൂർ | - | 6 |
| 1111 | ധനു | 7 | അഞ്ചൽ | - | 3 |
| 1111 | മകരം | 5 | ഏരൂർ | - | 50 |
| 1111 | മകരം | 13 | ഏരൂർ | - | `ഏതാനും പേരെ' |
| 1111 | മീനം | 3 | അഞ്ചൽ | - | 7 |
| 1111 | മീനം | 15 | ഏരൂർ | - | 14 |

www.malankaralibrary.com

| | | | | | |
|---|---|---|---|---|---|
| 1111 | മേടം | 7 | ഏരൂർ | - | 10 |
| 1111 | മേടം | 28 | ഏരൂർ | - | 1 |
| 1112 | കന്നി | 19 | മീൻകുളം | - | 4 |
| 1112 | തുലാം | 9 | ഏരൂർ | - | 10 |
| 1112 | തുലാം | 21 | അയിലറ | - | 8 |
| 1112 | കർക്കടകം | 17 | അയിലറ | - | 2 |
| (1937_ആഗസ്റ്റ് 1) | | | | | |
| 1112 | കർക്കടകം | 19 | കുളത്തൂപ്പുഴ | - | 6 |
| 1113 | വൃശ്ചികം | 13 | അഞ്ചൽ | - | 1 |
| 1113 | മകരം | 21 | കുളത്തൂപ്പുഴ | - | 8 |
| 1113 | മീനം | 20 | കടയ്ക്കൽ | - | 16 |
| 1113 | മേടം | 18 | കടയ്ക്കൽ | - | 6 |
| 1938 | മെയ് | 8 | കടയ്ക്കൽ | - | 3 |
| 1115 | കന്നി | 1 | കുളത്തൂപ്പുഴ | - | 12 |
| 1115 | തുലാം | 12 | കുളത്തൂപ്പുഴ | - | 2 |
| 1115 | വൃശ്ചികം | 1 | കടയ്ക്കൽ | - | 8 |
| 1115 | വൃശ്ചികം | 4 | ഏരൂർ | - | 8 |
| 1115 | ധനു | 16 | കടയ്ക്കൽ | - | 4 |
| 1115 | മകരം | 22 | ആയൂർ | - | 4 |
| (1940 ഫെബ്രുവരി 4) | | | | | |
| 1115 | മകരം | 28 | ഏരൂർ | - | 6 |
| (1940 ഫെബ്രുവരി 10) | | | | | |
| 1116 | ഇടവം | 9 | മുഴതാങ്ങി | - | 4 |
| 1116 | മിഥുനം | 22 | ഏരൂർ | - | 18 |
| 1117 | മേടം | 3 | ഉമ്മന്നൂർ | - | 32 |
| 1118 | മകരം | 10 | ഏരൂർ | - | 5 |

ഏരൂരെ (അയിലറ) അഭൂതപൂർവ്വമായ മതപരിവർത്തനം കാരണമായിരിക്കാം അവിടെ ചില സാമുദായിക കലഹങ്ങൾ പോട്ടിപ്പുറപ്പെട്ടത്.

1112 കന്നി 11/1936 സെപ്റ്റംബർ 24-ലെ ഡയറിക്കുറിപ്പിൽ ഏരൂർ ലഹളയെപ്പറ്റി മെത്രാനച്ചൻ തിരുമനസ്സിലെ പേർക്കു എഴുതി അയച്ചതായി പറയുന്നു. കന്നി 12-നു അപ്പല്ലോസ് ഉപദേശിയുടെ മകന്റെ തല അടിച്ചു പൊട്ടിച്ചതായും രാത്രി 10മണിക്കു പോലീസിനെ വിവരം ധരി

www.malankaralibrary.com

പ്പിച്ചതായും പറഞ്ഞിരിക്കുന്നു.

കന്നി 13- രാവിലെ സ്ഥലം ഇൻചാർജിനോടൊന്നിച്ച് പുനലൂർ പോയി പോലീസ് ഇൻസ്പെക്ടരോടു വിവരം പറഞ്ഞു. 18-നു പുനലൂർ നിന്നും പോലീസ് ഇൻസ്പെക്ടർ വന്നു അയിലറക്കാരെ പിടിച്ചു. വീണ്ടും ഉപദ്രവം തുടർന്നതു നിമിത്തം കന്നി 29-നു രാവിലെ പുനലൂർ പോയി പോലീസ് ഇൻസ്പെക്ടറെ കണ്ടു അയിലറക്കാർ ക്രിസ്ത്യാനികളുടെ സംഗതി പറഞ്ഞു.

## ഈഴവ നേതാക്കന്മാരുടെ സമീപനം

1938 നവംബർ 12-നു നടന്ന തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരത്തിനു തൊട്ടുമുമ്പ് അഞ്ചൽ പ്രദേശത്തെ ബിരുദധാരികളായ ഏതാനും ഈഴവ യുവാക്കന്മാർ അച്ചനെ സമീപിച്ചു മത പരിവർത്തനത്തിനു സന്നദ്ധത പ്രകടിപ്പിച്ച കാര്യം സൂചിപ്പിച്ചിരുന്നല്ലോ. ഡയറിയിൽ ഇപ്രകാരം കാണുന്നു.

"1111 മീനം 2- ഞായർ. 10 മണിക്ക് ഏരൂർ പോയി. 12 മണിക്കു മി. ജനാർദ്ദനൻ ബി. ഏ., ഗോപാലൻ ബി. ഏ. ഇവർ വന്നിരുന്നു. മതപരിവർത്തനത്തെപ്പറ്റി സംസാരിച്ചു. കൊല്ലം രൂപതയിൽ ചേർന്നു കൊള്ളാമെന്ന് അവർ വാഗ്ദത്തം ചെയ്തു.

1111 മീനം 3- വൈകുന്നേരം മി ജനാർദ്ദനൻ ബി. ഏ., മി. ഗോപാലൻ ബി. ഏ. എന്നിവർ വന്നിരുന്നു. മതപരിവർത്തനത്തിനു പെറ്റിഷൻ തന്നു.

മീനം 4- കപ്യാരെ (പെറ്റിഷനുമായി) കൊല്ലത്തു അയച്ചു.

മീനം 8- മി. ജനാർദ്ദനൻ ബി. ഏ., വേലു, മി. ഗോപാലൻ ബി. ഏ. എന്നിവർ ശനിയാഴ്ച വന്നിരുന്നു. മീനം 30-നകം മതപരിവർത്തനം ചെയ്യണമെന്നു പറഞ്ഞു

മീനം 15- ഒമ്പതര മണിക്കു ഏരൂർ പോയി മി. ഗോപാലൻ ബി. ഏ. യെക്കണ്ടു. കൊല്ലം യാത്രയെപ്പറ്റി സംസാരിക്കുകയുണ്ടായി.

മീനം 24- ബ്രിട്ടാനിയാ ബസിൽ കൊല്ലത്തു പോയി. 2 മണിക്കു അഡ്മിനിസ്ട്രേറ്റർ സന്ദർശനം അനുവദിച്ചു. ഉദ്യോഗകാര്യത്തിൽ (മി.ഗോപാലൻ, ജനാർദ്ദനൻ മുതലായവർക്കു) വേണ്ടതു ചെയ്യാമെന്നു പറഞ്ഞു."

ഇതിനിടയ്ക്ക് കൊല്ലം രൂപതയ്ക്ക് ഒരു പുതിയ ബിഷപ്പുണ്ടായി. 1111 ഇടവം 4/ 1936 മെയ് 17-നു മെത്രാഭിഷേകച്ചടങ്ങിൽ

www.malankaralibrary.com

സംബന്ധിക്കാൻ പോയിരുന്ന വേളയിൽ മി. ജനാർദ്ദനൻ മുതലായവർ നേരിട്ടു ബിഷപ്പുമായി എഴുത്തുകുത്തു നടത്തുന്നതിനു പറഞ്ഞു.

അതോടുകൂടി ആലോചനകൾ അവസാനിച്ചതായി തോന്നുന്നു. താമസിയാതെ തന്നെ (1936 നവംബർ 12-നു) ക്ഷേത്രപ്രവേശന വിളംബരമുണ്ടാകുകയും ഈഴവ സമുദായം അനുഭവിച്ചിരുന്ന അവശതകൾ ഏറെക്കുറെ പരിഹൃതമാകുകയും ചെയ്തു.

## ഒരു യൂറോപ്യൻ മിഷനറിയുടെ ഔദ്ധത്യം

ബ. മത്തായി അച്ചനെ കത്തോലിക്കാ സഭയിലേക്കാകർഷിച്ചതു ഫാദർ ജോൺ മേരി എന്ന ബെൽജിയൻ മിഷനറിയുടെ സ്വഭാവ വൈശിഷ്ട്യമായിരുന്നെന്നു നേരത്തെ പ്രസ്താവിച്ചിരുന്നല്ലോ. അതിനു ശേഷം അഞ്ചലിലെത്തിയ ഫാദർ നോർബർട്ട്, ഫാദർ പയസ് എന്നീ മിഷനറി വൈദികരുമായും അച്ചൻ നല്ല സൗഹൃദ ബന്ധം പുലർത്തിയിരുന്നു. എന്നാൽ ഇടക്കാലത്തു അഞ്ചലിൽ വന്നു താമസമാക്കിയ ഫാ. ഡൊമിനിക്ക് ഇതിനൊരപവാദമായിരുന്നു. അദ്ദേഹത്തിന്റെ വിചിത്രമായ പെരുമാറ്റത്തെക്കുറിച്ച് ഡയറിയിൽ ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്.

"1107 ചിങ്ങം 12- ഇന്നേ ദിവസം രാവിലെ പള്ളിയിൽപോയി. റവ. ഫാ. ഡോമിനിക്ക് കുർബാനയർപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ രണ്ടു പട്ടികൾ പള്ളിയിൽ കയറി വലിയ ഉപദ്രവം ഉണ്ടാക്കി. മദ്ബഹായിൽ ഒരു പട്ടികയറി അച്ചന്റെ സമീപത്ത് പോയിരുന്നപ്പോൾ രഹസ്യമായി ക്ലെമന്റിനോട് (വാല്യക്കാരൻ) അതിനെ പിടിച്ച് കെട്ടണമെന്നു ഞാൻ പറഞ്ഞു. വി. കുർബാന കഴിഞ്ഞു മേടയിൽ ചെന്നപ്പോൾ യൂറോപ്യൻ പാതിരിമാർ ചെയ്യുന്നതെല്ലാം അനുഭവിച്ചു കൊള്ളണമെന്നും യാതൊരു കാരണവശാലും ഞാൻ മേടയിൽ ചെല്ലരുതെന്നും എന്നോട് ഗൗരവമായി പറഞ്ഞു. ഞാൻ എല്ലാം അനുസരിച്ചു കൊള്ളാമെന്നും പറഞ്ഞു. യൂറോപ്യന്മാരുടെ കാര്യത്തിൽ നാട്ടുപട്ടക്കാർ ഇടപെടരുതെന്നും മറ്റും പറഞ്ഞു ഭയപ്പെടുത്തുകയുണ്ടായി.

1107 കന്നി 21- ഇന്നേ ദിവസം വി. കുർബാന കഴിഞ്ഞു ബ.ഡോമിനിക്ക് അച്ചന്റെ മുറിയിൽ കെ. എം. മാത്യു മാപ്പിള (മത്തായി അച്ചന്റെ ഭാര്യാപിതാവ്) പ്രവേശിച്ചപ്പോൾ അച്ചന്റെ വേലക്കാരൻ ആട്ടിപ്പുറത്താക്കിയതിനെ സംബന്ധിച്ചു വേലക്കാരനോടു ചോദിച്ചു.

1107 കന്നി 29- ഇന്നേ ദിവസം രാവിലെ ആറര മണിക്ക് പള്ളിയിൽ

www.malankaralibrary.com

ചെന്നു. റവ. ഫാ. ഡോമിനിക്ക് കൊല്ലത്തു പോയിരുന്നു. വേലക്കാരോടു താക്കോൽ ചോദിച്ചിട്ടു തന്നില്ല. അല്പം വഴക്കുണ്ടായി. എന്നെ വേലക്കാരൻ വളരെ ചീത്ത പറഞ്ഞു. ഞാൻ സകലതും ക്ഷമിച്ചു............ ഇന്നു ഉച്ചമണി അടിക്കാൻ ചെന്നപ്പോൾ വേലക്കാരൻ ചീത്ത വിളിച്ചു.

1107 തുലാം 13- കൊല്ലത്തു പോയി റവ. ഫാ. ഡോമിനിക്ക് ചെയ്തിട്ടുള്ള നിഷ്ഠൂരപ്രവൃത്തികളെപ്പറ്റി കൊല്ലത്ത് പ്രസ്താവിക്കുകയുണ്ടായി."

ഏതായാലും അധികം താമസിയാതെ പ്രസ്തുത മിഷനറി വൈദികനെ അധികാരികൾ തിരികെ വിളിച്ചു.

1107 വൃശ്ചികം 8- അഞ്ചൽ പള്ളിയിൽ റവ. ഫാ. ആർനോൾഡ് (പില്ക്കാലത്തു കൊല്ലം സെന്റ് ത്രേസ്യാസ് സെമിനാരി റെക്ടർ) വന്നു."

## പുനരൈക്യ പ്രവർത്തനങ്ങൾ

പുനരൈക്യ പ്രവർത്തനങ്ങളിൽ അച്ചനുണ്ടായിരുന്ന ശുഷ്കാന്തി ഡയറിക്കുറിപ്പുകളിൽ പ്രകടമാണ്.

"1106 കർക്കടകം 12 ഞായർ. അഞ്ചൽ- ഇന്നേ ദിവസം കിളന്ന മണ്ണിൽ അച്ചൻ മുറപ്രകാരം നമസ്ക്കാരം കഴിഞ്ഞു കുർബാനയുടെ ആരംഭത്തിലും മധ്യത്തിലും `ബഥനി' എന്ന വിഷയത്തെ സംബന്ധിച്ചും മി. റ്റി. ഡി. ശമുവേൽ ഉപദേശി `കാതോലികം' എന്ന വിഷയത്തെപ്പറ്റിയും ഒരോ പ്രസംഗം ചെയ്തു. ഉദ്ദേശം 100-ൽ പരം ജനങ്ങൾ സന്നിഹിതരായിരുന്നു."

തുടർന്നുള്ള മാസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ "പല വീടുകളിൽ കയറി റീത്തിനെപ്പറ്റി പ്രസംഗം നടത്തി"യതായി പ്രസ്താവിക്കുന്നുണ്ട്.

"1107 കന്നി 24- കലയപുരത്തു പോയി വൈകുന്നേരം വല്യച്ചന്റെ (കണിശ്ശേരിൽ) വീട്ടിൽ നിന്നും ചാപ്പലിൽ ചെന്നപ്പോൾ ബ. തുമ്പമൺ (പുത്തൻവീട്ടിൽ) അച്ചനവർകളെക്കണ്ടു. പിറ്റെ ദിവസം ചാപ്പൽ കൂദാശ കഴിഞ്ഞ് ഞാൻ ആദ്യത്തെ കുർബാന മധ്യേ പ്രസംഗിച്ചു. തുമ്പമൺ അച്ചന്റെ കുർബാന മധ്യേ ഒന്നര മണിക്കൂർ നേരം യാക്കോബായ സഭയുടെ താല്ക്കാലിക സ്ഥിതിയെപ്പറ്റി പ്രസംഗിച്ചു. 100-ൽ പരം ജനങ്ങൾ സന്നിഹിതരായിരുന്നു.

1107 തുലാം 3- ആയൂർ വി. കുർബാന ചൊല്ലി. അനന്തരം ബ. കള

www.malankaralibrary.com

പ്പിലാ (വറുഗീസ്) അച്ചനും ഒരുമിച്ച് കൊട്ടാരക്കര വഴി (തിരുവല്ല) തിരു മൂലപുരം അരമനയിൽ എത്തി. ഫിലിപ്പോസ് റമ്പാച്ചനെക്കണ്ടു ചില കാര്യങ്ങളെപ്പറ്റി സംസാരിച്ചു. അവിടെ അന്നു വി. കുർബാനയർപ്പിച്ചു. ചിറ്റക്കാട്ടച്ചന്റെ വസതിയിൽ പോയി."
(ഈ യാത്രയിൽ ഈ ലേഖകനെകൂടെ കൊണ്ടു പോകുകയുണ്ടായി.)

"1107 തുലാം 4- ബഥനിയിൽ വി. കുർബാനയർപ്പിച്ചു. അന്നു രാത്രി വലിയതിരുമേനിയെക്കണ്ടു. കളപ്പിലാ ബ. അച്ചന്റെ അപേക്ഷ വാങ്ങി." (മാർത്തോമ്മാ സഭയിലെ വികാരി ജനറാളായിരുന്ന പരേതനായ ബ. കെ. വി. ജേക്കബ് അച്ചന്റെ പിതാവു് ബ. വറുഗീസ് അച്ചൻ കത്തോ ലിക്കാ സഭയിൽ ചേരാൻ താല്പര്യം പ്രദർശിപ്പിച്ചിരുന്നെങ്കിലും അച്ചന്റെ പുനരൈക്യം ഫലമണിഞ്ഞില്ല.) ആയിടയ്ക്ക് ഒറ്റക്കും കൂട്ടമായും പലരെ യും കത്തോലിക്കാ സഭയിൽ ചേർത്തതായും പ്രസ്താവിക്കുന്നു.

"1107 ധനു 5- പുനലൂർ പള്ളിയിൽ വച്ചു പത്തനംതിട്ട സഖറിയായെ യും കുടുംബത്തെയും സഭയിൽ ചേർത്തു.

1107 കർക്കടകം 8/ 1932 ജൂലൈ 23- ഫാ. അബ്രഹാമും ഞാനും ആയൂർ പോയി ബഥനി ചാപ്പലിനുള്ള ദൂരം അളന്നു നോക്കി. (മലങ്കര കത്തോലിക്കാ സഭ വകയായി ആയൂർ നീറായിക്കോട്ടു വാങ്ങിയ സ്ഥലം സെന്റ് ജോർജ്ജ് ലാറ്റിൻ പള്ളിക്കു സമീപമായിരുന്നു.)

1107 കർക്കടകം 31/ 1932 ജൂലൈ 15- വി. കുർബാനയ്ക്ക് വരി ഞ്ഞത്തു നിന്നും ഉതിക്ക വിളയിൽ ഉണ്ണൂണ്ണി ഉണ്ടായിരുന്നു. വരിഞ്ഞത്തു പോയി. ബഥനി ചാപ്പലിനെ (കല്ലുവാതുക്കൽ) പറ്റി പ്രസ്താവിച്ചു.

1108 ചിങ്ങം 6 ഞായർ- ചടയമംഗലത്തു പോയി. ചെങ്ങന്നൂർക്കാരായ ഒരു കുടുംബത്തെ ബഥനി രൂപതയിൽ ചേർത്തു.

1108 ധനു 17- മീൻകുളത്തു നിന്നും ദാനിയേൽ വാദ്ധ്യാർ വന്നിരുന്നു. തലവൂർ റീത്തു പള്ളി വയ്ക്കുന്നതിനെപ്പറ്റി ചില കാര്യങ്ങൾ പറഞ്ഞു.

1108 കുംഭം 9- ഉച്ച തിരിഞ്ഞു പുനലൂർ പോയി. മി. റ്റി. ഡി. ശാമു വേൽ ഉപദേശിയോടൊന്നിച്ചു നരിക്കൽ എന്ന സ്ഥലത്തുപോയി.

1108 മീനം 20 തിങ്കൾ- നരിക്കല്ലിൽ കുർബാന ചൊല്ലി. 14 കുടുംബ ങ്ങൾ ചേർന്നു.

1108 മീനം 21- നരിക്കല്ലിൽ കുർബാനയർപ്പിച്ചു. 3 കുടുംബങ്ങൾ

www.malankaralibrary.com

ചേർന്നു.

1108 മേടം 9- രാവിലെ പുനലൂർ പള്ളിയിൽ പോയി വി. കുർബാനയർപ്പിച്ചു. നരിക്കല്ലിൽക്കാരുടെ കേസ് കേട്ടു. റൈട്ടരെ പ്രത്യേകം ഏർപ്പാട് ചെയ്തു.

1108 മേടം 28- വി. കുർബാനാനന്തരം നരിക്കല്ലിൽ പോയി. അവിടത്തുകാരായ കത്തോലിക്കർ തലച്ചിറപോയി ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കണമെന്ന് ഏർപ്പാടു ചെയ്തു.

1108 ഇടവം 22/ 1933 ജൂൺ 4 ഞായർ- ഇന്നു പുനലൂർ (ആർ. സി) പള്ളിയിൽ ആദ്യ കുർബാനയും പ്രസംഗവും നടത്തി. ചെമ്മന്തൂർ ഓർത്തഡോക്സ് പള്ളിയിൽ പോയി ചിലരെക്കണ്ടു. പോരുന്ന വഴി കരവാളൂർ ചാക്കോച്ചന്റെ വീട്ടിൽ കയറി ബഥനി പ്രസ്ഥാനത്തെപ്പറ്റി സംസാരിച്ചു.

1108 മിഥുനം 29 വ്യാഴം- ബ. പട്ടാഴി (മണ്ണിക്കരോട്ടു ലൂക്കോസ്) അച്ചമൊന്നിച്ചു തിരുവനന്തപുരത്തു പോയി. മെത്രാപ്പോലീത്താ തിരുമേനിയെ കണ്ടു. 11 മണിക്കു പ്രതിജ്ഞാവാചകം ചൊല്ലി അച്ചൻ തിരുസഭാംഗമായി.

1108 കർക്കടകം 10- ചെങ്കുളത്തു മന്ത്യോട്ടച്ചനാദിയായവർ വന്നിരുന്നു. റീത്തു പ്രസ്ഥാനത്തെപ്പറ്റി സംസാരിച്ചു.

1108 കർക്കടകം 22 ഞായർ- പെരുങ്ങള്ളൂർ നിന്നും കൊല്ലമൺ വിളയിൽ കൊച്ചൻ (കഴിഞ്ഞ കൊല്ലം അന്തരിച്ച വർഗ്ഗീസ് സാർ) വന്നിരുന്നു. റീത്തിനെപ്പറ്റി സവിസ്തരം സംസാരിക്കുകയുണ്ടായി.

1109 ചിങ്ങം 5- പെരുങ്ങള്ളൂർ പോയി പലരെക്കണ്ടു. ബഥനി റീത്തിനെപ്പറ്റി പലരോടും സംസാരിക്കുകയുണ്ടായി.

1109 ചിങ്ങം 7- ആയൂർ പോയ വഴി ബ. കളപ്പിലാ (വറുഗീസ്) അച്ചനെക്കണ്ടു കത്തോലിക്കാ പുനരൈക്യത്തെപ്പറ്റി പല കാര്യങ്ങൾ പറഞ്ഞു.

1109 ചിങ്ങം 28- വി. കുർബാന കഴിഞ്ഞു നെടുവത്തൂർ വഴി ചീരംകാവിൽ കയറി സ്ഖറിയാച്ചന്റെ ദീനം നോക്കിയ ശേഷം തെങ്ങുവിളയിലച്ചന്റെ ഭാര്യയുടെ മരണം പ്രമാണിച്ചു തെങ്ങുവിളയിൽ കയറി. നാലര മണിക്കു കുണ്ടറക്കാരായ കുറെ ആളുകൾക്കു, ബഥനി തിരുമേനിക്കയക്കാൻ അപേക്ഷയുടെ പകർപ്പു കൊടുത്തു.

www.malankaralibrary.com

1109 തുലാം 1- 10 മണിക്ക് നരിക്കല്ലു പള്ളി (മലങ്കര) ഇടവകയിലെ ഒരാൾ വന്നിരുന്നു. 4 മണിക്കു കത്തോലിക്കാ സഭയെപ്പറ്റി ഒരാളോടു പ്രസംഗിച്ചു.

1109 മകരം 19- പൊടിയാട്ടുവിള മി. തര്യനു മൂന്നു സത്യദീപം (പത്രം) ഒരു കടക്കാരൻ വശം കൊടുത്തയച്ചു.

1109 മീനം 16- പെസഹാ- അതിരാവിലെ അഞ്ചൽ പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചു. ഏഴര മണിക്കു പുനലൂർ ചെന്നു. 8 മണിക്കു പെസഹായെപ്പറ്റി പ്രസംഗിച്ചു. പുനലൂർ നിന്നും 11 മണിക്കു കിഴക്കേത്തെരുവിൽ ബഥനി പള്ളിയിൽ പോയി അവിടെയും പ്രസംഗിച്ചു.

1110 കന്നി 21- ഞായർ. വരിഞ്ഞം (ഉമ്മൻ) മുതലാളിയെ കത്തോലിക്കാസഭയിൽ അംഗീകരിച്ചു. ഉച്ച ഊണിനു കുരികേശു ഉണ്ടായിരുന്നു. കൊടുവിള (ബ. കോശി) അച്ചനാദിയായവരുമായി റീത്തു പ്രസ്ഥാനത്തെപ്പറ്റി പ്രസംഗിച്ചു.

1110 ധനു 7- രാത്രി 7 മണിക്ക് പറക്കോട്ടു നിന്നും രണ്ട് പേർ വന്നു. റീത്തിൽ ചേരാൻ സൗകര്യമുള്ള പക്ഷം മറുപടി അയക്കാമെന്ന് പറഞ്ഞു.

1110 മീനം 15- ഫാദർ (ജോസഫ്) കോയിത്തുറ വന്നു. (ചങ്ങനാശ്ശേരി രൂപതാംഗം).

1110 മീനം 15- ഫാദർ കോയിത്തുറ വി. കുർബ്ബാനാനന്തരം പുനലൂരേക്കു പോയി. താമസംവിനാ തിരുവനന്തപുരം ആർച്ച് ബിഷപ്പ് തിരുമേനിയെ കാണാമെന്നും വസ്തു (പുനലൂർ) എഴുതിക്കൊടുക്കുന്നതിനെപ്പറ്റി പറയാമെന്നും പറഞ്ഞു.

1110 ഇടവം 20- വൈകുന്നേരം പീലിപ്പോസ് റമ്പാനവർകൾ വന്നു. രാത്രിയിൽ (മാമ്പഴക്കോണത്തു) ജോൺകുട്ടിയുടെ സ്കൂൾ നോക്കാൻ പോയി. രാത്രി പള്ളിമേടയിൽ താമസിച്ചു.

1110 ഇടവം 21- കാപ്പികുടി കഴിഞ്ഞു റമ്പാച്ചൻ പോയി.

1110 മിഥുനം 26- 9 മണിയ്ക്ക് പത്തനാപുരത്തു താമസിക്കുന്ന മാർത്തോമ്മാ ഉപദേശി വന്നു. 1 മണിക്കു സഭയിൽ ചേർത്തു.

1111 ധനു 1 ഞായർ- മീൻകുളം പള്ളിയിൽ ഒന്നാം കുർബ്ബാനയും

www.malankaralibrary.com

അഞ്ചൽ പള്ളിയിൽ രണ്ടാം കുർബാനയും ചൊല്ലി. 12 മണിക്ക് ആല ഞ്ചേരിയിൽ പോയി ബഥനി മെത്രാപ്പോലിത്തച്ചനെ കണ്ടു.

1114 വൃശ്ചികം 27- റീത്തുകാർക്ക് ആയൂർ (ലാറ്റിൻ) പള്ളിയിൽ കുർബാന ചൊല്ലുന്നതിനു അനുവദിക്കാൻ നിവൃത്തിയില്ലെന്ന് ബ. അച്ചൻ (ആയൂർ ലാറ്റിൻ പള്ളി വികാരി) പറഞ്ഞു."

## അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക.

അഞ്ചൽ മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപനത്തിൽ അച്ചൻ വഹിച്ച പങ്കിനെക്കുറിച്ച് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. (1989-ൽ അഞ്ചലിൽ വച്ച് രണ്ടാം പ്രാവശ്യം പുനരൈക്യ വാർഷികം ആഘോ ഷിച്ചപ്പോൾ ഈ ലേഖകൻ തത്സംബന്ധമായി ഒരു ലഘുലേഖ പ്രസി ദ്ധപ്പെടുത്തുകയുണ്ടായി.) കൂട്ടറഴികത്തു മാത്തു എന്നയാളുടെ പക്കൽ നിന്നും വസ്തു വാങ്ങിയത് മുതൽ അവിടെ ഷെഡ് പണിത് അതിൽ ആദ്യമായി വി. കുർബാന ചൊല്ലിയതു വരെയും ഇടവക രൂപപ്പെടുത്തി യെടുത്തതിനെയും പറ്റിയുള്ള കാര്യങ്ങൾ ഡയറിയിൽ വിശദമായി രേഖ പ്പെടുത്തിയിട്ടുണ്ട്.

"1108 മകരം 23- വെകിട്ട് 7 മണിക്ക് കൂട്ടറഴികത്തിന്റെ വീട്ടിൽ പോയി.

1108 മകരം 29- ഉച്ച കഴിഞ്ഞ് പുത്തൂർ പോയി ബഥനി തിരുമേനിയെ കണ്ടു. അഞ്ചൽ സ്ഥലം വാങ്ങുന്ന സംഗതിയെപ്പറ്റി പറഞ്ഞു.

1108 കുംഭം 4- മി. റ്റി. ഡി. എസ്സിനെ (ശമുവേൽ ഉപദേശി) എഴുത്തും കൊടുത്തു (സ്ഥലം വാങ്ങിക്കുന്നതിനു) പണം വാങ്ങിക്കാനായി തിരുവ നന്തപുരത്തേക്കയച്ചു.

1108 കുംഭം 5- മാർ ഇവാനിയോസ് തിരുമേനിയിൽ നിന്നും വരവ് 70 രൂപാ റ്റി. ഡി. സാമുവൽ ഉപദേശി പറ്റു 25 രൂപാ. കൂട്ടറഴികത്തിനു കൊടുത്തത് 36 രൂപാ.

1108 കുഭം 6- 11 മണിക്കു പുനലൂർ പോയി റീത്ത് പള്ളിക്കു സ്ഥലം വാങ്ങിച്ചു". തുടർന്നു പല തവണ കൂട്ടറഴികത്തു പോയതായി പ്രസ്താ വിക്കുന്നുണ്ട്.

"1108 കുംഭം 22 ഞായർ- അഞ്ചൽ (ആനപ്പുഴയ്ക്കൽ) പള്ളിയിൽ വി. കുർബാന കഴിഞ്ഞ് ഉപദേശി മി. സാമുവൽ ഒന്നിച്ച് കൂട്ടറഴികത്തിന്റെ വീട്ടിൽ പ്രാർത്ഥനായോഗം നടത്തി.

www.malankaralibrary.com

1108 കുംഭം 27- തിരുവനന്തപുരത്തു പോയി ഫാ. ജോഷ്വാ മുതലായവരെ കണ്ടു.

1108 മീനം 1- ആലംചേരിയിൽ (ഇപ്പോഴത്തെ സിമിറ്ററി നില്ക്കുന്ന സ്ഥലം) കല്ലുവെട്ടുകാർക്കു 500 കല്ലിന് 8 പണം വീതം നിശ്ചയിച്ചു.

1108 മീനം 2- ആലംചേരിയിൽ പോയി വേലക്കാരെ ഉത്സാഹിപ്പിച്ചു.

1108 മീനം 22- ആലംചേരിയിൽ പോയി വെള്ളിയാഴ്ച കുർബാന ചൊല്ലത്തക്കവിധം വേണ്ട ഏർപ്പാടുകൾ ചെയ്തു.

1108 മീനം 24- കലയപുരത്ത് (ബ. മുഞ്ഞനാട്ടു മത്തായി) അച്ചനെ കൊണ്ടു വന്നു.

1108 മീനം 25- പുതിയ ബഥനി ഷെഡ്ഡിൽ വി. കുർബാനയർപ്പിച്ചു. കുർബാനമദ്ധ്യേ ഞാൻ പ്രസംഗിച്ചു. ഒടുവിൽ ഉപദേശി (റ്റി. ഡി. സാമുവൽ) കേമമായ ഒരു പ്രസംഗം ചെയ്തു. ഷെഡ് നിറയെ ജനങ്ങൾ കൂടിയിരുന്നു. മൂന്നു കുടുംബങ്ങൾ തിരുസഭയിൽ ചേർന്നു.

1108 മീനം 26- അഞ്ചൽ റീത്തുപള്ളിയിൽ വി. കുർബാനയിൽ സംബന്ധിച്ചു. അച്ചനെ ബ്രിട്ടാനിയാ ബസ്സിൽ അയച്ചു.

1108 മേടം 11- ഞായർ. അഞ്ചൽ പള്ളിയിൽ രണ്ടാം കുർബാനയർപ്പിച്ചു. കൂട്ടറഴികത്തു പള്ളിയിൽ പോയി. അവിടത്തെ വഴക്കുകൾ സമാധാനപ്പെടുത്തുകയുണ്ടായി. ഉച്ച കഴിഞ്ഞ് കമ്പംകോട്ടുകാർ വന്നിരുന്നു. പള്ളിക്കാര്യത്തെപ്പറ്റി പ്രസ്താവിച്ചു.

1108 മേടം 12- രാവിലെ വി. കുർബാന കഴിഞ്ഞു തിരുവനന്തപുരത്തു പോയി തിരുമേനിയെ കണ്ടു. മേൽക്കൂട് ഉണ്ടാക്കണമെന്നും, തൽക്കാലം കൽത്തൂണ് കെട്ടിയാൽ മതിയെന്നും, ഇതെല്ലാം ഉപദേശി സാറിനെ കൊണ്ട് ചെയ്യിക്കണമെന്നും, ഇതു കഴിഞ്ഞ് മറ്റെന്തെങ്കിലും ചെയ്താൽ മതിയെന്നും കല്പിച്ചു.

1108 മേടം 17- വി. കുർബാനാനന്തരം ആലംചേരിയിൽ. പോയി കല്ലു ചെത്താരംഭിച്ചു.

1108 മേടം 22- റ്റി. ഡി. സാറിനെ വേല ഏല്പിച്ചു.

1108 മേടം 23- ഉച്ച കഴിഞ്ഞ് അഞ്ചൽ ആലംചേരിയിൽ പോയി. ഫൗണ്ടേഷൻ, ബേസ്മെന്റ് ഇവ തീർന്നു.

www.malankaralibrary.com

1108 ഇടവം 6- ബഥനി പള്ളിവകക്ക് കട്ടിള, ജന്നൽ വന്നു ചേർന്നു.

1108 മിഥുനം 6- ബ. പട്ടാഴി അച്ചനോടൊന്നിച്ച് ആലംചേരിയിൽ പോയി. റ്റി. ഡി. ഉപദേശിയെക്കണ്ട് ചില കാര്യങ്ങൾ ആലോചിച്ചു.

1108 കർക്കടകം 6 ഞായർ- അഞ്ചൽ വി. കുർബാന കഴിഞ്ഞു മത്തായി വാദ്ധ്യാരോടൊന്നിച്ചു (പി. ജി. എം. ദാസ്) കൂട്ടറഴികത്തു പോയി. മാനേജർ ചാക്കോച്ചനെക്കണ്ട് പലകാര്യങ്ങളെപ്പറ്റി സംസാരിച്ചു.

1109 മീനം 8. ആലംചേരിയിൽ പോയി പെസഹാ ദിവസം വി. കുർബാന കൊടുക്കാമെന്ന് പറഞ്ഞു.

1110 ചിങ്ങം 31- 10 മണിയോടു കൂടി ആലംചേരി പള്ളിയിൽ പോയി ബ. പട്ടാഴിലച്ചൻ വി. കുർബാനയർപ്പിച്ചു. കുർബാനമദ്ധ്യേ അദ്ദേഹം പ്രസംഗിച്ചു. ഗംഭീരമായ ഒരു പ്രസംഗമായിരുന്നു. വി. കുർബാന കഴിഞ്ഞ് കൂട്ടറഴികത്തു മാത്തുവിന്റെയും, കുഞ്ഞമ്മയുടെയും മകൾ മറിയയെ മാമ്മോദീസാ മുക്കുകയുണ്ടായി. അവസാനത്തിൽ മി. പി. ജി. എം. ദാസിന്റെ ഒരു പ്രസംഗവുമുണ്ടായിരുന്നു.

1110 തുലാം 30- 10 മണിക്ക് ബർസ്ലീബാ അച്ചൻ വന്നു. ഉച്ച ഊണ് കഴിഞ്ഞ് ബഥനി പള്ളിയിൽ പോയി.

1110 വൃശ്ചികം 9- വൈകുന്നേരം ബഥനി ചാപ്പലിൽ പോയി. ബ. ബർസ്ലീബാ അച്ചനെ കണ്ടു.

1110 ധനു 1- ബഥനി പള്ളിയിൽ പുത്തൂർ കടകംപള്ളിൽ അച്ചൻ വന്നിരുന്നു.

1110 മകരം 7- വൈകുന്നേരം 6 മണിക്ക് ആലഞ്ചേരി പള്ളിയിൽ പോയി. ബ. ബർസ്ലീബാ അച്ചനെ കണ്ടു.

1110 മകരം 10- ബഥനിപ്പള്ളിയിൽ പോയി.

1111 വൃശ്ചികം 24- 10 മണിക്ക് വല്യവീട്ടിലച്ചൻ വന്നിരുന്നു. 11 മണിക്ക് ബഥനിപള്ളിയിൽ പോയി. റവ. ഫാ. ബർസ്ലീബായെ കണ്ടു. കൂട്ടറഴികം കേസിനെപ്പറ്റി പറഞ്ഞു.

1111 മീനം 6- വൈകിട്ട് ആലഞ്ചേരി കൺവെൻഷൻ പന്തലിൽ കയറി, ഫാദർ ബർസ്ലീബായെ കണ്ടു.

1118 ചിങ്ങം 26- അഞ്ചൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. റവ.

www.malankaralibrary.com

ഫാ. അലക്സാണ്ടർ (വല്യവീട്ടിൽ) പള്ളിയിൽ സംബന്ധിച്ചു. കാപ്പി കഴിഞ്ഞ് ആലംചേരിയിൽ പോയി. പള്ളി നടപ്പാക്കുന്നു എന്ന് പറഞ്ഞു.

ഏതാണ്ട് രണ്ടു വർഷത്തോളം പ്രസ്തുക ഇടവകയുടെ ചുമതല ബ. മത്തായി അച്ചൻ തന്നെ വഹിച്ചു. അതിനു ശേഷം ചാർജ് റവ. ഫാ. ബർസ്ലീബായെ ഏൽപ്പിച്ചു. പിന്നീട് ബ. വലിയവീട്ടിൽ അലക്സാണ്ടർ അച്ചൻ (പിൽക്കാലത്ത് കോർ എപ്പിസ്ക്കോപ്പാ) വികാരിയായി വന്നു. അതോടു കൂടി അഞ്ചൽ ഇടവക ഇപ്പോഴത്തെ സ്ഥാനത്തേക്കു മാറി.

## ഒരു പോലീസ് കേസ്

"1109 ചിങ്ങം 1- രാവിലെ പള്ളിയിൽ പോയി വി. കുർബാനയർപ്പിച്ച ശേഷം കൂട്ടറഴികത്തു ചെന്നപ്പോൾ തലേദിവസം രാത്രി 10 മണിക്ക് മേൽ, സ്ഥലം ഇൻചാർജ്ജും വേറൊരു കോൺസ്റ്റബിളും മറ്റേതാനം പേരും കൂടി കൂട്ടറഴികത്തു ചെന്നു അവിടത്തെ മാത്തുവിനെയും മറ്റും അടിക്കുകയും, സ്ത്രീകളെ ചീത്ത പറയുകയും, മൂന്ന് പേരെ പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയി രാത്രി താമസിപ്പിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത വിവരം ഞാൻ പുനലൂർ പോയി മജിസ്ട്രേട്ട് അദ്ദേഹത്തിനെയും പോലീസ് ഇൻസ്പെക്ടറെയും അറിയിച്ചതിന്റെ ഫലമായി ഇൻസ്പെക്ടർ സ്ഥലത്തു വന്നു സ്റ്റേറ്റുമെൻറ് തയ്യാറാക്കിക്കൊണ്ടു പോയി.

11109 ചിങ്ങം 2- പോലീസ് ഇൻചാർജ്ജ് മുതൽ പേർ സമാധാനം പറയാൻ വന്നിരുന്നു.

1109 ചിങ്ങം 3- കേസിനെപ്പറ്റി പറയുന്നതിനു പലർ വന്നിരുന്നു. വാവാ കുഞ്ഞ് മുതൽ പേരോട് കൂടി കൂട്ടറഴികത്തു പോയി. ടിയാൻ മാപ്പ് ചോദിച്ചു."

## സെന്റ് ത്രേസ്യാസ് സ്ക്കൂൾ

ആനപ്പുഴയ്ക്കൽ അച്ചൻ സ്ഥാപിച്ച സ്ക്കൂളിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്റെ ചരിത്രം മുഴുവൻ ഡയറിയിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

"1104 കുംഭം 14- ഇന്നേ ദിവസം പള്ളിക്കൂടത്തിനു കല്ലിട്ടു. ഞാനും ഗോവിന്ദൻ ചാന്നാരുമുണ്ടായിരുന്നു. 10 ചക്രം ദക്ഷിണ കൊടുത്തു.

www.malankaralibrary.com

1931 മെയ് 28- 2-ാം ക്ലാസ് ഏർപ്പെടുത്തി. ഹെഡ്മാസ്റ്ററായി ഒരു തമ്പിയെ സ്ഥിരപ്പെടുത്തി.

1931 ജൂലൈ 5- അടുത്ത ഞായറാഴ്ച മുതൽ രാത്രി പള്ളിക്കൂടം നടത്താൻ തീർച്ച ചെയ്തു.

1110 മേടം 9- കൊല്ലത്ത് പോയി അഡ്മിനിസ്ട്രേറ്റർ അവർകളെ കണ്ടു. സ്ക്കൂൾ ഗ്രാന്റ് കിട്ടുമെങ്കിൽ മേൽക്കൂര ഉണ്ടാക്കിത്തരാമെന്ന് സമ്മതിച്ചു.

1110 മിഥുനം 1- കൊല്ലത്തു നിന്നും അഞ്ചൽ സ്ക്കൂൾ നടത്താൻ ഓർഡർ കിട്ടി.

1110 മിഥുനം 4- കൊല്ലത്തു നിന്ന് ഓർഡർ വന്നതനുസരിച്ച് സ്ക്കൂൾ പൂട്ടി സാമാനങ്ങളെല്ലാം സ്ക്കൂളിനകത്തു സൂക്ഷിച്ചിട്ടുണ്ട്."

ഇതിനിടയ്ക്ക് സ്ക്കൂൾ മാനേജ്മെന്റ് മാറ്റത്തെപ്പറ്റി ആയൂർ വികാരിയായിരുന്ന റവ. ഫാ. സ്റ്റീഫനെ പല പ്രാവശ്യം സമീപിക്കുകയുണ്ടായി.

"1111 ധനു 6- രാവിലെ പുനലൂർ പോയി. സ്ക്കൂളിന് അപേക്ഷ കൊടുത്തു. ലൈസൻസ് വാങ്ങിച്ചു.

1112 ധനു 26- സ്ക്കൂൾ നടത്താൻ ഓർഡർ കിട്ടി.

1112- മേടം 5- സംസ്കൃത പാഠശാല ആരംഭിച്ചു. 2 കുട്ടികളെ ചേർത്തു.

1112 ഇടവം 16- മുമ്പ് വന്ന അപേക്ഷാ നിരസനത്തെ തുടർന്ന് സ്കൂൾ ഇൻസ്പെക്ഷൻ ചെയ്തെങ്കിലും ഞങ്ങളുടെ സ്ക്കൂളിന് അംഗീകാരം തരണമെന്ന് ഡയറക്ടർ ആഫീസിലേക്ക് എഴുതി അയച്ചു.

1112 കർക്കടകം 18/1937 ആഗസ്റ്റ് 2- ആയൂർ വഴി കൊല്ലത്ത് പോയി. ബ. സിക്രട്ടറി അച്ചനെ കണ്ടു സ്ക്കൂൾ കാര്യം പറഞ്ഞു.

1114 ധനു 5- അടൂർ റീത്ത് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. രാവിലെ റവ. ഫാ. തോമസുമായി അടൂർ (സ്ക്കൂൾ) ഇൻസ്പെക്ടർ മി. ഈശ്വരയ്യരെപ്പോയിക്കണ്ടു സ്ക്കൂളിനെപ്പറ്റി പറഞ്ഞു.

1114 ധനു 28- അടൂർ പോയി ഇൻസ്പെക്ടർ അവർകളെ കണ്ടു സ്ക്കൂളിനു അപേക്ഷ കൊടുത്തു."

www.malankaralibrary.com

സ്ക്കൂളിന്റെ പില്ക്കാല ചരിത്രം ഡയറിയിൽ കാണുന്നില്ലെങ്കിലും 1952 വരെ അൺ എയ്ഡഡ് സ്ക്കൂൾ ആയി നടത്തിയ ശേഷം ഈ ലേഖകൻ വൈദികനായതിനെത്തുടർന്ന് തിരുവനന്തപുരത്ത് പഠിക്കാൻ പോയ വേളയിൽ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ബ. മത്തായി അച്ചൻ മരിക്കുന്നതിനു മുമ്പ് തന്നെ ഗ്രാന്റിനുള്ള അനുവാദം നേടിയെടുക്കുകയുണ്ടായി. അച്ചന്റെ മരണശേഷം സ്ക്കൂൾ കെട്ടിടം വലുതാക്കുകയും മറ്റു പല സൗകര്യങ്ങളും ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അച്ചന്റെ ഒരു ഛായാചിത്രം സ്ക്കൂളിൽ വെച്ചിട്ടുള്ളത് കൂടാതെ തൊട്ടുമുമ്പിൽ സ്മാരകമായി ഒരു കുരിശടിയും സ്ഥാപിച്ചിട്ടുണ്ട്.

## പിൻഗാമിയെ വാർത്തെടുക്കുന്നു.

തന്റെ മൂത്ത മകനെ പിൻഗാമിയായി നിയോഗിക്കുന്നതിൽ അച്ചനുണ്ടായിരുന്ന താല്പര്യം ഡയറിയുടെ പേജുകളിൽ സ്പഷ്ടമാണ്. ഈ ലേഖകന്റെ കൊച്ചു സെമിനാരി പ്രവേശം മുതലുള്ള പൂർണ്ണവിവരം വായിക്കുക.

"1939 മേയ് 5- കുളത്തൂർപ്പുഴ കുർബാന കഴിഞ്ഞു ജോർജിനോടൊന്നിച്ചു (കൊല്ലം) ഓലിക്കര അരമനയിൽ പോയി താമസിച്ചു. രാത്രി ബിഷപ്പ് തിരുമേനിയുമായി പല കാര്യങ്ങൾ സംസാരിച്ചു.

മേയ് 6-10 മണിക്കു സെലക്ഷൻ നടന്നു. ആകെ 8 പേർ ഉണ്ടായിരുന്നു. (ഇപ്പോഴത്തെ കൊല്ലം രൂപതാദ്ധ്യക്ഷൻ ജോസഫ് ഫെർണാണ്ടസ് തിരുമേനിയും ഇക്കൂട്ടത്തിൽ പെടുന്നു.) ബ. റിബെയിരാ അച്ചനെ പരിചയപ്പെട്ടു.

1939 മേയ് 15- പുനലൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. ജോർജിനെ ബ. (ഫ്രാൻസിസ്) അച്ചനെ ഏല്പിച്ചു കൊല്ലത്തു അയച്ചു.

മേയ് 17- ജോർജിനു കൊല്ലം സിമിനാരിയിലേക്കു സാമാനങ്ങൾ ശരിപ്പെടുത്തി.

മേയ് 20- അഞ്ചൽ പള്ളിയിൽ വി. കുർബാന കഴിഞ്ഞു ജോർജുകുട്ടിയെ കൊല്ലത്തു സിമിനാരിയിൽ അയക്കുന്നതിനു പള്ളിയിൽ കൂടിയർവക്കായി കാപ്പി സൽക്കാരം നടത്തി. ഞാനും ഒന്നിച്ച് കൊല്ലത്ത് പോയി. ബേബി (ലേഖകന്റെ അനുജൻ) കൂടെ ഉണ്ടായിരുന്നു. ജോർജുകുട്ടിയെ ചേർത്തു. എല്ലാവർക്കും വളരെ സന്തോഷമായിരുന്നു. ബേബിക്കു

www.malankaralibrary.com

അനേകം പടങ്ങൾ സമ്മാനമായി ലഭിച്ചു.

ജൂൺ 1- കൊല്ലത്തു (അരമനയിൽ) പോയി 15 രൂപാ വാങ്ങി 14 രൂപാ റഫേൽ സിമിനാരിയിൽ കൊടുത്തു. (തുടർന്നുള്ള എല്ലാ മാസവും കൊല്ലത്തു പോകുന്ന സന്ദർഭത്തിൽ സെമിനാരിയിലെത്തി മകനെ കാണുന്നതായും ഫീസുകൊടുക്കുന്നതായും എഴുതിയിട്ടുണ്ട്.)

സ്ക്കൂൾ ഫൈനൽ പരീക്ഷാ ഫലം അറിഞ്ഞയുടനെ ബ്രദർ ജോർജിനെ ഉപരിപഠനത്തിനു ബാംഗ്ലൂർ സെന്റ് ജോസഫ്സ് കോളജിലേക്ക് അയക്കാൻ തെരഞ്ഞെടുത്തു. ഇതിന്റെ നന്ദി സൂചകമായി 1116 ഇടവം 12-നു "ജോർജുകുട്ടിക്കുവേണ്ടി വി. കുർബാന അർപ്പിച്ച"തായി ഡയറിയിൽ എഴുതിയിട്ടുണ്ട്.

"1941 ജൂൺ 6/1116 ഇടവം 24- ബ്രദർ ജോർജ് ബാംഗ്ലൂർ പോകുന്നതിലേക്കു കൊല്ലത്തു പോയി". (തുടർന്ന് ബാംഗ്ലൂരിലേക്കു എഴുത്തും മണിയോർഡറും അയച്ചിട്ടുള്ള കാര്യങ്ങൾ കൂടെക്കൂടെ രേഖപ്പെടുത്തിയിട്ടുണ്ട്.) ഇന്റർമീഡിയറ്റു പരീക്ഷ കഴിഞ്ഞു 1943 മേയ് 16-നു "ജോർജുകുട്ടി വന്ന"തായി പറയുന്നു.

"1943 മേയ് 30- അഞ്ചൽ പള്ളിയിൽ മാർപ്പാപ്പായുടെ ജൂബിലി മീറ്റിംഗ് നടത്തി. ജോർജുകുട്ടിയുടെ (വലിയ) സെമിനാരി പ്രവേശത്തെപ്പറ്റിയും മറ്റും പ്രത്യേക പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

1943 ജൂൺ 1- കൊല്ലത്തു പോയി കൊച്ചു സെമിനാരിയിൽ കൊടുക്കാനുണ്ടായിരുന്ന ഫീസ് മുഴുവൻ അടച്ചു തീർത്തു.

1943 ജൂൺ 12- ബ്രദർ ജോർജ് വലിയ സിമിനാരിയിൽ പോയി. മത്തായി ഉപദേശിയെയും കൂട്ടി അയച്ചു. (ഇതിന്റെ തലേ ദിവസം ജൂൺ 11-ന് ഒരേക്കർ സ്ഥലം കൊല്ലം ബിഷപ്പിനു 300 രൂപായ്ക്കു എഴുതികൊടുത്തതായും ഡയറിയിൽ കാണുന്നു. വലിയ ഒരു കുടുംബത്തിന്റെ ഭാരം പേറിയിരുന്നതിനിടയ്ക്കു മകന്റെ സെമിനാരി വിദ്യാഭ്യാസത്തിനായി അച്ചൻ സഹിച്ച ത്യാഗങ്ങൾ ഇതിൽ നിന്നെല്ലാം വ്യക്തമാണ്.)

തുടർന്നുള്ള ഡയറികൾ നഷ്ടപ്പെട്ടു പോയെങ്കിലും, കൊല്ലത്തും ആലുവായിലും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം 1949 മാർച്ച് 19-നു കൊല്ലം തങ്കശ്ശേരി ഇൻഫന്റ് ജീസസ് പ്രോക്കത്തീഡ്രലിൽ വച്ച് ലേഖകൻ (ബിഷപ്പ് ജോസഫ് ഫെർണാണ്ടസിനോടൊന്നിച്ച്) പൗരോഹിത്യം സ്വീകരിച്ചപ്പോൾ അപ്പച്ചൻ വികാരാവേശത്തോടെ

www.malankaralibrary.com

ആ തിരുക്കർമ്മത്തിൽ പങ്കുകൊണ്ട കാര്യം ഓർമ്മിക്കുന്നു.

പിറ്റേ ദിവസം പുത്തൻ കുർബാനയ്ക്കായി അഞ്ചലിൽ കൊണ്ടു വന്നു ഇടവകക്കാരുടെ വകയായി ആഡംബര പൂർവ്വമായ വരവേൽപ്പു നൽകുകയും ചെയ്തു. തുടർന്നൊരു ഞായറാഴ്ച കൊല്ലത്തു നിന്ന് യാത്ര ചെയ്തു അഞ്ചൽ പള്ളിയിൽ കുർബാന ചൊല്ലാനെത്തിയപ്പോൾ എന്തോ കാരണത്താൽ ഞാൻ താമസിച്ചു പോയതു നിമിത്തം ഇടവക ജനങ്ങൾക്കു ബുദ്ധിമുട്ടിനിടയായി. ആ സന്ദർഭത്തിൽ നവ വൈദിക നായ ഈ ലേഖകന് അപ്പച്ചന്റെ കടുത്ത ശകാര വർഷമേൽക്കേണ്ടി വന്ന കാര്യവും മറച്ചു വയ്ക്കുന്നില്ല. ഏതായാലും എന്റെ പൗരോഹിത്യ ജീവിതത്തിൽ അതൊരു സാധനപാഠമായി ഭവിച്ചു. അന്നു മുതൽ ഏറ്റെടുക്കുന്ന പരിപാടികളിൽ സമയനിഷ്ഠപാലിക്കുന്നതിനു ഞാൻ അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്. മാതാപിതാക്കന്മാരുടെ സന്ദർഭോചിതമായ തിരുത്തലുകൾ മക്കൾക്കു എത്ര പ്രായമായാലും അവരുടെ നന്മയ്ക്കു മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന പാഠം ഇന്നത്തെ തലമുറയുടെ പ്രത്യേക ശ്രദ്ധയ്ക്കായി അവതരിപ്പിച്ചു കൊണ്ട് ഈ ഗ്രന്ഥോപഹാരം സമാപിപ്പിക്കുന്നു.

❑❑

www.malankaralibrary.com

## നരനാടകകാവ്യം

ഈ ലോകമെല്ലാം ഒരു നാടകം താൻ
അഹോ നരന്മാരതിലെ നടന്മാർ
ഓരോരുനാളും നടനം നടക്കുമോ-
രേഴമങ്കമുണ്ടീനരനാടകത്തിൽ.

1. ചോരക്കുടം പോലൊരു കൊച്ചുകുഞ്ഞ്
പഴന്തുണിക്കീറ്റു പുതച്ചുകൊണ്ട്
അമേദ്ധ്യമൂത്രങ്ങളണിഞ്ഞു പാള-
യ്ക്കകത്തു രംഗത്തുവരുന്നിതാദ്യം.

2. രണ്ടാമതായ്പാവ, കിലുക്കുപെട്ടി
പന്തും പടം പമ്പരവും കറക്കി
കുതിച്ചുചാടിക്കളിയാടിയോടി
വരുന്നു രംഗത്തൊരുകൊച്ചുപയ്യൻ.

3. തലയും മിനുക്കി മുഖവും മിനുക്കി
ബന്യൻബനാറീസ് എഴുന്നൂറ്റിമൂന്നു
ധരിച്ചു സിഗ്റ്റു പിടിച്ചുകൊണ്ടു
പുറപ്പെടും സുന്ദര വിഡ്ഢിയായി.

4. പാവാട ജായ്ക്കറ്റഥ പട്ടുസാരി
കാപ്പും ധരിച്ചുള്ളൊരു ഭാര്യമുന്നിൽ
പെൺകോന്തനേകൻ പുറകേയീവണ്ണം
കാണാം തദുൽസഭംഗവിശേഷവേഷം

www.malankaralibrary.com

5. കെട്ടിക്കണം പെണ്ണിനെയിങ്ങനായാൽ
കേട്ടോ, പിടിച്ചാട്ടൊരുചിട്ടി കേട്ടോ,
പോടീനിനക്കെന്തറിയാം വരട്ടെ-
ങ്ങേവം വഴക്കാണതു പഞ്ചാവാങ്കം.

6. കൈകാൽ കഴയ്ക്കുന്നു പുറംപിളക്കു-
ന്നടുത്തുതൻ മക്കൾ തിരുമ്മിടുന്നു
കാർപ്പാതിയെന്നല്ല കഴപ്പിനുള്ള
തൈലങ്ങൾ തേടീട്ടു നടന്നിടുന്നു.

7. വൈദ്യൻ കടന്നു, വലിവേറിടുന്നു
കസ്തൂരിതേടുന്നു, നിലത്തിറക്കി
അയ്യോവിളിക്കുന്നിതു വീടടങ്കം
ഇത്ഥം സമാപ്തം നരനാടകകാവ്യം

❑❑

(പരേതന്റെ ഡയറിയിൽ 6-3-115-ൽ പകർത്തിയെഴുതിയിട്ടുള്ള ഈ സുപ്രസിദ്ധ കാവ്യ ശകലം ഷേക്സ്പിയറിന്റെ `As You Like It' (Act II, Sc.7, 140-166) അനശ്വരങ്ങളായ വരികളെ അനുകരിച്ചു രചിച്ചിട്ടുള്ളതാണ്)

www.malankaralibrary.com

# അനുബന്ധം

ഫാദർ സി. കെ. മത്തായിയുടെ മക്കളും ജാമാതാക്കളും.

---

1. **അന്നമ്മ.** 76 വയസ്സ്. ചങ്ങനാശ്ശേരി പെരുന്ന പുത്തൻ പുരയിൽ പി. സി. ചാക്കോ വിവാഹം ചെയ്തു. പി. സി. ചാക്കോ നെടുംകുന്നം സെൻറ് ജോൺ ബാപ്റ്റിസ്റ്റ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. അദ്ദേഹം നിര്യാതനായി.
2. **അച്ചാമ്മ** (കുഞ്ഞമ്മ). തലവടി താനുവേലിൽ ടി. ഓ. മാത്യു വിവാഹം ചെയ്തു. രണ്ടുപേരും നിര്യാതരായി.
3. **ഫാദർ സി. എം. ജോർജ്.** 71 വയസ്സ്. മലങ്കര കത്തോലിക്കാസഭയിലെ വൈദികനാണ്. കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജ്, തൃത്തൂർ സെന്റ് ജൂഡ്സ് കോളജ്, കന്യാകുമാരി ജില്ലയിലുള്ള അന്നൈ വേളാങ്കണ്ണി കോളജ് എന്നീ സ്ഥാപനങ്ങളിൽ പ്രിൻസിപ്പലായും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ പ്രഫസറായും ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും പ്രവർത്തിച്ചിരുന്നു.
4. **അക്കാമ്മ** (കുട്ടിയമ്മ). 69 വയസ്സ്. ചങ്ങനാശ്ശേരി കുരിശുംമൂട്ടിൽ പി. എം. മാത്യൂസ് വിവാഹം ചെയ്തു. പി. എം. മാത്യൂസ് ദക്ഷിണ റെയിൽവേയിൽ റ്റി. റ്റി. ഐ. ആയി വിരമിച്ചു.
5. **മാത്യു** (മാത്തുക്കുട്ടി). ബാല്യത്തിൽ തന്നെ മരിച്ചു.
6. **മത്തായി** (ബേബി). 64 വയസ്സ്. കൊട്ടാരക്കര കരിക്കത്തിൽ തെക്കേടത്തു വീട്ടിൽ തോമസ് കൊച്ചുമ്മന്റെ മകൾ സാറാമ്മ(മേഴ്സി)യെ വിവാഹം ചെയ്തു. സി. എം. മത്തായി കെ. എസ്. ആർ. റ്റി. സി. യിൽ സി. റ്റി. ഓ. ആയി വിരമിച്ചു.
7. **സ്കറിയ** (കൊച്ചുകുഞ്ഞ്). 63 വയസ്സ് പുത്തൂർ തെക്കുംപുറത്തു തച്ചിരഴികത്തു മാത്യുവിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. സ്കറിയാ ആയൂർ സെന്റ് ജോർജ് യു. പി. എസിലെ ഹെഡ്മാസ്റ്ററായി വിരമിച്ചു.
8. **ജേക്കബ്** (ചാക്കോച്ചൻ). 61 വയസ്സ്. മേക്കൊഴൂർ പാലപ്പൊയ്കയിൽ ജോർജിന്റെ മകൾ സാറാമ്മ (കുഞ്ഞുമോൾ)യെ വിവാഹം ചെയ്തു. ജേക്കബ് 'റീഡേഴ്സ് ഡൈജസ്റ്റി'ൽ (മുംബായ്) അക്കൌണ്ട്സ് വിഭാഗത്തിൽ നിന്നും വിരമിച്ചു.
9. **ജോൺ സി. മത്തായി** (കുഞ്ഞുകുഞ്ഞ്). 59 വയസ്സ്. കുളനട പമ്പൂരേത്തു ദാനിയേലിന്റെ മകൾ ആനിയെ വിവാഹം ചെയ്തു. ജോൺ സി. മത്തായി ഇൻഡ്യൻ ആർമിയിൽ ക്യാപ്റ്റനായിരുന്നതിനുശേഷം എഫ്. ഏ. സി. റ്റി. യിൽ നിന്നും അസി. ഫൈനാൻസ് മാനേജരായി വിരമിച്ചു.
10. **ലൂക്കോസ്** (ഉണ്ണിക്കുഞ്ഞ്). 56 വയസ്സ്. മുട്ടുചിറ ചാലുംകര ജോസഫിന്റെ മകൾ ഫിലോമിനയെ വിവാഹം ചെയ്തു. ലൂക്കോസ് ഉദയപ്പൂരിൽ (രാജസ്ഥാൻ) ശ്രുതി സിന്തെറ്റിക്സിൽ ജോലിചെയ്യുന്നു.
11. **ഫ്രാൻസിസ്** (പൊടിയപ്പൻ). 54 വയസ്സ്. തുമ്പമൺ നരിയാപുരത്തു അയ്യനേത്തു കൊച്ചുമ്മന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഫ്രാൻസിസ് കുളത്തൂപ്പുഴ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററാണ്.
12. **ത്രേസ്യാമ്മ** (വത്സമ്മ). കാഞ്ഞിരപ്പള്ളി ചിറക്കടവിൽ ഏർത്തയിൽ ഏ. സി. ലൂക്കോസ് വിവാഹം ചെയ്തു. ത്രേസ്യാമ്മ 1970-ൽ മരിച്ചു.
13. **ഏബ്രഹാം** (കുഞ്ഞച്ചൻ). ശൈശവത്തിൽ തന്നെ മരിച്ചു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

..........അഞ്ചൽ കേന്ദ്രമാക്കി പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അഞ്ചൽ വല്യച്ചൻ അഥവാ ഫാദർ സി. കെ. മത്തായി ഈ നൂറ്റാണ്ടിലെ പ്രമുഖരായ കേരളക്രൈസ്തവ മിഷനറിമാരുടെ മുൻനിരയിലാണ്. ഈ കഥയുടെ, അപൂർണ്ണമെങ്കിലും, തിളക്കമാർന്ന ചിത്രമാണ് മത്തായിയച്ചന്റെ മകൻ ഫാദർ സി. എം. ജോർജ്ജ് ഈ ഗ്രന്ഥരചനയിലൂടെ വരച്ചിരിക്കുന്നത്.............

ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ സാമൂഹ്യ പശ്ചാത്തലം, അന്നത്തെ ഓർത്തഡോക്സ് സഭയുടെ ചരിത്രം, പുനരൈക്യപ്രസ്ഥാനത്തിനു മുമ്പും പിമ്പുമുള്ള സംഭവങ്ങൾ, തിരുവനന്തപുരം അതിരൂപതയിലെ ആദ്യകാല മിഷൻ പ്രവർത്തനങ്ങൾ, സുറിയാനി കത്തോലിക്കരുടെ കുടിയേറ്റത്തെത്തുടർന്നുള്ള സീറോ മലബാർ സഭയുടെ വളർച്ച - ഇവയെല്ലാം മനസ്സിലാക്കാൻ ഈ ഗ്രന്ഥം വളരെ പ്രയോജനപ്പെടും. 20 പള്ളികളുടെ പ്രാരംഭചരിത്രം, ദളിതരുടെ സാമൂഹ്യ ദുരവസ്ഥയും മതപരിവർത്തനവുമെല്ലാം ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സഭ നേരിട്ടിരുന്ന പ്രശ്നങ്ങൾ തുടങ്ങിയവ ഈ ഗ്രന്ഥം വായിച്ചു മനസ്സിലാക്കുക.........

**മൊൺസിഞ്ഞോർ കായാവിൽ**

(അവതാരികയിൽ നിന്ന്)



ഗ്രന്ഥകർത്താവ്-

ഫാദർ സി. എം. ജോർജ്ജ് അഞ്ചൽ സ്വദേശി, ഫാ. സി. കെ. മത്തായിയുടെ പുത്രൻ. മലങ്കര കത്തോലിക്കാസഭയുടെ തിരുവനന്തപുരം അതിരൂപതയിലെ പുരോഹിതൻ. തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്നു B. A. (Hons) ബിരുദം ഒന്നാം റാങ്കോടെ കരസ്ഥമാക്കി Labouchadiere MemorialPrize-നു അർഹനായി. അയർലണ്ടിലെ നാഷണൽ യുണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തി M A ബിരുദം നേടി. അമേരിക്കയിലെ പ്രിൻസ്റ്റണിൽ നിന്ന് Th.M. ബിരുദവും സമ്പാദിച്ചു. കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജ്, തൂത്തൂർ സെന്റ് ജൂഡ്സ് കോളജ്. കന്യാകുമാരി ജില്ലയിലെ അന്നൈ വേളാങ്കണ്ണി കോളജ് എന്നീ സ്ഥാപനങ്ങളിൽ പ്രിൻസിപ്പലായും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിലും ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ കോളജിലും പ്രൊഫസറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 'The Milton-Hall Controversy on Episcopacy' (Milind Publications, New Delhi) എന്ന ഗ്രന്ഥത്തിന്റെ കർത്താവുമാണ്.

www.malankaralibrary.com